بســم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

# സത്യമിത്രം

ദ്വൈമാസിക

ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം

**2007 മാർച്ച്–ഏപ്രിൽ** 1182 മീനം – മേടം 1428 സഫർ – റബ്ബിഉൽആഖിർ 1385 അമാൻ – ശഹാദത്ത്

പുസ്തകം 6
ലക്കം 5
വില 10 രൂപ

*എഡിറ്റർ ഇൻ ചാർജ്:*
**എം. നാസിർ അഹ്മദ്**

*മാനേജർ:*
**എം. മുഹമ്മദ് സലിം**

**SATHYAMITHRAM**
ANSARULLAH PUBLICATION

Printed and Published by Majlis Ansarullah State Committee,Kerala at BRB Offset Printers & Publishers Thavakkara, Kannur-17. Ph: 0497-2761010, 2761020

**Postal Address :**
Editor/Manager
Sathyamithram Monthly
Ahmadiyya Muslim
Complex, Fort Road
Kannur-1

## വി ഷ യ വി വ രം

**ആമുഖം**
ഹദ്റത്ത് മിയാൻ സാഹിബ് ........ 4

**യുഗനാദം**
അവരെ പുറത്താക്കുക ........ 5

**വിശുദ്ധ ഖുർആൻ**
സൂറത്തുൽ ബഖറഃ അർത്ഥം, വ്യാഖ്യാനം ........ 6

**സത്യത്തിന്റെ വഴി** ........ 8
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**പ്രഭാഷണം**
സാഹിബ് സാദാ മിർസാ വസീം അഹ്മദ് ........ 12
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

**ലേഖനം**
ദുൽക്കിഫ്ൽ അഥവാ യഹെസ്കേൽ പ്രവാചകൻ ........ 16
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ)

ധാർമ്മികതയാണ് ജീവിതം ........ 22
ഹദ്റത്ത് മിർസാ വസീം അഹ്മദ്

ആദം നബിയോ ആദ്യമനുഷ്യൻ? ........ 24
ബി. അബ്ദുല്ലാഹ് എച്ച്.എ.

നിസാമെ വസ്വിയ്യത്തും നമ്മുടെ ഉത്തരവാദിത്തങ്ങളും ........ 26
മൗലാനാ ജലാലുദ്ദീൻ നയ്യർ

മലയാളപത്രമാസികത്തറവാട്ടിലെ ഒരു മുത്തശ്ശിയുടെ കഥ ........ 29
എ.ക്യു. മഹ്ദി

ഫസ്ഖ്, നിയമവും ചരിത്രവും ........ 32
അഡ്വ. നിസാർ അഹ്മദ്

ഇസ്റായീൽ; പ്രവചനങ്ങളുടെ പുലർച്ച ........ 35
എ. അംറീൻ

മിയാൻസാഹിബ് (കവിത) ........ 37
എസ്. വി. മുഹമ്മദ് ഫസൽ

മുസ്ലിംലോകത്തിന്റെ രക്ഷ ഒരു പരേതാത്മാവിലോ? ........ 38
കെ.അബ്ദുൽ ഹക്കീം, ആലപ്പുഴ

തബ്ലീഗ് അനുഭവങ്ങൾ ........ 41
യാസർ അറഫാത്ത്. ആർ.എം.

അനുസ്മരണം, അറിയിപ്പുകൾ ........ 42

بسم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

ആമുഖം

# ഹദ്റത്ത് മിയാൻ സാഹിബ്



**അ**ഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അഖിലേന്ത്യാ അധ്യക്ഷൻ (നാസിർ അഅ്ലാ) സാഹിബ് സാദാ ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ് 2007 ഏപ്രിൽ 29-ന് വഫാത്തായി. (ഇന്നാലില്ലാഹി വഇന്നാഇലൈഹി റാജിഊൻ). വാഗ്ദത്ത മസീഹ്(അ)ന്റെ പൗത്രനും മുസ്ലിഹ് മൗഊദ്(റ)വിന്റെ പുത്രനുമായ അദ്ദേഹം തന്റെ കനിവിന്റെയും ആർദ്രതയുടെയും മികവു കൊണ്ട് അഹ്മദികളുടെ മനസ്സ് മാത്രമല്ല, പഞ്ചാബിലെ മുഴുവൻ ജനങ്ങളുടെയും സ്നേഹവും ആദരവും ആർജ്ജിച്ചു.

വിഭജനകാലത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ ആസ്ഥാനം പാക്കിസ്ഥാനിലെ റബ്വയിലേക്കു മാറ്റപ്പെട്ടപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഖാദിയാനിൽനിന്നും റബ്വയിലേക്ക് ഹിജ്റ പോയി. അന്ന് ഒരു യുവാവായിരുന്ന തന്റെ മകനെ-ഹദ്റത്ത് മിയാൻ സാഹിബിനെ- ഖലീഫ(റ) ഖാദിയാൻ സംരക്ഷിക്കാനായി ഇന്ത്യയിൽതന്നെ നിർത്തുകയായിരുന്നു. അത്യന്തം കലുഷിതവും രക്തരൂക്ഷിതവുമായ സംഭവങ്ങൾ നടന്ന ആ കാലഘട്ടത്തിൽ അതിർത്തിപ്രദേശമായ ഖാദിയാന്റെ സംരക്ഷണം മിയാൻ സാഹിബ് സ്വന്തം ഉത്തരവാദിത്വമായി കരുതി. വാഗ്ദത്ത മസീഹ്(അ)ന്റെ പ്രിയ പൗത്രൻ അത് ഏറ്റെടുത്തപ്പോൾ മറ്റു ദർവേശുമാരുടെ വീര്യം സ്വാഭാവികമായും പതിന്മടങ്ങ് വർദ്ധിച്ചു.

വളരെ നല്ലനിലയിൽ ആലോചിച്ചും ചിന്തിച്ചും മാത്രം സംസാരിച്ചിരുന്ന അദ്ദേഹം പൊങ്ങച്ചത്തിന്റേയും അഹന്തയുടേയും മാലിന്യങ്ങളിൽ ഒരിക്കൽപോലും വീണില്ല. വളരെ വിനയാന്വിതനായും പുഞ്ചിരിച്ചും ജനങ്ങളെ സമീപിച്ച അദ്ദേഹം തന്നെ സന്ദർശിച്ചവരുടെ മുഖം ഒരിക്കലും വിസ്മരിക്കാതെ മനസ്സിൽ സൂക്ഷിച്ചു. ഇന്ത്യയിലെ വിവിധ ജമാഅത്തുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഊർജ്ജസ്വലമാക്കുന്നതിനും അദ്ദേഹം ഇന്ത്യ മുഴുവൻ സഞ്ചരിച്ചിരുന്നു. അവസാന നാളുകളിൽ ക്ഷീണിതനായിട്ടു പോലും അദ്ദേഹം ജമാഅത്തുകൾ സന്ദർശിക്കുന്നതിൽ വിമുഖത കാണിച്ചില്ല.

കേരളത്തിൽ പല പ്രാവശ്യം അദ്ദേഹം വന്നിട്ടുണ്ട്. ജന്മനാട്ടിൽനിന്നും വളരെവിദൂരതയിലുള്ള മലയാളികളുടെ മനസ്സിൽ മിയാൻ സാഹിബിന് ഒരു പ്രത്യേക സ്ഥാനം തന്നെയുണ്ടായിരുന്നു. കേരളവുമായി ഒരു ആത്മബന്ധം സ്ഥാപിച്ച അദ്ദേഹം നമ്മുടെ ക്ഷണം സ്വീകരിക്കാൻ എന്നും തയ്യാറായിരുന്നു. കഴിഞ്ഞ ഏപ്രിൽ മാസം അദ്ദേഹം കേരളത്തിലെത്തുമെന്നറിഞ്ഞ മലയാളികൾ കാത്തിരുന്നു, അദ്ദേഹത്തെ കാണാൻ. പക്ഷേ, പത്നിയുടെ അസുഖം അതിനനുവദിച്ചില്ല. നാനാജാതി മതസ്ഥരുള്ള പ്രവിശാലമായ ഇന്ത്യയിലെ ജമാഅത്തുകളെ വിജയകരമായി നയിച്ച അദ്ദേഹം ഇന്നു നമ്മോടൊപ്പമില്ല. അദ്ദേഹം കാണിച്ച ത്യാഗത്തിന്റെ പാത നമ്മുടെ മുന്നിലുണ്ട്. അതിലൂടെ മുന്നേറാൻ നമുക്ക് സാധിക്കണം. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നല്കി അനുഗ്രഹിക്കട്ടെ എന്നു നമുക്ക് പ്രാർത്ഥിച്ചുകൊണ്ടിരിക്കാം.



# അവരെ പുറത്താക്കുക

**വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

“**നി**ങ്ങളുടെ സദസ്സുകളിൽ അവിശുദ്ധമായ സംസാരങ്ങളോ, പരിഹാസങ്ങളും പരനിന്ദകളും അടങ്ങിയ പ്രസ്താവനകളോ ഉണ്ടാകരുത്. സാത്വികഹൃദയത്തോടും പവിത്രപ്രകൃതിയോടും വിശുദ്ധ ചിന്തകളോടും കൂടിയായിരിക്കണം നിങ്ങൾ ഭൂമിയിൽ ചരിക്കേണ്ടത്. എല്ലാ തിന്മകളും എതിർക്കാൻ പറ്റുന്നതല്ലെന്നു ഓർക്കേണ്ടതുണ്ട്. നിങ്ങൾ അധികസമയവും പൊറുമ കാണിക്കുകയും നിർല്ലോപരായിരിക്കുകയും ക്ഷമാലുത്വവും ശാന്തതയും കൈക്കൊൾകയും വേണ്ടതാണ്. വികാരങ്ങളെ അടക്കിയൊതുക്കണം. വിവാദം ചെയ്വാനോ മതപരമായ സംവാദം നടത്താനോ വരുന്നവരോടു സൗമ്യമായ ഭാഷയിലും സംസ്കാരസമ്പന്നമായ രീതിയിലും സംസാരിക്കുവിൻ. അറിവുകെട്ടവർ വന്നടുക്കുമ്പോൾ അത്തരം സദസ്സിൽനിന്നു സലാം പറഞ്ഞുകൊണ്ടു ഉടൻ എഴുന്നേറ്റുകൊള്ളണം. ഭോഷന്മാരെ ഭോഷത്തം കൊണ്ടെതിരിടൊല്ലാ. നിങ്ങളും അവരെപ്പോലെയാകാതിരിക്കാൻ സൂക്ഷിക്കുക. ദൈവം നിങ്ങളെ മുഴുലോകത്തിനും സദ്വൃത്തിയിലും സാത്വികതയിലും മാതൃകയായിരിക്കുന്ന ഒരു ഉത്തമസമൂഹമാക്കിത്തീർക്കാനാണ് ഇച്ഛിക്കുന്നത്. ആകയാൽ തിന്മയിലും ദ്രോഹകൃത്യങ്ങളിലും ‘ഫിത്നകൾ പടച്ചുണ്ടാക്കുന്നതിലും ദുർവൃത്തികളിലും മുൻകടന്നിട്ടുള്ളവരെ നിങ്ങളുടെ ഇടയിൽനിന്നു നിങ്ങൾ ഉടനെ പുറത്താക്കിക്കൊൾവിൻ.” (*തബ്ലീഗെ റിസാല*)

“നിങ്ങളുടെ ഹൃദയം വഞ്ചനയിൽനിന്നു വിശുദ്ധവും നിങ്ങളുടെ കൈകൾ അക്രമങ്ങളിൽനിന്നു വിമുക്തവും നിങ്ങളുടെ കണ്ണുകൾ അശുദ്ധികളിൽനിന്നു അതീതവും ആയിരിക്കട്ടെ! നിങ്ങളുടെ ഹൃദയങ്ങളിൽ സദ്വിചാരവും സമസൃഷ്ടികളോടുള്ള സഹാനുഭൂതിയും അല്ലാതെ മറ്റൊന്നുമില്ലാതിരിക്കട്ടെ! ഖാദിയാനിൽ എന്നോടൊപ്പം പാർക്കുന്ന എന്റെ സ്നേഹിതന്മാർ തങ്ങളുടെ മാനുഷികമായ സകല ശക്തികളിലും ഉദാര മാതൃക കാണിക്കുമെന്നു ഞാനാശിക്കുന്നു. ഏതൊരാളുടെ ജീവിതനില സംശയഗ്രസ്തമാണോ, ഏതൊരാളെക്കുറിച്ചു ചതിപ്രയോഗം നടത്തുന്നുവെന്നു ആക്ഷേപിക്കപ്പെടാമോ അഥവാ, ഏതൊരാൾ കുഴപ്പങ്ങളുണ്ടാക്കുന്ന പ്രകൃതക്കാരനോ മറ്റെന്തെങ്കിലും തരത്തിലുള്ള അശുദ്ധതകളുള്ളവനോ ആയിരിക്കുന്നുവോ അങ്ങനെയുള്ളവൻ ഈ ജമാഅത്തുമായി ബന്ധപ്പെട്ടുനിൽക്കുന്നതു ഞാനിഷ്ടപ്പെടുന്നില്ല.... അത്തരക്കാർ ഉടൻതന്നെ ജമാഅത്തിൽനിന്നു അകറ്റപ്പെടുന്നതാണ്. അയാൾക്ക് പിന്നെ നമ്മോടൊപ്പമോ നമ്മുടെ സ്നേഹിതന്മാരുടെ കൂടെയോ വസിക്കാനാവില്ല” (*വിജ്ഞാപനം, 29.5.1898*).

# സൂറ: ബഖറ

*(മദീനയിൽ അവതരിച്ച അദ്ധ്യായം)*

## അർത്ഥം, വ്യാഖ്യാനം

بَلٰى مَنْ اَسْلَمَ وَجْهَهٗ لِلّٰهِ وَهُوَ مُحْسِنٌ فَلَهٗۤ اَجْرُهٗ
عِنْدَ رَبِّهٖ ۖ وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ ﴿١١٣﴾

**113. "(പറയുക മറ്റുള്ളവർ) എന്തുകൊണ്ട് (പ്രവേശിക്കുക) ഇല്ല. തന്നെ അല്ലാഹുവിനെ ഏല്പിക്കുകയും സൽകർമ്മം ചെയ്യുകയും ചെയ്യുന്നവന് അവന്റെ രക്ഷിതാവിന്റെ പക്കൽ പ്രതിഫലം (നിശ്ചയിച്ചിട്ടു) ഉണ്ട്. അവർക്ക് (അതായത് അത്തരക്കാർക്ക് വരുംകാലത്തെക്കുറിച്ച്) ഒരുതരത്തിലുള്ള ഭയവും ഉണ്ടാവുകയില്ല. അവർ (കഴിഞ്ഞ വല്ല നഷ്ടത്തേയും ഓർത്ത്) വിഷമിക്കുകയുമില്ല.**

*പദാർത്ഥം*

بَلٰى എന്തുകൊണ്ടില്ല مَنْ ആർ اَسْلَمَ തന്നത്താൻ ഏല്പിച്ചുവോ وَجْهَهٗ തന്റെ മുഖത്തെ لِلّٰهِ അല്ലാഹുവിനെ وَهُوَ അവന്നായിക്കൊണ്ട് مُحْسِنٌ നന്മ പ്രവർത്തിക്കുന്നവൻ فَلَهٗ അപ്പോൾ അവനുണ്ട് اَجْرُهٗ അവന്റെ പ്രതിഫലം عِنْدَ رَبِّهٖ അവന്റെ റബ്ബിന്റെ പക്കൽ وَلَا خَوْفٌ ഒരു ഭയവുമില്ല عَلَيْهِمْ അവർക്ക് وَلَا هُمْ അവരല്ലതാനും يَحْزَنُوْنَ അവർ വ്യസനിക്കുക.

*വ്യാഖ്യാനം*

ഈ വചനം '*വ ഖാലൂ ലൻയ്യദുഖുലൽ ജന്നത്ത ഇല്ലാ മൻകാനാ ഹൂദൻ ഔ നസ്വാറാ*' (യഹൂദികളും ക്രിസ്ത്യാനികളുമല്ലാതെ മറ്റാരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല എന്നവർ പറഞ്ഞു.) എന്നതിനുള്ള മറുപടിയായി ഇറക്കപ്പെട്ടതാണ്. ഇസ്ലാം എന്നതിന്റെ അർത്ഥം അല്ലാഹുവുമായിട്ട് തങ്ങളുടെ ബന്ധം ശരിയാക്കിവയ്ക്കുകയും അവന്റെ സൃഷ്ടികളെ സ്നേഹിക്കുകയും ചെയ്യുക എന്നാണ്. ഒരുഭാഗത്ത് പൂർണ്ണമായും അല്ലാഹുവിന്റെ തിരുസന്നിധിയിൽ സ്വയം തന്നെ ഇടുകയും ചോദിക്കേണ്ടതൊക്കെ അവനോട് ചോദിക്കുകയും മറുഭാഗത്ത് മറ്റുള്ളവരിൽനിന്ന് വാങ്ങാൻ തയ്യാറല്ലാത്തവിധം തന്റെ മടിത്തട്ട് വിശാലമായിരിക്കുകയും എന്നല്ല എല്ലാവർക്കും കൊടുക്കാൻ തല്പരനായിരിക്കുകയും ചെയ്യുന്നവനാണ് മോക്ഷത്തിന്നർഹനായിട്ടുള്ളവൻ. ഈ വിഷയത്തെ പ്രതിപാദിച്ചുകൊണ്ട് ഞാൻ എഴുതിയ പദ്യം ഇപ്രകാരമാണ്.

"നീ ലോകത്തിന് മുഴുവനും കൊടുക്കുക, പക്ഷേ, നിന്റെ കയ്യിൽ ഭിക്ഷയുണ്ടാകാൻ പാടില്ല."

നന്മ ചെയ്യുന്നവന്റെ നിറവാണത്. അതായത്, അവൻ തനിക്കു വേണ്ടത് അല്ലാഹുവിനോട് ചോദിച്ചു വാങ്ങുന്നു. പിന്നീട് മുഴുലോകത്തിനും വിതരണം ചെയ്യുന്നു. യഥാർത്ഥത്തിൽ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങലും അല്ലാഹുവിലേക്കുള്ള ആഭിമുഖ്യവും ജനങ്ങളോടുള്ള അനുകമ്പയും തന്നെയാണ് ഇസ്ലാമികാധ്യാപനങ്ങളുടെ ചുരുക്കം. ഈ രണ്ട് കാര്യങ്ങളാണ് ഇസ്ലാമിന്റെ ചുരുക്കമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്നുവെന്നും അതിനുള്ള തെളിവെന്താണെന്നും ചിലയാളുകൾ ചോദിക്കാറുണ്ട്. ഇസ്ലാമിന്റെ ചുരുക്കമെന്ന് പറഞ്ഞ ആ രണ്ട് കാര്യം ഈ വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ***മൻ അസ്ലമ*** (ആര് അല്ലാഹുവിനെ ഏല്പിക്കുന്നുവോ) എന്നതിൽ അല്ലാഹുവിലേക്കുള്ള പശ്ചാത്തപിച്ചു മടങ്ങലും ***വഹുവ മുഅ്സിനുൻ*** (സൽകർമ്മം ചെയ്യുന്നവൻ) എന്നതിൽ ജനങ്ങളോടുള്ള അനുകമ്പയുമാണ് അടങ്ങിയിട്ടുള്ളത്. 'ബലാ' എന്ന് പ്രഖ്യാപിച്ചുകൊണ്ട് പറഞ്ഞു, മോക്ഷം ആ ആളുകളുമായി മാത്രം ബന്ധപ്പെട്ടിരിക്കുന്നു. അല്ലാതെ നിങ്ങളെല്ലാവരുമായിട്ടല്ല. അത്തരമാളുകൾക്ക് അവരുടെ രക്ഷിതാവിന്റെ പക്കൽ പ്രതിഫലം സുരക്ഷിതമായിരിക്കും.

യഹൂദികളും ക്രിസ്ത്യാനികളും പറഞ്ഞത് മോക്ഷം തങ്ങളുമായിട്ട് മാത്രം പ്രത്യേകപ്പെടുത്തിയിരിക്കുന്നുവെന്നാണ്. മോക്ഷത്തിന്റെ കാര്യമെന്ന് പറയുന്നത് സ്വയം തങ്ങളെ അല്ലാഹുവിനെ ഏല്പിച്ചുകൊടുക്കലാണെന്ന് അല്ലാഹു പറയുന്നു. അല്ലാതെ ഏതെങ്കിലും പ്രത്യേക മതം സ്വീകരിച്ചു എന്ന് പ്രഖ്യാപിക്കുന്നതിലല്ല. വെറും പേര് ഒരിക്കലും മോക്ഷം വാങ്ങിത്തരികയില്ല. നേരെമറിച്ച് അല്ലാഹുവിൽനിന്ന് എന്തെങ്കിലും പുതിയ കല്പന വരുമ്പോൾ അതിനെ സ്വീകരിക്കൽ തന്നെയാണ് യഥാർത്ഥ ഇസ്‌ലാം. അതിനെ നിഷേധിക്കുക എന്നത് മോക്ഷത്തിന് എതിരാണ്. ഇതിനു പുറമെ പിന്നീടുള്ളത് മോക്ഷം പ്രാപിച്ചവരാണോ അല്ലേ എന്നതാണ്. ഇതുസംബന്ധമായി ഓർമ്മവയ്ക്കേണ്ടത്, ഇസ്‌ലാം നിയമപരമായ നിലയിൽ ***അസ്‌ലമ വജ്ഹഹൂ ലില്ലാഹി വഹുവമുഹ്സിനുൻ*** എന്നതിന്റെ കീഴിൽ വരുന്നവരെ മോക്ഷത്തിന്നർഹരായി പറയുന്നുവെന്നതാണ്. ബാക്കി കാര്യം, അല്ലാഹു അധികാരിയാണ്. അവൻ ഇച്ഛിക്കുന്നവർക്ക് പൊറുത്തുകൊടുക്കും. ഏതെങ്കിലും ഹൈന്ദവനോ സിക്കുകാരനോ ക്രൈസ്തവനോ യഹൂദനോ പൊറുത്തുകൊടുക്കാൻ അവൻ ആഗ്രഹിച്ചാൽ ആർക്കാണ് അവനെ തടയാൻ കഴിയുക?

***ബലാ മൻ അസ്‌ലമ വജ്ഹഹൂ ലില്ലാഹി*** (ആർ തന്നെ അല്ലാഹുവിനെ ഏല്പിച്ചുകൊടുക്കുന്നുവോ?) എന്നതിൽ വേറൊരു കാര്യവും സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. ഓരോ സത്യവിശ്വാസിയും തങ്ങളെ സർവ്വാത്മനാ അല്ലാഹുവിനുവേണ്ടി അർപ്പിക്കേണ്ടത് അവരുടെ നിർബന്ധകടമയാണെന്നുള്ളതാണത്. തങ്ങളുടെ ഭൗതികമായ ആവശ്യങ്ങളും ദീനീപരമായ ആവശ്യങ്ങൾക്ക് വിധേയമാക്കണം. പ്രത്യക്ഷത്തിൽ ഇതൊരു നിസ്സാരകാര്യമായി തോന്നാം. പക്ഷേ, യഥാർത്ഥത്തിൽ ഇസ്‌ലാമും മറ്റു മതങ്ങളും തമ്മിലുള്ള വ്യത്യാസം ഇതുതന്നെയാണ്. നിങ്ങൾ വിദ്യ അഭ്യസിക്കേണ്ട എന്ന് ഇസ്‌ലാം പറയുന്നില്ല. കച്ചവടം ചെയ്യരുതെന്ന് പറയുന്നില്ല. വ്യവസായങ്ങൾ നടത്തരുതെന്ന് പറയുന്നില്ല. നിങ്ങളുടെ ഭരണകൂടത്തെ ശക്തിപ്പെടുത്താൻ പരിശ്രമിക്കരുതെന്നും പറയുന്നില്ല. അത് മാറ്റുന്നത് മനുഷ്യന്റെ വീക്ഷണഗതിയെ മാത്രമാണ്. ലോകത്തുള്ള എല്ലാ പ്രവർത്തികൾക്കും രണ്ട് വീക്ഷണഗതിയാണുള്ളത്. ഒന്ന് പുറന്തൊലികൊണ്ട് കാമ്പ് കരസ്ഥമാക്കുക എന്ന വീക്ഷണം. മറ്റേത് കാമ്പുകൊണ്ട് പുറന്തൊലി കരസ്ഥമാക്കുക എന്ന വീക്ഷണം. ആരാണോ പുറന്തൊലികൊണ്ട് കാമ്പ് കരസ്ഥമാക്കാമെന്ന് കരുതുന്നത് അവൻ തന്റെ ഉദ്ദേശ്യത്തിൽ വിജയിക്കണമെന്നില്ല. മിക്കപ്പോഴും അവൻ പരാജയപ്പെടുകയാണുണ്ടാവുക. എന്നാൽ, ആരാണോ കാമ്പ് കരസ്ഥമാക്കുന്നത് അതിനോടൊപ്പം അവന് പുറന്തൊലിയും ലഭിക്കുന്നു. നബി(സ) തിരുമേനിയുടേയും അവിടത്തെ അനുയായികളുടേയും എല്ലാ അധ്വാനവും ദീനിനുവേണ്ടിയായിരുന്നു. എന്നാൽ, അവർ ഭൗതികമായ അനുഗ്രഹങ്ങളിൽനിന്ന് തടയപ്പെട്ടുവെന്നതല്ല. ആർക്കാണോ ദീൻ ലഭിക്കുന്നത് ലോകം അവന്റെ പിന്നാലെ അടിമസ്ത്രീയെപോലെ ഓടിച്ചെല്ലുന്നതാണ്. പക്ഷേ, ദുൻയാവിനോടൊപ്പം ദീൻ കിട്ടിക്കൊള്ളണമെന്നില്ല. ചില സന്ദർഭങ്ങളിൽ അത് കിട്ടുകയുമില്ല. ചില ഘട്ടങ്ങളിൽ അഥവാ എന്തെങ്കിലും ദീൻ ഉണ്ടെങ്കിൽതന്നെ അതും കൈകളിൽനിന്ന് നഷ്ടപ്പെട്ടുപോകും.

***ലാ ഖൗഫുൻ അലയ്ഹിം വലാഹും യഹ്സനൂൻ*** വരാൻപോകുന്ന കാര്യത്തിലാണ് ഭയമുണ്ടാകുന്നത്; കഴിഞ്ഞകാലത്തെ സംബന്ധിച്ച് ദുഃഖവും. മുസ്‌ലിംകളുടെ ഭാവി സുരക്ഷിതമാണെന്ന് അല്ലാഹു പറയുന്നു. അവർക്ക് നഷ്ടമുണ്ടാക്കാൻ ഒരു ജനതയ്ക്കും കഴിയില്ല. അവരുടെ ഭൂതകാലത്തിനും അവരെ ബുദ്ധിമുട്ടിക്കാൻ സാധിക്കുകയില്ല. കഴിഞ്ഞകാലം അല്ലാഹു മാപ്പാക്കുന്നില്ലെങ്കിൽ തങ്ങൾ 30, 40, 50, 60 അല്ലെങ്കിൽ നൂറുവർഷം നഷ്ടപ്പെടുത്തിയെന്നും അനുസരണക്കേട് കാണിച്ചുകൊണ്ടിരുന്നുവെന്നുമുള്ള ചിന്ത ഉണ്ടാകുമായിരുന്നു. എന്നാൽ, ഇവിടെ അവർ ***അസ്‌ലമ വജ്ഹഹൂ*** എന്നതനുസരിച്ച് പ്രവർത്തിക്കുന്നു. ഇസ്‌ലാമിൽ പ്രവേശിക്കുന്നതോടെ അവന്റെ എല്ലാ പാപവും പൊറുക്കപ്പെടുന്നു. സത്യവിശ്വാസിയുടെ ഭൂതകാലം ഒരിക്കലുംതന്നെ അവനെ ബുദ്ധിമുട്ടിക്കില്ലെന്ന് സാരം. കാരണം വിശ്വാസിയായിക്കഴിഞ്ഞാൽ അവൻ മാതാവിന്റെ വയറ്റിൽനിന്ന് പിറന്നുവീണ കുഞ്ഞിനെപോലെയാണ്. പിന്നീട് അവൻ പാപം ചെയ്താൽ അത് അവന്റെ കർമ്മപുസ്തകത്തിൽ എഴുതപ്പെടുമെന്നതിൽ സംശയം വേണ്ട. എന്നാൽ, പശ്ചാത്തപിച്ചു മടങ്ങുന്നതോടെ ചെയ്തുപോയ എല്ലാ പാപങ്ങളും ഇല്ലാതാകുന്നു. ഈ ആയത്തിൽ പറയുന്നത് ആരാണോ അല്ലാഹുവുമായി തന്റെ ബന്ധം ബലപ്പെടുത്തുന്നത് ആരുടെ ഔദാര്യമാണോ അല്ലാഹുവിന്റെ സൃഷ്ടികളോടു വിശാലമായിരിക്കുന്നത് അവന് ഒരു ഭയവും വിഷമവും ഉണ്ടായിരിക്കുകയില്ല. കാരണം അത്തരം വ്യക്തി അല്ലാഹുവിന്റെ അഭയത്തിലായിരിക്കും. ഭയമുണ്ടാകുന്നത്, ഒന്നുകിൽ പരലോകത്തിൽ ദൃഢമായ വിശ്വാസം ഇല്ലാത്തതുകൊണ്ടോ മരിച്ചാൽ മണ്ണായിപ്പോകുമെന്ന് മനസ്സിലാ

**ശേഷം 21–ാം പേജിൽ**

*ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)*

# സത്യത്തിന്റെ വഴി

**അ**ല്ലാഹുവിനുവേണ്ടി മാത്രം ചില കാര്യങ്ങൾ കുറഞ്ഞ നിലയിൽ ഉപദേശിക്കുകയാണ്. വിസ്തരിച്ചു പറയേണ്ട കാര്യമില്ല. കാരണം അല്ലാഹു നന്മയും ശുദ്ധപ്രകൃതിയും നല്ല കഴിവും നല്കി അനുഗ്രഹിച്ചിട്ടുള്ളവർ സൂചന കൊണ്ടുമാത്രം, പറയുന്ന കാര്യങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യവും പൊരുളും മനസ്സിലാക്കുകയും അത് ഉൾക്കൊള്ളുകയും ചെയ്യും. എന്നാൽ, പ്രസ്തുത ഗുണങ്ങൾ ലഭിച്ചിട്ടില്ലാത്തവരും അല്ലാഹുവിന്റെ സത്തയിലും ശക്തിയിലും അടിയുറച്ചു വിശ്വാസമില്ലാത്തവരും സ്വന്തം ഇച്ഛകളെ പിൻപറ്റുന്നു. അവർ അധമമായ അവസ്ഥയിൽ കഴിയുന്നവരാണ്. എല്ലാ നബിമാരും ഒന്നുചേർന്ന് ഒരേയൊരു മിമ്പറിൽ കയറി അവരെ ഉപദേശിച്ചാലും അവർക്കത് ഒരു പ്രയോജനവും ചെയ്യുകയില്ല.

**സത്സ്വഭാവികളാകുക**

ഓരോ നബിയുടേയും ദൈവനിയോഗിതന്റേയും കാലത്ത് രണ്ട് കക്ഷികൾ ജന്മംകൊള്ളാറുണ്ട്. ഒരു കക്ഷി ഭാഗ്യവാന്മാരാണ്, മറ്റേ കക്ഷി ഭാഗ്യഹീനരാണ്. ഉപദേശനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇരുകൂട്ടരും ഒരുപോലെ നബിമാരുടെ മുമ്പിലുണ്ടായിരുന്നു. നബിമാർ ഒരിക്കലും പക്ഷഭേദം കാണിച്ചില്ല. ഭാഗ്യവാന്മാരോടെന്നപോലെ നിർഭാഗ്യവാന്മാരോടും ഉപദേശിക്കുക എന്ന തങ്ങളുടെ കടമ അവർ പൂർണ്ണമായ നിലയിൽ നിറവേറ്റി. എന്നാൽ, ഭാഗ്യവാന്മാരായ ജനതയ്ക്ക് കേൾക്കാനുള്ള ചെവിയുണ്ടായിരുന്നു. അതുകൊണ്ട് അവർ കേട്ടു. കണ്ണുകളുണ്ടായിരുന്നു. അതുകൊണ്ട് അവർ കണ്ടു. ഹൃദയമുണ്ടായിരുന്നു. അതുകൊണ്ട് അവർ കാര്യങ്ങൾ മനസ്സിലാക്കി. എന്നാൽ, നിർഭാഗ്യവാന്മാരായ ജനതയ്ക്ക് കേൾക്കാനുള്ള ചെവിയോ കാണാനുള്ള കണ്ണോ അറിയാനുള്ള ഹൃദയമോ ഉണ്ടായിരുന്നില്ല.

**മക്കയിൽ അബൂബക്കറിനെപ്പോലുള്ള സത്യസന്ധരും അബൂജഹ്‌ലിനെ പോലുള്ള ശപ്തരും ജനിച്ചത് എന്തുകൊണ്ട്?**

മക്കയുടെ മണ്ണ് ഒരേയൊരു മണ്ണാണ്. ആ മണ്ണിലാണ് ഹദ്റത്ത് അബൂബക്കറും(റ) അബൂജഹ്‌ലും ജനിച്ചത്. മക്കയ്ക്ക് ഒരു മാറ്റവുമില്ല. അത് ഒന്നുതന്നെ. അവിടെ ഇപ്പോൾ കോടിക്കണക്കിന് നാനാതരം ജനങ്ങൾ ലോകത്തിന്റെ സർവ്വഭാഗങ്ങളിൽനിന്നും വന്നുചേരുന്നു. ആ ഒരേയൊരു മണ്ണിൽതന്നെയാണ് മുകളിൽ പറഞ്ഞ രണ്ടുതരം മനുഷ്യരും ജനിച്ചത്. ഇവരിൽ ആദ്യം പറഞ്ഞ വ്യക്തി തന്റെ സൗഭാഗ്യവും സാത്വികതയുംകൊണ്ട് സന്മാർഗം പ്രാപിച്ച് സിദ്ദീഖുമാരുടെ പരിപൂർണത കൈവരിച്ചു. രണ്ടാമത് പറഞ്ഞ വ്യക്തിയാകട്ടെ വിദ്വേഷത്തിലും, വിവരക്കേടിലും, വിതണ്ഡവാദത്തിലും അവിശുദ്ധ പോരാട്ടത്തിലും കുപ്രസിദ്ധി നേടി.

പൂർണ്ണത രണ്ടുതരത്തിലുണ്ട്. ഒന്ന് റഹ്മാനിയായത്- ദിവ്യമായത്. രണ്ട് ശയ്ത്വാനിയായത്- പൈശാചികമായത്. പൂർണമായും റഹ്മാനിയായ മനുഷ്യൻ ദൈവീകസന്നിധിയിൽ പ്രത്യേകമായ ഒരു പ്രസിദ്ധിയും മാന്യതയും കരസ്ഥമാക്കുന്നു. പൂർണമായും ശയ്ത്വാനിയായ മനുഷ്യൻ പിശാചുക്കളുടെ സന്താനങ്ങളിൽ പ്രസിദ്ധി നേടുന്നു.

ചുരുക്കിപ്പറഞ്ഞാൽ, മുകളിൽ പറഞ്ഞ ആ ഒരേ മണ്ണിൽ ഈ രണ്ടുപേരും ജാതരായി. അല്ലാഹുവിന്റെ പ്രവാചകൻ(സ.അ) ആരോടും ഒരു വിവേചനവും കാണിച്ചില്ല. അല്ലാഹു എത്തിക്കാൻ കല്പിച്ച കാര്യങ്ങൾ എല്ലാവർക്കും ഒരുപോലെ എത്തിച്ചുകൊടുത്തു. എന്നാൽ, ഭാഗ്യദോഷികൾ എല്ലാം നിഷേധിക്കുന്നവരായിത്തീർന്നു. ഭാഗ്യശാലികൾ സന്മാർഗം പ്രാപിച്ച് പൂർണരായി. അബൂജഹ്‌ലും അയാളുടെ കൂട്ടുകാരും നൂറുകണക്കിന് ദൃഷ്ടാന്തങ്ങൾ കണ്ടു. ദൈവികപ്രകാശവും അനുഗ്രഹവും ദർശിക്കുകയും ചെയ്തു. പക്ഷേ, അതുകൊണ്ട് ഒരു ഫലവും അവർക്കുണ്ടായില്ല. ഭയപ്പെടേണ്ടത് ഇത്തരം ഘട്ടങ്ങളിലാണ്. അബൂജഹ്‌ലിനെ നിഷേധിയാക്കിത്തീർത്ത ആ സംഗതി എന്തായിരുന്നു? അയാൾ മഹാനായ ഒരു നബിയുടെ കാലത്ത് ജീവിച്ചു. നബിമാർപോലും അക്കാലത്ത് ജീവിക്കാൻ അതിയായി ആഗ്രഹിച്ചവരായിരുന്നു. ഹദ്റത്ത് ആദം(അ) മുതൽ തുടർന്നുവന്ന ഓരോ നബിമാരുടേയും ആഗ്രഹം അതായിരുന്നു. എന്നാൽ, അവർക്കാർക്കും അക്കാലത്ത് ജനിക്കാൻ കഴിഞ്ഞില്ല. സകല കാലത്തെക്കാളും അനുഗൃഹീതമായിരുന്ന ആ കാലം ഈ ഭാഗ്യഹീനന് ലഭിച്ചു. പക്ഷേ, അയാൾ അതിനെ പ്രയോജനപ്പെടുത്തിയില്ല. ഇതിൽനിന്ന് ഇത് ഭയപ്പെടേണ്ട ഒരവസ്ഥയാണെന്ന കാര്യം വളരെ വ്യക്തമാണ്. അല്ലാഹുവിനെ കാണുന്നതിനുള്ള കണ്ണും കേൾക്കുന്നതിനുള്ള ചെവിയും മനസ്സിലാക്കുന്നതിനുള്ള മനസ്സും ഉണ്ടാകാത്തിടത്തോളം ആർക്കും ഒരു നബിയിൽനിന്നും നിയോഗിതനിൽനിന്നും ഒരു ഫലവുമെടുക്കാൻ സാധിക്കുകയില്ല.

ഞാൻ വീണ്ടും പറയട്ടെ, പ്രകൃതിയിൽ രണ്ടുവിഭാഗം ജനങ്ങളുണ്ട്. ഒരു കൂട്ടരുടെ ആന്തരികശക്തി പരിശുദ്ധമായിരിക്കും. നിറഞ്ഞ അത്തർ കുപ്പിപോലെ, ഗുണവും സന്മാർഗവും പ്രാപിക്കുന്നതിനുള്ള സൗരഭ്യം

അവരിൽ നിറഞ്ഞിരിക്കും. ജ്വലിച്ചെരിയാൻ എണ്ണയും തിരിയുമെല്ലാം അവരിൽ ഗുപ്തമായിട്ടുണ്ടാകും. ഒരു ചെറുതീപ്പൊരി മാത്രമേ ആവശ്യമുള്ളൂ. ഒരു പൊരി വീണാൽ, അതുമതി അത് തെളിഞ്ഞു കത്താൻ.

അതായിരുന്നു ഹദ്റത്ത് അബൂബക്കർ(റ). അദ്ദേഹത്തിന്റെ പ്രകൃതിയിൽ ആദ്യമേതന്നെ സൗഭാഗ്യത്തിന്റെ എണ്ണയും തിരിയുമുണ്ടായിരുന്നു. അതുകൊണ്ട് ആദരണീയനായ പ്രവാചകൻ(സ)ന്റെ പരിശുദ്ധ അധ്യാപനം അതിനെ ഹഠാദാകർഷിക്കുകയും പ്രോജ്ജ്വലിപ്പിക്കുകയും ചെയ്തു. അദ്ദേഹം പ്രവാചകൻ(സ)നോട് ഒരു ചർച്ചയും നടത്തിയില്ല. ഒരു ദൃഷ്ടാന്തവും, മുഅ്ജിസത്തും ചോദിച്ചില്ല. 'അങ്ങ് നുബുവ്വത്ത് വാദിക്കുന്നുണ്ടോ?' എന്നു മാത്രം ചോദിച്ചു. ഉണ്ട് എന്ന് നബി(സ) പ്രതിവചിച്ചപ്പോൾ, 'അങ്ങ് സാക്ഷി, ഒന്നാമതായി ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു' എന്ന് പറഞ്ഞു.

ചോദ്യം ചോദിച്ച് നടക്കുന്നവർ അപൂർവ്വമായിട്ടേ വിശ്വസിക്കുകയുള്ളൂ എന്നത് പരീക്ഷണത്തിലൂടെ തെളിഞ്ഞിട്ടുള്ള കാര്യമാണ്. എന്നാൽ, സദുദ്ദേശ്യത്തോടും ക്ഷമയോടുംകൂടി പ്രവർത്തിക്കുന്നവർ സന്മാർഗത്തിൽ പൂർണമായും ഭാഗഭാക്കാകും. ഇതിന്റെ മാതൃക ഹദ്റത്ത് അബൂബക്കർ(റ) ലും അബൂജഹ്ലിലുമുണ്ട്. ഹദ്റത്ത് അബൂബക്കർ(റ) അശേഷം സംശയം പ്രകടിപ്പിച്ചില്ല. ദൃഷ്ടാന്തം ചോദിച്ചതുമില്ല. എന്നാൽ, ദൃഷ്ടാന്തം ചോദിച്ച് നടന്നവർക്ക് കൊടുക്കാതിരുന്നത് അല്ലാഹു അദ്ദേഹത്തിന് കൊടുത്തു. അദ്ദേഹം ദൃഷ്ടാന്തത്തിനുമേൽ ദൃഷ്ടാന്തം കണ്ടു. അദ്ദേഹംതന്നെയും ഒരു മഹത്തായ ദൃഷ്ടാന്തമായിത്തീർന്നു. എന്നാൽ, അബൂജഹ്ൽ ദൃഷ്ടാന്തം ചോദിക്കുകയും സംവാദമുന്നയിക്കുകയും ചെയ്തു. അക്രമപ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്തു. അയാൾ ദൃഷ്ടാന്തങ്ങൾക്കുമേൽ ദൃഷ്ടാന്തങ്ങൾ കണ്ടു. പക്ഷേ, അവയെ എങ്ങനെ കാണണമായിരുന്നുവോ അതുപോലെ കണ്ടില്ല. അവസാനം അയാൾ മറ്റുള്ളവർക്ക് ഒരു ദൃഷ്ടാന്തമായിത്തീരുമാറ് ശത്രുവായിത്തന്നെ നശിക്കുകയും ചെയ്തു. ഇതിൽനിന്ന്, വിശ്വാസത്തിന്റെ പ്രകാശമുള്ള പ്രകൃതക്കാർക്ക് അധികം പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ലെന്നത് വളരെ വ്യക്തമാണ്. അവർക്ക് ലക്ഷ്യം പ്രാപിക്കാൻ ഒരേയൊരു വാക്കുമതി. അവരുടെ ഹൃദയത്തിൽ ഒരു വിളക്കുണ്ട്. ശബ്ദം കേട്ടയുടൻ അത് തെളിയാൻ തുടങ്ങും. അവരിലെ ദൈവികശക്തി ആ ശബ്ദംകേട്ട് തുടിക്കുകയും വളർന്നു തുടങ്ങുകയും ചെയ്യുന്നു. ഇങ്ങനെയൊരു ശക്തിയില്ലാത്തവർ നിഷേധികളായി നാശമടയുന്നു. ലോകാരംഭം മുതൽ നടന്നുവരുന്ന രീതി ഇതുതന്നെയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഓരോരുത്തരും ഭയപ്പെടേണ്ടതുണ്ട്. ജനനന്മയ്ക്കായി ഏതെങ്കിലും കാലത്ത് ദൈവനിയോഗിതൻ ജന്മമെടുക്കുമ്പോൾ, ആ ദൈവനിയോഗിതനെ സ്വീകരിക്കാനും വിശ്വസിക്കാനും തയ്യാറാകുന്നവർ അനുഗൃഹീതരാണ്. എന്നാൽ, തന്റെ ഹൃദയം നിഷ്ഠൂരമായി കാണുന്നവരും വശ്വാസത്തിന്റെ മാർഗം നിഷേധിക്കുന്നവരും അത് അശുഭപര്യവസാനത്തിന്റെ അടയാളവും നിർഭാഗ്യതയുടെ കാരണവുമാണെന്ന് കരുതി ഭയപ്പെടേണ്ടതാണ്.

**രഹസ്യമായ കാര്യം**

സത്യവിശ്വാസം സ്വീകരിക്കാനാവശ്യമായ ദൃഷ്ടാന്തങ്ങളും തെളിവുകളും കണ്ടിട്ടും അവയെ വിശ്വസിക്കാത്തവരുടേയും സന്മനസ്സോടെയും ക്ഷമയോടെയും പ്രവർത്തിക്കാത്തവരുടേയും സത്യമാർഗ്ഗത്തെ നിഷേധിക്കാൻ അവസരം പാർത്തിരിക്കുന്നവരുടേയും സ്ഥിതി കഷ്ടം തന്നെയാണ്. എത്ര വലിയ ദൃഷ്ടാന്തം അവർക്കുണ്ടായാലും അവർക്കത് പ്രയോജനം ചെയ്യില്ല. അവർക്ക് ഒരേയൊരു ചിന്തയേ ഉണ്ടാകൂ. എങ്ങനെ ഇവയെയൊക്കെ എതിർക്കണം എന്നതായിരിക്കുമത്. അത്തരക്കാർ അത് ഭാഗ്യഹീനരുടെ സമ്പ്രദായമാണെന്ന് മനസ്സിലാക്കി ഭയപ്പെടേണ്ടതാണ്. നന്മയെ ഉപദേശിച്ചും തിന്മയെ നിഷേധിച്ചും ഈ സംഘം ഒരിക്കലും ഫലമെടുത്തിട്ടില്ല. അല്ലാഹുവിന്റെ സന്ദേശം അവർ കേട്ടപ്പോൾ, അല്ലാഹുവിൽനിന്നും നിയോഗിതനായ വ്യക്തിയുടെ ശബ്ദം അവരുടെ ചെവിയിൽ പതിഞ്ഞപ്പോൾ അതിനെതിരെ പോരാടാൻ അവർ എഴുന്നേറ്റുനിന്നു. തലതിരിഞ്ഞ ചിന്തയും അറുപിശുക്കും അനാവശ്യമായ ശത്രുതയും കാരണം ദൈവികമാർഗ്ഗത്തെ തടയാനുള്ള ഗൂഢാലോചനയിൽ അവർ മുഴുകി. അതിലവർ പുരോഗമിക്കുകയും ഒടുക്കം അത് വൻപോരാട്ടത്തിലേക്കും സംഘട്ടനങ്ങളിലേക്കും യുദ്ധങ്ങളിലേക്കുതന്നെയും വഴിപ്പെടുകയും ചെയ്തു. സ്വന്തം നാശത്തിന്റെ കുഴി സ്വയം തോണ്ടുകയായിരുന്നു അവർ.

നബി(സ) തിരുമേനിയുടെ കാലത്തുണ്ടായിരുന്ന അവസ്ഥയാണിത്. ഒരുകൂട്ടർ സത്യവിശ്വാസത്തിൽ അഭിവൃദ്ധിപ്പെട്ടു. ദൈവിക കല്പനയ്ക്കുവിധേയരായി ആടുമാടുകളെപോലെ അറുക്കപ്പെട്ടു. ഭാര്യയും കുട്ടികളും എന്താകുമെന്ന ചിന്തയൊന്നും അവർക്കുണ്ടായില്ല. സ്നേഹത്തിന്റെ ലഹരിപാനീയം അല്പം അവരെ കുടിപ്പിച്ചു. തൽഫലമായി അവർ ലൗകികമായി യാതൊന്നും പരിഗണിക്കാതെ സ്വന്തം ജീവൻ പോലും ബലികൊടുത്തു. എങ്ങനെ അവർ നബി(സ) തിരുമേനിയെ ആദരിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു എന്ന് കാണുമ്പോഴാണ് അവരുടെ ഈ അത്ഭുതസിദ്ധി മനസ്സിലാക്കാൻ കഴിയുക.

ബയ്അത്ത് ചെയ്ത് അതായത്, അനുസരണപ്രതിജ്ഞ ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുന്നതുകൊണ്ടുമാത്രം അല്ലാഹുവിന്റെ പ്രീതിയും സാമീപ്യവും കരസ്ഥമാക്കാൻ കഴിയുമെന്ന് ആരും കരുതരുത്. അതൊരു പുറന്തോട് ആകുന്നു. അതിനുള്ളിൽ കാമ്പ് വേണം. അത് പ്രകൃതി നിയമമാണ്. എല്ലാറ്റിനും പുറ

ന്തോടുണ്ടാകും. പ്രയോജനപ്പെടുന്നത് അതിനക ത്തുള്ള കാമ്പായിരിക്കും.

കാറ്റുനിറഞ്ഞ കോഴിമുട്ടപോലെ കാമ്പില്ലാത്ത തായ ചിലതും ഉണ്ടാകാറുണ്ട്. അതിൽ മഞ്ഞക്ക രുവോ വെള്ളക്കരുവോ കാണുകയില്ല. വലിച്ചെറിയു കയേ നിവൃത്തിയുള്ളൂ. ചിലപ്പോൾ ഏതാനും സമ യത്തേക്ക് അതുകൊണ്ട് കുട്ടികൾക്ക് കളിക്കാമായി രിക്കാം. അതിൽ കവിഞ്ഞ് അതിനെക്കൊണ്ട് ഒരു പ്രയോജനവുമുണ്ടാകുന്നില്ല. അതുപോലെ ബയ്അ ത്തിന്റേയും വിശ്വാസത്തിന്റേയും വാദം ഉന്നയിക്കുന്ന ആൾ അവ രണ്ടിന്റേയും കാമ്പ് ഉൾക്കൊള്ളുന്നില്ലെ ങ്കിൽ കാമ്പ് നഷ്ടപ്പെട്ട മുട്ടപോലെ വലിച്ചെറിയപ്പെ ടുന്ന നേരം വന്നെത്തുന്നതാണ്. അതുകൊണ്ട് അത്ത രക്കാർ ഭയക്കേണ്ടതാണ്.

**ബയ്അത്തിന്റെ കാമ്പ്**

ബയ്അത്തിന്റേയും ഈമാനിന്റേയും അവകാശ വാദം പുറപ്പെടുവിക്കുന്നവർ തങ്ങൾ പുറന്തോ ടാണോ കാമ്പാണോ എന്ന് ആത്മപരിശോധന നട ത്തിക്കൊണ്ടിരിക്കേണ്ടതാണ്. സത്യവിശ്വാസത്തി ന്റേയും സ്നേഹത്തിന്റേയും അനുസരണത്തിന്റേയും വിശ്വാസാദർശത്തിന്റേയും ശിഷ്യത്വത്തിന്റേയും ഇസ്‌ലാമിന്റേയും അനുസരണപ്രതിജ്ഞയുടേയും കാമ്പില്ലാത്ത വാദം നിരർത്ഥകമാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ കാമ്പിനാണ് വില; പുറന്തോടിന ല്ല. ഇക്കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. മരണം എപ്പോൾ വന്നെത്തുമെന്ന് ആർക്കും അറിയില്ല. പക്ഷേ, അത് സുനിശ്ചിതമാണ്. കേവലം വാദത്തിൽ ഒരിക്കലും തൃപ്തനായിരിക്കരുത്. സന്തോഷിക്കുക യുമരുത്. മനുഷ്യൻ തന്നിലേക്ക് നിരവധി മരണം വരി ക്കാത്തിടത്തോളം അത് ഫലം ചെയ്യുന്ന വസ്തുവ ല്ല. അനേകം മാറ്റങ്ങളിലൂടേയും വിപ്ലവങ്ങളിലൂടെയും പുറത്തുവരാത്തിടത്തോളം അവൻ മനുഷ്യത്വത്തിന്റെ യഥാർത്ഥ ഉദ്ദേശ്യത്തെ പ്രാപിക്കുകയുമില്ല.

**ഇൻസാൻ എന്നതിന്റെ അർത്ഥം**

'ഇൻസാൻ' എന്ന പദം വാസ്തവത്തിൽ 'ഉൻസാൻ' എന്ന പദത്തിൽനിന്ന് എടുക്കപ്പെട്ടതാണ്. അതായത് ഏതൊന്നിലാണോ രണ്ട് യഥാർത്ഥമായ സ്നേഹം കുടികൊള്ളുന്നത് അതാണ് ഉൻസാൻ. ഒന്ന് അല്ലാഹുവിനോടുള്ള സ്നേഹം. രണ്ടാമത്തേത് സമ സൃഷ്ടികളോടുള്ള സ്നേഹം. ഈ രണ്ട് സ്നേഹവും അവനിൽ ഉണ്ടാകുമ്പോഴാണ് അവൻ മനുഷ്യൻ എന്ന് പറയപ്പെടുന്നത്. ഇതുതന്നെയാണ് മനുഷ്യന്റെ കാമ്പ് എന്നു പറയപ്പെടുന്നതും. ഈ സ്ഥാനത്ത് മനുഷ്യൻ ഉലുൽ അൽബാബ്- ബുദ്ധിമാൻ എന്നും പറയപ്പെടു ന്നു. ഇതില്ലെങ്കിൽ അവൻ ഒന്നുമല്ല. ആയിരക്കണ ക്കിന് വാദം പുറപ്പെടുവിച്ചാലും അല്ലാഹുവിന്റേയും അവന്റെ മലക്കുകളുടേയും അവന്റെ നബിയുടേയും പക്കൽ അതെല്ലാം പൊള്ളയായിരിക്കും.

**നബിയുടെ മാതൃക**

മനുഷ്യരെല്ലാം മാതൃകയെ ആശ്രയിക്കുന്നവരാ ണെന്ന കാര്യം ഓർക്കേണ്ടതാണ്. ആ മാതൃക പ്രവാ ചകന്മാരാണ്. മരങ്ങളിൽപോലും ദൈവവചനം എഴു തിപ്പിടിപ്പിക്കാൻ ശക്തിയുള്ളവനാണ് അല്ലാഹു. എന്നാൽ, അവൻ പ്രവാചകന്മാരെ നിയോഗിച്ചു. അവർ മുഖേന ദൈവവചനം ഇറക്കി. അതിന്റെ രഹസ്യം അല്ലാഹുവിന്റെ തേജസ്സിനെ മനുഷ്യൻ കാണുക എന്നതായിരുന്നു. അത് വെളിപ്പെടുന്നത് പ്രവാചകന്മാരിലൂടെയാണ്.

**പ്രവാചകന്മാർ ഈശ്വരതയുടെ പ്രതീകങ്ങൾ**

പ്രവാചകന്മാർ ഈശ്വരതയുടെ പ്രതീകങ്ങളും ദൈവത്തെ പ്രദർശിപ്പിക്കുന്ന വ്യക്തികളുമാണ്. യഥാർത്ഥ മുസൽമാനും വിശ്വാസിയും ആയിട്ടുള്ള വരാകട്ടെ, പ്രവാചകന്മാരുടെ പ്രതീകങ്ങളുമാണ്. ഈ രഹസ്യം സ്വഹാബത്ത് നല്ലവണ്ണം മനസ്സിലാക്കിയിരു ന്നു. അവർ നബി(സ) തിരുമേനിയുടെ അനുസരണ ത്തിൽ തങ്ങളിൽ യാതൊന്നും അവശേഷിക്കാത്ത വിധം ലയിച്ചു. ആ ലയനലോകത്താണ് അവരെ സർവ്വരും കണ്ടിരുന്നത്. ഓർക്കുക, ആദരണീയരായ സ്വഹാബിമാരിൽ ഉണ്ടായിരുന്നതുപോലുള്ള ലയ നവും അനുസരണവും ആത്മപരിത്യാഗവും ഇക്കാ ലത്തും ഉണ്ടാകുന്നില്ലെങ്കിൽ ശിഷ്യഗണങ്ങളിലും വിശ്വാസികളിലും തങ്ങളും പ്രവേശിച്ചിരിക്കുന്നുവെ ന്നുള്ള വാദം നിരർത്ഥകമാണ്. അല്ലാഹു നിങ്ങളിൽ കുടിയിരിക്കുകയും അല്ലാഹുവിന്റെ അടയാളങ്ങൾ നിങ്ങളിൽ പ്രദർശിപ്പിക്കപ്പെടുകയും ചെയ്യാത്തിട ത്തോളം സാത്താനികശക്തിയുടെ സ്വാധീനം നിങ്ങ ളിൽ പ്രകടമാകുമെന്ന കാര്യം നിങ്ങൾ നല്ലവണ്ണം ഓർത്തുകൊള്ളുക.

**രണ്ടുതരം ക്ഷണം**

കളവ്, ക്രമരാഹിത്യം, കുടിലവിചാരം, കൊലപാ തകം, ലൗകികാസക്തി, ദുരഹങ്കാരം തുടങ്ങിയ അധ മമാർഗ്ഗങ്ങളിലേക്ക് ശയ്ത്വാൻ ക്ഷണിക്കുന്നു. അല്ലാഹു ക്ഷണിക്കുന്നതാകട്ടെ, സൽസ്വഭാവം, സഹ നം, അല്ലാഹുവിലേക്കുള്ള ലയനം, ആത്മാർത്ഥത, സത്യവിശ്വാസം, ജീവിതവിജയം എന്നിവയിലേക്കാ ണ്. ഈ രണ്ട് ക്ഷണത്തിന്റേയും ഇടയ്ക്കാണ് മനു ഷ്യനുള്ളത്. പിന്നെ സൽപ്രകൃതിയും സൗഭാഗ്യത്തിന്റെ ബീജവും കുടികൊള്ളുന്ന വ്യക്തി ശയ്ത്വാന്റെ ആയി രക്കണക്കിന് ക്ഷണവും പ്രലോഭനവും ഉണ്ടായാലും സൽബീജത്തിന്റെ ഗുണംകൊണ്ട് അല്ലാഹുവിലേക്കു തന്നെ ഓടിച്ചെല്ലുന്നു. തന്റെ സുഖവും സംതൃപ്തിയും സമാധാനവും അവനിൽനിന്നുതന്നെ അവൻ പ്രാപി ക്കുകയും ചെയ്യുന്നു.

**സത്യവിശ്വാസത്തിന്റെ സ്വാധീനം**

ഓരോ വസ്തുവിനും ഓരോ അടയാളമുണ്ട്. സൽപ്രകൃതിയുള്ള മനുഷ്യനിൽ അതിന്റെ അടയാളം കാണുന്നില്ലെങ്കിൽ അവനെ വിശ്വസിക്കാൻ പറ്റുകയി

ല്ല. മരുന്നുകൾ വൈദ്യൻ തിരിച്ചറിയുന്നു. ഔഷധചെടികളിൽ ദീർഘമായ പരീക്ഷണനിരീക്ഷണങ്ങൾക്കുശേഷം കണ്ടെത്തിയ ഗുണവിശേഷങ്ങൾ കാണുന്നില്ലെങ്കിൽ ഒന്നിനും കൊള്ളാത്ത വസ്തുവെന്നപോലെ വൈദ്യൻ അതെടുത്തു എറിഞ്ഞുകളയും. ഇപ്രകാരംതന്നെ സത്യവിശ്വാസത്തിനും അടയാളങ്ങളുണ്ട്. അല്ലാഹു തന്റെ ഗ്രന്ഥത്തിൽ പല ആവർത്തി ഇത് വ്യക്തമാക്കിയിട്ടുണ്ട്. മനുഷ്യനിൽ ഈമാൻ– സത്യവിശ്വാസം പ്രവേശിച്ചുകഴിഞ്ഞാൽ അതിനോടൊപ്പം അല്ലാഹുവിന്റെ മഹത്വവും അതായത് പരിശുദ്ധമായ പ്രതാപവും ശാക്തികമായ പ്രഭാവവും അതിനേക്കാളുപരി ***ലാ ഇലാഹ ഇല്ലല്ലാഹ്*** എന്ന യഥാർത്ഥമായ കാമ്പും പ്രവേശിക്കുന്നു; എത്രത്തോളമെന്നാൽ, അല്ലാഹുതആല അവനിൽ കുടിയിരിക്കാൻ തുടങ്ങുന്നു. സാത്താനിക ജീവിതത്തിന് മരണം സംഭവിക്കുന്നു. പാപപ്രകൃതി നശിച്ചോടുങ്ങുന്നു. പുതിയൊരു ജീവിതത്തിന് സമാരംഭം കുറിക്കുന്നു. അത് റഹ്മാനിയായ– ദിവ്യമായ ജീവിതമാണ്. അല്ലെങ്കിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ പിറന്നുവീണ ആദ്യദിവസം എന്നു പറയാം. പൈശാചിക ജീവിതത്തിന് മരണം സംഭവിക്കുമ്പോൾ ആത്മീയജീവിതം പിറക്കുന്നു; കുട്ടി പിറക്കുന്നതുപോലെ.

**ഇസ്‌ലാമിന്റെ ദൈവം**

ഈ ജനനത്തിലേക്ക് സൂചന നല്കിക്കൊണ്ട് വിശുദ്ധഖുർആനിലെ ഫാതിഹ എന്ന അധ്യായത്തിൽ അല്ലാഹു പറയുന്നു: സർവ്വലോക പരിപാലകനായ(റബ്ബ്) അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. പരമകാരുണികൻ (റഹ്മാൻ) കരുണാമയൻ (റഹീം) പ്രതിഫലം നല്കപ്പെടുന്ന നാളിന്റെ ഉടമസ്ഥൻ (മാലിക്ക്).

അല്ലാഹു തന്നെയാണ് ഈ നാല് ഗുണവിശേഷങ്ങളും വിവരിച്ചിട്ടുള്ളത്. അതായത്, സകല സ്തുതിയും അടങ്ങിയിട്ടുള്ളവനാണ് അല്ലാഹു. അവനിൽ അടങ്ങിയിട്ടില്ലാത്ത എന്തെങ്കിലും ഒരു ഗുണം വേറെയുണ്ട് എന്ന് വിചാരിക്കാനേ സാധ്യമല്ല. എന്നുമാത്രമല്ല, ഔദാര്യവാനായ അല്ലാഹുവിൽ അന്തർലീനമായിരിക്കുന്ന സ്തുതികളും ഗുണവിശേഷങ്ങളും മനുഷ്യന് എണ്ണിത്തിട്ടപ്പെടുത്താനും സാധ്യമല്ല. ലോകത്തിന് ഇസ്‌ലാം സമർപ്പിച്ചിട്ടുള്ള ദൈവം ഒന്നുമാത്രമാണ് പരിപൂർണ്ണനും സത്യസ്വരൂപനുമായവൻ. അതുകൊണ്ട് വിശുദ്ധഖുർആൻ അൽഹംദുലില്ലാഹി എന്ന പദങ്ങളോടെ സമാരംഭിച്ചു. എന്തെങ്കിലും ന്യൂനതകളുള്ള ദൈവങ്ങളെയാണ് മറ്റുള്ള ജനതകളും ഗ്രന്ഥങ്ങളും സമർപ്പിക്കുന്നത്. ചില ദൈവങ്ങൾക്ക് കൈകളില്ല. ചിലതിന് ചെവികളില്ല. ചില ദൈവങ്ങൾ ഊമകളാണ്. ചുരുക്കിപ്പറഞ്ഞാൽ എന്തെങ്കിലും ന്യൂനതയോ രോഗമോ അവയ്ക്കുണ്ട്. ഉദാഹരണത്തിന്, ക്രിസ്ത്യാനികൾ ഉണ്ടാക്കിവച്ചിരിക്കുന്ന ദൈവം. 1900 വർഷം ഈ കൃത്രിമ ദൈവത്തിൽ അവർ കഴിഞ്ഞുകടന്നു. ഇതുമില്ലായിരുന്നെങ്കിൽ അവരുടെ കൈയിൽ ഒന്നും അവശേഷിക്കുമായിരുന്നില്ല. ഇപ്പോഴും ഈ മതം വെറുമൊരു അസഭ്യകാര്യത്തിലാണ് നിലനില്ക്കുന്നത്. മസീഹിനെ ദൈവമാക്കുന്ന ഇക്കൂട്ടർക്ക് അല്പം ലജ്ജയുണ്ടായിരുന്നെങ്കിൽ ഈ തത്വം അംഗീകരിക്കുമായിരുന്നില്ല. ഒരു സ്ത്രീയുടെ ഉദരത്തിൽനിന്ന് സാധാരണനിലയിൽ പിറന്നുവീണ ദുർബലനും, നിരാലംബനും, തിന്നാനും കുടിക്കാനും മറ്റുള്ളവരെ ആശ്രയിക്കുന്നവനും, മലമൂത്രവിസർജ്ജനം നടത്തുന്നവനും, അങ്ങനെ മനുഷ്യൻ ആവശ്യമായ എല്ലാ കാര്യങ്ങളുടേയും തടവുകാരനുമായ ഒരു കുട്ടി, സർവനിയന്താവായ ദൈവമായി മാറുന്നതെങ്ങനെ? അവർ ചിന്തിച്ചിരുന്നെങ്കിൽ!

ഹൈന്ദവരുടെ ഭാവനയിൽ ഗംഗയുടെ വെള്ളത്തിൽ സത്തും അനുഗ്രഹവുമുണ്ട്. വാസ്തവത്തിൽ സാധാരണമായ ഒരു നദിയാണിത്. മറ്റു നദികളിലെന്നപോലെ തവളയും ആമയും അതിലുമുണ്ട്. ശവത്തിന്റെ എല്ലുകൾ അതിലെറിയുകയും ചെയ്യുന്നു. എന്നിട്ടും ഗംഗാജലം പരിശുദ്ധമാണെന്ന് അവർ വിശ്വസിക്കുന്നു. അതിനുള്ള തെളിവെന്തെന്ന് അവരോട് ചോദിച്ചാൽ തന്റെ ഹൃദയത്തിൽ തെളിവുണ്ടെന്നായിരിക്കും അവർ പറയുക. അത് വിവരിക്കാൻ സാധ്യമല്ലത്രെ! അപ്രകാരം തന്നെയാണ് ആര്യസമാജക്കാർ പരമേശ്വരനെ ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുന്നത്. അവരുടെ പക്കൽ ഒരു 'മേസ്തിരി' അല്ലെങ്കിൽ ശില്പിയേക്കാൾ വലുതല്ല ദൈവം. കാരണം പരസ്പരം കൂട്ടിയോജിപ്പിക്കുക എന്ന പണിയല്ലാതെ സൃഷ്ടിപ്പിന്റെ ഉദാത്തമായ പ്രക്രിയയിൽ പങ്കില്ലാത്തവനാണ് ദൈവം. ആത്മാക്കളിലോ പരമാണുക്കളിലോ അവന് നിയന്ത്രണമൊന്നുമില്ല. എന്തുകൊണ്ടെന്നാൽ, അവൻ അവയെ സൃഷ്ടിച്ചിട്ടില്ല. തന്റെ ഭക്തദാസർക്ക് മോക്ഷം നല്കാനും അവന് സാധിക്കുകയില്ല. അങ്ങനെയായാൽ ആ വ്യവസായശാല മുഴുവൻ തകിടം മറിഞ്ഞുപോകും. കൈവിട്ടുപോകും. അവരുടെ ദൈവം തന്റെ ആത്മാർത്ഥ ദാസന്റെ പ്രാർത്ഥനയും കേൾക്കുകയില്ല. ആർക്കെങ്കിലും എന്തെങ്കിലും അനുഗ്രഹം നല്കാനും അവന് സാധ്യമല്ല. കാരണം, അവൻ എന്ത് ആർക്ക് നല്കിയാലും അതെല്ലാം അവരുടെ കർമഫലമാണ്. ചുരുക്കത്തിൽ, ഓരോ കൂട്ടരും ദൈവത്തെ ലോകത്തിന് സമർപ്പിക്കുന്നത് കാണുമ്പോൾ ലജ്ജ തോന്നുന്നു. യഥാർത്ഥ ശ്രേഷ്ഠതയും മാന്യതയും ഇസ്‌ലാമിനു മാത്രമാണ്. അതായത്, ഇസ്‌ലാം വിഭാവന ചെയ്യുന്ന ദൈവത്തെ വിശ്വസിക്കുന്നവർ ഒരിടത്തും നാണംകെടുകയില്ല. അവൻ പരിപൂർണനായ ദൈവത്തിന്റെ തുലാസ്സിന്റെ തട്ടാണ് പിടിച്ചിട്ടുള്ളത്. പരിപൂർണത നേടിയവൻ ദൈവിക സന്നിധിയിലെത്തുകയും ചെയ്യും. (അൽഹക്കം, വാള്യം 5, നമ്പർ 1, പേജ് 2–4, 1901, ജനുവരി 10 മൽഫൂസാത്ത്, വാള്യം 2 പേജ് 163–171, വിവ: മുഹമ്മദ് ഇസ്മായീൽ)

# സാഹിബ് സാദ ഹദ്റത്ത് മിർസാ വസീം അഹ്മദ്

**സാ**ഹിബ് സാദാ ഹദ്റത്ത് മിർസാ വസീം അഹ്മദ് തന്റെ യഥാർത്ഥ യജമാനന്റെ തിരുസന്നിധിയിൽ ഹാജരായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ സേവനങ്ങളും ത്യാഗങ്ങളും സവിശേഷഗുണങ്ങളും മുന്നിൽവെച്ചുകൊണ്ട് അദ്ദേഹത്തിനായി ചെയ്യപ്പെട്ട പ്രാർത്ഥനകൾ തീർച്ചയായും പരലോകത്ത്, അല്ലാഹുവിന്റെ തിരുസന്നിധിയിൽ അദ്ദേഹത്തിന്റെ പദവികളുടെ ഉയർച്ചയ്ക്ക് കാരണമാകും. ഇൻശാഅല്ലാഹ്.

നിസ്വാർത്ഥമായി ത്യാഗം ചെയ്യുകയും എപ്പോഴും അർപ്പണചൈതന്യത്തോടെ പ്രവൃത്തിക്കു കയും, ദരിദ്രരെ സഹായിക്കുകയും അവർക്ക് പ്രയോജനപ്പെടുകയും ജമാഅത്തിന്റെ അഭിമാനം കാത്തുസൂക്ഷിക്കുകയും ഖിലാഫത്തിൽ അനുരക്തനായിത്തീരുകയും ചെയ്ത അദ്ദേഹത്തോട് അല്ലാഹു സന്തോഷത്തോടെ പെരുമാറുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇൻശാഅല്ലാഹ്.

തന്റെ പ്രിയപ്പെട്ടവരുടെ സമീപത്ത്, അഅ്ലാ ഇല്ലിയ്യീനിൽ അദ്ദേഹത്തിന് അല്ലാഹു ഇടം നല്കുന്നതാണ്. ഇപ്പോഴും അനുശോചനമറിയിച്ചുകൊണ്ട് നിരവധി കത്തുകൾ വരുന്നുണ്ട്. ചിലർ നേരിൽ വന്നും ദുഃഖത്തിൽ പങ്കുചേരുന്നു. അല്ലാഹു എല്ലാവർക്കും അതിന് നല്ല പ്രതിഫലം നല്കുമാറാകട്ടെ. ഈ ലോകത്ത് വന്നവരെല്ലാം ഇവിടെനിന്ന് തിരിച്ചുപോകേണ്ടവരുമാണ്. ഇത് അല്ലാഹുവിന്റെ നടപടിക്രമമാണ്. ഇത് ലോകാരംഭം മുതൽ നടന്നുവരുന്നതാണ്. ലോകം നിലനില്ക്കുവോളം ഇതുപോലെ നടന്നുകൊണ്ടിരിക്കുകയും ചെയ്യും. പക്ഷേ, തന്റെ ജീവിതം അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കുന്നതിനും, അവന്റെ ദീനിനു സേവനം ചെയ്യുന്നതിനുംവേണ്ടി കഴിച്ചുകൂട്ടുന്നവരും അല്ലാഹുവിന്റെ സൃഷ്ടികളെ ഓർത്ത് വിഷമിക്കുന്നവരും, അവർക്കുവേണ്ടി കർമ്മത്തിലൂടെ മാതൃക കാണിക്കുന്നവരും സൗഭാഗ്യവാന്മാരാണ്. ഹദ്റത്ത് സാഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബും തീർച്ചയായും അത്തരക്കാരിൽ ഒരാളായിരുന്നു. അല്ലാഹു അദ്ദേഹത്തിന് സ്വർഗ്ഗം നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ദേഹവിയോഗത്തെ തുടർന്ന് ഞാൻ പറഞ്ഞതുപോലെ, അനുശോചനം പ്രകടിപ്പിച്ചുകൊണ്ട് കത്തുകൾ വന്നുകൊണ്ടിരിക്കുന്നു. ദാറുൽമസീഹ് ഖാദിയാനിലുണ്ടായിരുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്താനപരമ്പരയുടെ ഒരടയാളം ഇപ്പോൾ ഇല്ലാതായിരിക്കുന്നു എന്നും കത്തുകളിൽ എഴുതിക്കാണുന്നു. ഹദ്റത്ത് സാഹിബ് സാദ മിർസാ വസിം അഹ്മദ് സാഹിബ്, ഖാദിയാനിലെ അഹ്മദികളുമായി പ്രത്യേകിച്ചും, ഇന്ത്യയിലെ അഹ്മദികളുമായി പൊതുവെയും അവർക്ക് തൃപ്തിപ്പെടും വിധമുള്ള ബന്ധം സ്ഥാപിച്ചിരുന്നു എന്ന കാര്യം ശരിതന്നെയാണ്. അവിടന്ന് പറയുന്ന കാര്യങ്ങളെ ഗൗരവമായി അവർ കണ്ടിരുന്നു.

പാക്കിസ്ഥാനും ഇന്ത്യയും തമ്മിലുള്ള കുഴപ്പങ്ങൾ കാരണം ഒരു ദീർഘകാലം ഖലീഫയുണ്ടായിരുന്ന സ്ഥലവുമായി നേരിട്ട് ഖാദിയാന് ബന്ധമുണ്ടായിരുന്നില്ല. ഇന്നത്തെപ്പോലെ വാർത്താവിനിമയ ബന്ധങ്ങളും ഇല്ലാതിരുന്ന കാലവും ഉണ്ടായിട്ടുണ്ട്. ഉണ്ടായിരുന്നതുതന്നെ പലപ്പോഴും വിച്ഛേദിക്കപ്പെട്ടുകൊണ്ടിരുന്നു. പക്ഷേ, ദർവേശുമാർ ജമാഅത്തിനോടും ഖിലാഫത്തിനോടുമുള്ള സ്നേഹത്തിന്റേയും കൂറിന്റേയും മാതൃക അസാധാരണമായ നിലയിലാണ് കാഴ്ചവച്ചത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ പൗത്രനും, ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ മകനും തങ്ങളുടെ ഇടയിലുണ്ടെന്നത് അവർക്ക് സമാധാനം നല്കിയിരുന്നു. ഈ മകനും ഖിലാഫത്തിനോടുള്ള സ്നേഹവും വ്യവസ്ഥിതിയോടുള്ള അനുസരണവും അമീറിനെ അനുസരിച്ചുകൊണ്ടുള്ള മാതൃകയും തന്റെ പ്രവർത്തനത്തിലൂടെ കാണിച്ചുകൊണ്ട് എപ്പോഴും, ജമാഅത്തും ഖിലാഫത്തുമാണ് സർവ്വവും എന്ന ബോധം ജമാഅത്തംഗങ്ങളിൽ ഉണ്ടാക്കിത്തീർത്തു. അതുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നാൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരുമെന്ന് അവരെ ഉപദേശിച്ചു.

ഏകദേശം 30 വർഷം അവിടന്ന് ഹദ്റത്ത് മൗലവി അബ്ദുർ റഹ്മാൻ സാഹിബ് ജട്ടിന്റെ ഇമാറത്തുകാലത്ത് അങ്ങേയറ്റം വിനയത്തോടും ആത്മാർത്ഥതയോടുംകൂടി ഒരു സാധാരണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ തന്നിലർപ്പിതമായ ജോലി നിർവ്വഹിച്ചു. പിന്നീട് 1977-ൽ ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) അദ്ദേ

ഹത്തെ നാസിർ അഹ്‌ലായും അമീർ മഖാമി ഖാദി യാനുമായി നിയമിച്ചു. ഈ സുപ്രധാന ചുമതലയും വളരെ നല്ലവണ്ണം അദ്ദേഹം നിറവേറ്റി. ദർവേശായി ക്കൊണ്ട് ഖാദിയാനിൽ പോവുകയും ദർവേശിന്റെ നിലയിൽതന്നെ ജീവിക്കുകയും ചെയ്തു. താൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പൗത്രനാണെന്ന് കരുതിയില്ല. വാസ്തവത്തിൽ വിവാഹത്തിനായി പാക്കിസ്ഥാനിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ ഉത്തര വാദിത്വത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു പ്രാവശ്യം അദ്ദേഹത്തോട് പറഞ്ഞു: (വിവാഹം കഴിഞ്ഞിട്ട് അല്പദിവസമേ ആയിരുന്നുള്ളൂ. അദ്ദേഹം തന്റെ ഭാര്യയെ ഖാദിയാ നിലേക്ക് കൊണ്ടുപോകാനുള്ള പേപ്പറുകളും മറ്റും ശരിയാക്കുന്ന തിരക്കിലായിരുന്നു. അക്കാലത്ത് ഇരുരാജ്യത്തിന്റേയും സ്ഥിതി പെട്ടെന്ന് മോശമാകാ റുണ്ടായിരുന്നു. ദീർഘകാലം അത് തുടർന്നിരുന്നു. അല്പം സമാധാനമായിട്ട് കുറച്ചുകാലമേയായിട്ടുള്ളൂ. അങ്ങനെ അന്തരീക്ഷം വഷളായിരുന്ന ഒരു സന്ദർഭ ത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മിയാ സാഹി ബിനോട് പറഞ്ഞു.) സ്വന്തം മകനോട് പറഞ്ഞു, "ഭാര്യയും, പേപ്പറുകളുമെല്ലാം ശരിയായിക്കൊള്ളും, അതിനെക്കുറിച്ച് നീ ചിന്തിക്കേണ്ട. എത്രയും വേഗം തിരിച്ചുപോകുക. നീ പോകുന്നില്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തിലെയാരും ഖാദി യാനിൽ ഉണ്ടാകുകയില്ല. അതുകൊണ്ട് എത്രയും വേഗം ടിക്കറ്റ് ബുക്ക് ചെയ്യുക." (അവിടന്ന് റോഡ് മുഖേനയല്ല പാക്കിസ്ഥാനിൽ വന്നത്. വിമാനത്തിലാ യിരുന്നു. അപ്പോൾ അവസ്ഥ അങ്ങനെയായിരുന്നു.) വിമാന ടിക്കറ്റ് ലഭിച്ചില്ലെങ്കിൽതന്നെ ചാർട്ടർ വിമാന ത്തിൽ പോകേണ്ടിവന്നാൽ അതിനു ബുക്ക് ചെയ്യു ക. എന്തായാലും പെട്ടെന്ന് പോകേണ്ടത് നിർബന്ധ മാണ്. ഇല്ലെങ്കിൽ ഖാദിയാൻ ശൂന്യമായിപ്പോയെന്ന് ജനങ്ങൾക്ക് തോന്നും. മസീഹ് മൗഊദ് (അ)ന്റെ കുടുംബം ഇത്തരം ഘട്ടത്തിൽ അവരുടെ മാതൃക കാണിക്കുന്നില്ലെങ്കിൽ, ത്യാഗം ചെയ്യുന്നില്ലെങ്കിൽ പിന്നെ ജനങ്ങൾ എങ്ങനെയാണ് ത്യാഗം ചെയ്യുക."

21-ാം വയസ്സിൽ 'ദിയാരെ മസീഹിന്റെ' സംരക്ഷ ണത്തിന്നായി അയക്കപ്പെട്ട ആ യുവാവ്, ഭൗതികാടി സ്ഥാനത്തിൽ നോക്കിയാൽ ഹദ്റത്ത് മസീഹ് മൗഊ ദ്(അ) കാരണത്താൽ, ഖാദിയാനിലെ പൈതൃകമായ സ്വത്തിന്റെ ഉടമസ്ഥനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് കാലത്തിന്റെ ഖലീഫയായിരുന്നു. പിതാവ് മക നോട് പറഞ്ഞു: "നിന്റെ ഖാദിയാനിലുള്ള താമസം ഖാദിയാനിലെ ദർവേശുമാരുടെ ധൈര്യം ഉയരുന്നതിന് കാരണമായിത്തീരും. നിന്റെ സാന്നിധ്യം അവിടെ അനിവാര്യമാണ്.'' അമീറിന്റെ അനുസരണ ത്തിൽനിന്ന് വെളിയിൽ താമസിക്കണം എന്ന വിചാരം മിയാസാഹിബിന് ഉണ്ടായതേയില്ല. എന്നല്ല അത് അമീ റിനെ അനുസരിച്ചുകൊണ്ടുള്ള തന്റെ മാതൃകയും ഉന്ന തമായ നിലയിൽ താൻ കാഴ്ചവയ്ക്കണമെന്ന വിചാരം കൂടുതലായി ഉണ്ടാക്കുകയാണ് ചെയ്തത്. ഓരോ ദർവേശുമാരും തന്നെ കണ്ടുകൊണ്ട് ആദ്യ ത്തേക്കാൾ കൂടുതൽ അമീറിനെ അനുസരിക്കുന്ന തിൽ മാതൃക കാണിക്കുന്നതിനുവേണ്ടിയായിരുന്നു അത്. ഇത് തീർച്ചയായും ആ 'ഉലുൽഅസം' പിതാ വിന്റെ ഉപദേശത്തിന്റെ ഫലമായിരുന്നു. പ്രത്യേകിച്ച് അല്ലാഹുവിന്റെ ചിഹ്നങ്ങളെ കാത്തുസൂക്ഷിക്കുന്ന തിനുവേണ്ടി അയക്കപ്പെട്ട ഈ ദർവേശ് മകന് അദ്ദേഹം നല്കിയ തർബിയ്യത്തിന്റെ ഫലമായിരുന്നു. അതിൽ വളരെ പ്രധാനപ്പെട്ട ഒരുപദേശം ഇങ്ങനെ യുമുണ്ടായിരുന്നു. "നാസിർ ആണെന്നുള്ള വിചാരം നിന്റെ മനസ്സിൽ നീ ഒരിക്കലും കൊണ്ടുവരരുത്- യുവ ത്വത്തിൽ തന്നെ നാസിർ ആയിരുന്നു- മറിച്ച് എപ്പോഴും നിന്റെ മനസ്സിലുണ്ടായിരിക്കേണ്ടത് നീ മസീഹ് മൗഊദ് (അ)ന്റെ പൗത്രനാണെന്നുള്ള വിചാരമാണ്. അതനു സരിച്ച് നിന്റെ ജീവിതത്തെ വാർത്തെടുക്കേണ്ടതാണ്. ഇതാണ് യഥാർത്ഥനില എന്ന് മനസ്സിലാക്കണം. ഈ രീതിയിൽ നിന്നെ സ്വയം സമർപ്പിക്കേണ്ടതാണ്."

ചെറിയ ചെറിയ കാര്യങ്ങളിൽ സമയം പാഴാക്കിക്ക ളയരുതെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ജമാഅത്തിന്റേയും അഭിമാനം നിലനിറുത്തേണ്ടതാ ണെന്നുമുള്ള കാര്യങ്ങളെല്ലാം ഹദ്റത്ത് സാഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബ് തന്റെ ചുമ തലയായെടുത്തു. അതനുസരിച്ച് പ്രവർത്തിക്കുകയും നല്ലവണ്ണം നിറവേറ്റുകയും ചെയ്തു. ഖാദിയാൻ വാസി കളിലും ഇന്ത്യൻജമാഅത്തുകളിലും അത് നടപ്പിൽ വരുത്താൻ ശ്രമിച്ചു. ഓരോ ആത്മാർത്ഥ അഹ്മദി യും- അവർ ഖാദിയാനിൽ വസിക്കുന്നവരാകട്ടെ, ഇന്ത്യയിലെ മറ്റു ജമാഅത്തുകളിൽ വസിക്കുന്നവരാ കട്ടെ അല്ലെങ്കിൽ എവിടെ വസിക്കുന്നവരാണെങ്കിലും, ഓരോ ഉദ്യോഗസ്ഥനും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കുടുംബത്തിലെ ഓരോ അംഗത്തിനും, ഇത്തരം മാതൃക നിലനിറുത്തേണ്ടതാണ്.

പ്രത്യക്ഷത്തിൽ നോക്കിയാൽ ഖാദിയാൻ പ്രദേശം ജനവാസമുള്ളതും ഹരിതാഭവുമായിരുന്നു. പക്ഷേ, ഖാദിയാനിലെ ദർവേശുമാരുടെ ജീവിതം ആരംഭകാ ലത്ത് അങ്ങേയറ്റം ഞെരുക്കത്തിലും ഭയാവസ്ഥയിലു മായിരുന്നു. മുഅ്മിൻ ബുദ്ധിമുട്ടുകളിൽ ഭയപ്പെടുക യില്ലെന്നത് ശരിതന്നെ. പക്ഷേ, ചുറ്റുപാടുമുള്ള അമു സ്‌ലിംകൾ സൃഷ്ടിച്ച ഭീകരാന്തരീക്ഷം ആശങ്കാജനക മായിരുന്നു. അവിടെ താമസിക്കുന്നവർക്കും തങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലി ശരിയായനിലയിൽ നിർവ ഹിക്കുവാൻ കഴിയുമോ എന്ന ആശങ്കയുണ്ടായിരു ന്നു. ലോകത്തെ മറ്റു ജമാഅത്തുകൾക്കും, ഖലീഫ യ്ക്കുതന്നെയും ഈ ചിന്തയുണ്ടായിരുന്നു. അവരി ലർപ്പിതമായ ചുമതലയിൽനിന്ന് അവരെ ഏതെങ്കിലും

ഭയം അകറ്റാതിരിക്കാൻ വേണ്ടി അവരെല്ലാം ദുആ ചെയ്തുകൊണ്ടിരുന്നു. ദിയാരെ മസീഹിലെ അല്ലാഹുവിന്റെ ചിഹ്നങ്ങളെ കാത്തുരക്ഷിക്കുന്നതിനായി അയക്കപ്പെട്ട അവർ അത് പൂർണ്ണമായും നിർവഹിക്കുന്നവരായിത്തീരാൻ പ്രാർത്ഥിച്ചു.

അക്കാലത്ത് കാര്യങ്ങളെല്ലാം അങ്ങേയറ്റം വഷളായിരുന്നു. എത്രമാത്രമെന്നാൽ, ഖാദിയാനിൽ വസിക്കുന്നവരെ സംബന്ധിച്ച് സംശയദൃഷ്ടിയോടെയാണ് ഭരണാധികാരികൾ നോക്കിക്കണ്ടിരുന്നത്. പാക്കിസ്ഥാനിൽനിന്ന് ഇന്ത്യയിലേക്ക് വരുന്നവരും ഹിന്ദുക്കളും സിക്കുകാരും മറ്റുള്ളവരും വളരെ ശത്രുതാമനോഭാവത്തോടെയാണ് അവരെ കണ്ടിരുന്നത്. സാഹചര്യം കിട്ടിയാൽ അവരെ നശിപ്പിക്കണം എന്ന ശ്രമത്തിലായിരുന്നു അവർ. അന്ന് വെളിയിൽനിന്ന് ഖാദിയാനിലേക്ക് ഭക്ഷണസാധനങ്ങൾ കൊണ്ടുവരുന്നതും നിലച്ചിരുന്നു. സൂക്ഷിച്ചുവെച്ചിരുന്ന കുറച്ചു സാധനങ്ങളാണ് ഉപയോഗിച്ചിരുന്നത്. അന്തരീക്ഷവും അങ്ങേയറ്റം ഭീകരമായിരുന്നു. ശതക്കണക്കിന് മാത്രമുണ്ടായിരുന്ന ഖാദിയാൻ വാസികൾക്ക്, വാസ്തവത്തിൽ 'വാദിൻ ഗയ്‌രി ദീ സർഇൻ'- അകൃഷ്ടമായ ഒരു താഴ്‌വര- തന്നെയായിരുന്നു അന്ന് ഖാദിയാൻ. പിന്നീട് മെല്ലെ, മെല്ലെ സാഹിബ് സാദ മിർസാ വസീം അഹ്‌മദ് സാഹിബിന്റേയും മറ്റ് ദർവേശുമാരുടേയും പരിശ്രമവും പ്രാർത്ഥനയും കാലത്തിന്റെ ഖലീഫയുടെ ദുആയും ജമാഅത്തിന്റെ ദുആയും അതിന്റെ ഫലം കാണിക്കാൻ തുടങ്ങി. ചുറ്റുപാടുള്ളവരുമായി ബന്ധങ്ങൾ വളർന്നു. അവരുടെ ഹൃദയവും അലിയാൻ തുടങ്ങി.

പിന്നീട് ദർവേശുമാർ മുമ്പത്തെ അപേക്ഷിച്ച് സ്വാതന്ത്ര്യത്തോടെ ശ്വാസമെടുക്കാൻ തുടങ്ങി. പക്ഷേ, ദാരിദ്ര്യവും സാമ്പത്തികഞെരുക്കവും ഒരുപാട് കാലം വരെ നിലനിന്നു. അക്കാലഘട്ടത്തിൽ ദർവേശുമാർക്ക് ജമാഅത്തിന്റ ഫണ്ടിൽനിന്ന് ചെലവിനുള്ളത് നിശ്ചയിച്ചിരുന്നുവെങ്കിലും അത് വളരെ തുച്ഛമായിരുന്നു. ഭക്ഷണത്തിനുതന്നെയും അത് തികയുമായിരുന്നില്ല. പക്ഷേ, ചെലവ് അത്രമാത്രമേ കിട്ടുകയുള്ളൂവെന്നും അത് ജമാഅത്തിന്റെ ഫണ്ടിൽനിന്ന് ആയിരിക്കുകയില്ലന്നും ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ വ്യക്തിപരമായ അമാനത്തിൽനിന്നായിരിക്കും അത് ലഭിക്കുകയെന്നും ഹദ്റത്ത് മിയാൻ സാഹിബിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ നിർദ്ദേശമുണ്ടായിരുന്നു. പിന്നീട് പതുക്കെ പതുക്കെ അവസ്ഥകൾ മാറി. ആളുകൾക്ക് വരുമാനമുണ്ടാകാൻ തുടങ്ങി. മിയാ സാഹിബിനും കൃഷിസ്ഥലത്തുനിന്നും വരുമാനം ഉണ്ടാകാൻ തുടങ്ങി. എന്തായാലും ആദ്യകാല ദർവേശുമാർ ജീവിച്ച അക്കാലഘട്ടം അങ്ങേയറ്റം ഞെരുക്കത്തിന്റേയും ഭയത്തിന്റേതുമായിരുന്നു. അതവരുടെ അസാധാരണമായ ത്യാഗമായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ മക്കളിൽ അല്ലാഹു തആല ദർവേശീപരവും ത്യാഗപരവുമായ ജീവിതം കഴിക്കാൻ അവസരം നല്കിയ വ്യക്തിയുടെ മാതൃഗൃഹം അറേബ്യയുമായി ബന്ധപ്പെട്ടത്, അല്ലാഹുവിന്റെ അഗാധമായ യുക്തിയിലധിഷ്ഠിതമായ കാര്യമായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. ആ സ്ഥലം ഇസ്മാഈലീ ത്യാഗത്തിന്റെ മാതൃക, സ്ഥാപിതമായ സ്ഥലത്തിനടുത്തായിരുന്നു. ഞാൻ ഇപ്പോൾ കേൾപ്പിച്ച ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ കണ്ട സ്വപ്നത്തിൽനിന്നും മനസ്സിലാകുന്നത്, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ 'ഞാനും ആഗ്രഹിച്ചത് അസീസായിൽനിന്നുതന്നെ ഉണ്ടാകണമെന്നാണ്' എന്ന വാക്കുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെളിപെടലും, സുവാർത്തഅറിയിക്കലും എല്ലാം വിളിച്ചോതുന്നത്, ഈ മകനിൽനിന്ന് അല്ലാഹു എന്തോ അസാധാരണമായ ജോലി എടുപ്പിക്കാൻ ആഗ്രഹിച്ചിരുന്നുവെന്നാണ്. ആ ജോലി ത്യാഗത്തിന്റേതായിരുന്നു. അല്ലാഹു അത് സ്വീകരിക്കുമാറാകട്ടെ.

ഈ ത്യാഗം വരിക്കാൻ ഹദ്റത്ത് മിയാ സാഹിബിനുണ്ടായിരുന്ന ആവേശം എത്രമാത്രമായിരുന്നു എന്ന് അദ്ദേഹത്തിന്റെ 'ഞാൻ ദുആ ചെയ്തു. അല്ലാഹു എന്നെ ഇവിടെത്തന്നെ താമസിപ്പിക്കുമാറാകട്ടെ' എന്ന വാക്കുകളിൽനിന്ന് നമുക്ക് മനസ്സിലാക്കാം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുടെ മക്കളും മസീഹ് മൗഊദ്(അ)ന്റെ കുടുംബാംഗങ്ങളും ഊഴത്തിന്റെ അടിസ്ഥാനത്തിൽ ഖാദിയാനിൽ വന്ന് കുറച്ചുമാസം വീതം താമസിക്കുക എന്നതായിരുന്നു ആദ്യത്തെ തീരുമാനം. പിന്നീട് അവസ്ഥകൾ മാറിമറിഞ്ഞു. വരവും പോക്കും നിലച്ചു. പാക്കിസ്ഥാനിലുള്ളവർ പാക്കിസ്ഥാനിലും ഖാദിയാനിലുള്ളവർ ഖാദിയാനിലും താമസിക്കണം എന്ന നിലയായി. അങ്ങോട്ടും ഇങ്ങോട്ടുമുള്ള പോക്കുവരവ് നിർത്തലാക്കുക എന്ന നിയമം പാസായി. തന്റെ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് മിയാ വസിം അഹ്‌മദ് സാഹിബ് ഒരിക്കൽ പറഞ്ഞു:

''എന്റെ ഉൽക്കടമായ ആഗ്രഹവും ദുആയും ഞാൻ ഖാദിയാനിൽത്തന്നെ താമസിച്ച് സേവനം ചെയ്യണമെന്നായിരുന്നു. അതിനുവേണ്ടി ഒരിക്കൽ ഞാനെന്റെ മുസ്വല്ലയുമെടുത്ത് ഖാദിയാനിലെ ഖസ്‌റെ ഖിലാഫത്തിന്റെ (ഖലീഫ ഇരുന്നിരുന്ന സ്ഥലം) വലിയ മുറിയിൽ പോയി. അവിടെവെച്ച് ഞാൻ നഫ്ൽ നമസ്കരിക്കാൻ തുടങ്ങി. ദുആ സ്വീകാര്യമാകുമ്പോൾ അല്ലാഹു അതിനുള്ള സാഹചര്യം ഒരുക്കുന്നുവെന്ന് പറയുന്നതുപോലെ, എനിക്ക് വളരെ വേദനയോടെ ദുആ ചെയ്യാൻ സന്ദർഭം ലഭിച്ചു. എനിക്കുതന്നെ

തോന്നി അല്ലാഹു അത് സ്വീകരിക്കുമെന്ന്. ഞാൻ ദുആ ചെയ്തുകൊണ്ട് അല്ലാഹുവിനോട് പറഞ്ഞു, ഞാൻ ഖാദിയാനിൽനിന്ന് പോകുന്നില്ല. ഇവിടെത്തന്നെ താമസിക്കാനുള്ള സാഹചര്യം നീ ഒരുക്കിയാലും." പറയുന്നു: "ഖാദിയാനിലെ അമുസ്‌ലിംകൾ സർക്കാരിൽ പരാതി ബോധിപ്പിച്ചു. പാക്കിസ്ഥാനിൽനിന്ന് ആളുകൾ ഇവിടെ വരികയും ഇവിടെനിന്ന് അവിടെ പോകുകയും ചെയ്യുന്നു. ഇവിടെ വരുമ്പോൾ ഇവിടത്തെ സർക്കാരിനോട് കൂറുപുലർത്തുകയും അവിടെ ചെല്ലുമ്പോൾ അവരോട് കൂറുപുലർത്തുകയും ചെയ്യുന്ന പ്രവണത ശരിയല്ല. അതുകൊണ്ട് ഇത് നിർത്തൽ ചെയ്യേണ്ടതാണ്. അങ്ങനെ അവരുടെ പരാതിയിന്മേൽ സർക്കാർ അങ്ങോട്ടു മിങ്ങോട്ടുമുള്ള പോക്കുവരവിൽ നിയന്ത്രണമേർപ്പെടുത്തി. അങ്ങനെ മിയാൻ സാഹിബ് ഖാദിയാനിലെ സ്ഥിരംവാസിയായി. അദ്ദേഹത്തിന് അല്ലാഹു ഖാദിയാനിൽ താമസിക്കാനുള്ള സാഹചര്യമൊരുക്കിക്കൊടുത്തു.

സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഭൂസ്വത്തുക്കൾ തിരിച്ചുവാങ്ങുന്നതിനുവേണ്ടി ഹദ്റത്ത് മിയാൻ വസിം അഹ്മദ് സാഹിബ് ചെയ്ത സേവനങ്ങൾ വളരെ വ്യക്തമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കുടുംബാംഗവും അവിടത്തെ പൗത്രനും ആയ കാരണത്താൽ സർക്കാർ അഞ്ചുമന്റെ സ്വത്തുക്കൾ ജമാഅത്തിന് തിരിച്ചുനല്കി. ഇല്ലെങ്കിൽ പല തന്ത്രങ്ങളും അവർക്ക് മെനഞ്ഞെടുക്കാമായിരുന്നു. ഇതിനായി അവിടന്ന് വലിയ വലിയ ഓഫീസർമാരുമായി ബന്ധപ്പെട്ടു. എന്നല്ല അക്കാലത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽനെഹ്റുവുമായും ബന്ധപ്പെട്ടിരുന്നു. അല്ലാഹു അതിൽ അനുഗ്രഹം ചൊരിയുകയും നല്ല ഫലം കാണുകയും ചെയ്തു.

1971-ൽ ഇരുരാജ്യങ്ങളുടേയും അവസ്ഥ വീണ്ടും വഷളായി. ചില ഓഫീസർമാർ ഖാദിയാനിലെ അഹ്മദികളെ ബലാൽക്കാരമായി അവിടെ നിന്ന് ഒഴിപ്പിക്കാൻ ശ്രമിച്ചു. കീഴുദ്യോഗസ്ഥന്മാരായിരുന്നു ഈ കല്പന പുറപ്പെടുവിച്ചിരുന്നത്; 'നിങ്ങളെ സംരക്ഷിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു' എന്ന തന്ത്രമാണ് അവർ ആവിഷ്കരിച്ചത്. തങ്ങൾക്ക് ഖാദിയാനിൽ വന്ന് സംരക്ഷിക്കാൻ പറ്റുകയില്ലെന്നും അതുകൊണ്ട് മുഹല്ല അഹ്മദിയായും ദാറുൽ മസീഹുമെല്ലാം ഉപേക്ഷിച്ച് തങ്ങൾ പറയുന്ന സുരക്ഷിതമായ സ്ഥലത്തേക്ക് മാറി താമസിക്കണമെന്നും അങ്ങനെയായാൽ സംരക്ഷണം എളുപ്പമാക്കാൻ കഴിയുമെന്നും അവർ പറഞ്ഞു.

യഥാർത്ഥത്തിൽ നമ്മെ സംരക്ഷിക്കുക എന്നതായിരുന്നില്ല അവരുടെ ഉദ്ദേശ്യം. സംശയദൃഷ്ടിയോടെയാണ് അവർ നമ്മളെ കണ്ടിരുന്നത്. ആ ഘട്ടത്തിലും ഹദ്റത്ത് സാഹിബ് സാദ മിർസാ വസീം അഹ്മദ് സാഹിബ് ഖാദിയാനിലെ എല്ലാ അഹ്മദികളേയും മസ്ജിദ് മുബാറക്കിൽ വിളിച്ചുചേർത്തു. വേദനാനിർഭരമായ വാക്കുകളിൽ ഒരു പ്രസംഗം ചെയ്തു. അവിടന്ന് പറഞ്ഞു.

"ഇത് നമ്മുടെ ശാശ്വതമായ കേന്ദ്രമാണ്. നമ്മൾ ഇതിനെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. (എങ്ങനെയെങ്കിലും ഒഴിഞ്ഞുകിട്ടിയാൽ ആ സ്ഥലം കൈയടക്കാമന്നതായിരുന്നു അവരുടെ ഉദ്ദേശ്യം) ഇന്നത്തെ ഒരേയൊരു രാത്രിയാണ് നമ്മുടെ പക്കലുള്ളത്. നമ്മുടെ ദുആ മുഖേന അല്ലാഹുവിന്റെ അർശിനെ പിടിച്ചുകുലുക്കുക. സർക്കാർ നമ്മളെക്കുറിച്ച് ഈ തീരുമാനത്തിൽത്തന്നെ ഉറച്ചുനില്ക്കുകയാണെങ്കിൽ, ഓർമ്മിക്കുക, ഒരു കുട്ടിപോലും സ്വന്തം ഇഷ്ടത്താൽ ഖാദിയാന് വെളിയിൽ പോകുകയില്ല. നമുക്ക് നമ്മുടെ ജീവൻ ബലിയർപ്പിക്കേണ്ടി വന്നാലും പരിശുദ്ധമായ സ്ഥലങ്ങൾ നിലകൊള്ളുന്ന ഈ ഖാദിയാൻ വിട്ട് നാം പോകുകയില്ല. ഓർത്തുകൊള്ളുക, ഞാനും ഇവിടെനിന്ന് സ്വയം വെളിയിൽപ്പോകുകയില്ല. സർക്കാരുദ്യോഗസ്ഥന്മാർ എന്നെ വലിച്ചിഴച്ച് വെളിയിൽ കൊണ്ടുപോകുകയാണെങ്കിൽ കൊണ്ടുപോകട്ടെ. എന്നാൽ, ഞാൻ എന്റെ കാലിൽ നടന്നുപോകുകയില്ല. നിങ്ങളിലെ ഓരോ ദർവേശിന്റേയും നിങ്ങളുടെ മക്കളുടേയും പൊസിഷൻ ഇതുതന്നെയായിരിക്കണം. എന്നെ കൊണ്ടുപോയിട്ട്, ഞങ്ങൾ നിങ്ങളുടെ മിയാസാഹിബിനെ കൂട്ടിക്കൊണ്ടുപോയി, അതുകൊണ്ട് നിങ്ങളും വരിക എന്ന് അവർ പറഞ്ഞേക്കാം. അവർ എന്നെ കൊണ്ടുപോകുന്നെങ്കിൽ കൊണ്ടുപോകട്ടെ. നിങ്ങൾ പോകുകയില്ല. ജമാഅത്തിലെ ഓരോ അംഗത്തിന്റേയും വായിൽനിന്ന് പുറപ്പെടേണ്ട ശബ്ദം, ഞങ്ങൾ ഖാദിയാനെ ഉപേക്ഷിക്കുകയില്ല എന്നതായിരിക്കണം. നിവേദകൻ പറയുന്നു, ആ രാത്രി ഖാദിയാനിലെ ഓരോ കുട്ടിയുടേയും അവസ്ഥ ഇതായിരുന്നു. ഓരോ വ്യക്തിയും അല്ലാഹുവിന്റെ മേൽ കമിഴ്ന്നു വീഴുന്ന പ്രതീതി. മസ്ജിദ് മുബാറക്കിന്റെ ഓരോ മുക്കിലും മൂലയിലും മസ്ജിദ് അഖ്സായുടെ ഓരോ കോണുകളിലും ബിഹിശ്തിമഖ്ബറയുടെ ഓരോ സ്ഥലത്തും ദുആ നടന്നുകൊണ്ടിരുന്നു. ഓരോ വീടിന്റേയും ഭിത്തികൾ, ദർവേശുകളുടെ ഉള്ളിൽനിന്ന് പുറത്തുവന്ന കഠിനവിലാപത്തിനും നിലവിളിക്കും സാക്ഷിയാണ്. അത് ദൈവികസന്നിധിയിൽ മുട്ടിവിളിക്കാൻ തുടങ്ങി. അവരുടെ സുജൂദിന്റെ സ്ഥലം നനവാർന്നതായി. അവരുടെ നെറ്റിത്തടം ദൈവികസവിധത്തിൽ കുനിഞ്ഞുതന്നെ കിടന്നു. നൂറുക്കണക്കിന് കരങ്ങൾ ദൈവികസവിധത്തിലേക്ക് ഉയർന്നു. ആ രാത്രിയും പകലും ഞങ്ങൾ ഇങ്ങനെയാണ് കഴിച്ചുകൂട്ടിയത്. അവസാനം അല്ലാഹു അവരുടെ ദുആ സ്വീകരിച്ചു. അടുത്തദിവസം സർക്കാരുദ്യോഗസ്ഥരെ

കാണാനും വിവരങ്ങളെല്ലാം വ്യക്തമാക്കാനും വേണ്ടി ഒരു സംഘം ആളുകൾ പോയി. സൈനികോദ്യോഗസ്ഥന്മാർ നേരിട്ട് ഖാദിയാനിൽ വന്നു. മഖാമാത്തെ മുഖദ്ദസ അവർ കണ്ടു. അഹ്മദിയ്യാ മുഹല്ലയും അവർ നേരിൽ കണ്ടു. പിന്നീട് ഡി.സി. സാഹിബ് തുടങ്ങിയവരുടെ ശിപാർശയാൽ തീരുമാനം സർക്കാർ പിൻവലിച്ചു.

ശതവാർഷിക ജൂബിലി കൊണ്ടാടിയ അവസരത്തിൽ, ഇന്ത്യ മുഴുവനും അവിടന്ന് പര്യടനം നടത്തി. ജമാഅത്തുകളെ ഓർഗനൈസ് ചെയ്തു. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഖാദിയാൻ സന്ദർശിച്ച സന്ദർഭത്തിൽ, എല്ലാ ഉത്തരാവദിത്തങ്ങളും ഏറ്റെടുത്തു നടത്തി. 2005-ൽ ഞാൻ ഖാദിയാൻ സന്ദർശിച്ചപ്പോൾ മിയാൻസാഹിബിന് നല്ല സുഖമില്ലായിരുന്നു. വളരെ ക്ഷീണമുണ്ടായിരുന്നു. കഠിനമായ ഇൻഫക്ഷനുണ്ടായിരുന്നു. ആദ്യയോഗത്തിൽ അധ്യക്ഷം വഹിക്കേണ്ടത് അദ്ദേഹമായിരുന്നു. നല്ല പനിയുണ്ടായിരുന്ന സന്ദർഭമായിരുന്നു അത്. പക്ഷേ, ഞാൻ സമ്മതം കൊടുത്തത് കൊണ്ടുമാത്രമാണ് യോഗത്തിന് എത്തിയത്. സന്ദർഭവശാൽ ഞാൻ വീട്ടിൽവന്ന് എം.ടി.എ. ഓൺ ചെയ്തുനോക്കിയപ്പോൾ, അദ്ദേഹം അധ്യക്ഷനായിരിക്കുന്നതാണ് കണ്ടത്. 'അങ്ങയ്ക്ക് സുഖമില്ല, അധ്യക്ഷസ്ഥാനത്തുനിന്ന് വിരമിച്ച് ഉടനെ വരികയെന്ന്' ഞാൻ പറഞ്ഞയച്ചു. 'എനിക്ക് സുഖമില്ല എനിക്ക് പനിയാണ്. ഇരിക്കാൻ കഴിയില്ല. എന്നൊന്നും അദ്ദേഹം പറഞ്ഞില്ല. അങ്ങേയറ്റം ക്ഷീണിതനായിരുന്നുവെങ്കിലും 'ഞാൻ സമ്മതം കൊടുത്തുകഴിഞ്ഞു' എന്ന ഒറ്റക്കാരണത്താലാണ് ബുദ്ധിമുട്ടി അവിടെപ്പോയി അധ്യക്ഷസ്ഥാനത്തിരുന്നത്. എന്റെ സന്ദേശം കിട്ടിയുടനെ എഴുന്നേറ്റുപോരികയും ചെയ്തു.

ജനങ്ങളോട് കണക്കറ്റ സ്നേഹമായിരുന്നു. സേവനത്തിന്റെ വികാരം തുടിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിമാരെ അതിരറ്റ് ആദരിച്ചിരുന്നു. ദർവേശുമാരോട് വലിയ സ്നേഹമായിരുന്നു. എന്നല്ല, ഒരിക്കൽ ദർവേശുമാരെക്കുറിച്ച ആരോ വേണ്ടാത്തത് പറഞ്ഞപ്പോൾ, അവിടന്ന് വെറുപ്പ് പ്രകടിപ്പിക്കുകയുണ്ടായി. വാസ്തവത്തിൽ, അദ്ദേഹത്തിന്റെ സ്വഭാവം എപ്പോഴെങ്കിലും വെറുപ്പ് പ്രകടിപ്പിക്കുമെന്ന് തോന്നുന്നതായിരുന്നില്ല. പക്ഷേ, ദർവേശുമാരുടെ അഭിമാനം ഓർത്തപ്പോൾ, ആ വാക്കുകൾ അദ്ദേഹത്തിന് സഹിക്കാൻ കഴിഞ്ഞില്ല.

അതിഥിസൽക്കാരം എടുത്തുപറയേണ്ട പ്രത്യേകതയായിരുന്നു. രാത്രി നേരത്ത് ആരെങ്കിലും കാണാൻ വന്നാൽ സന്തോഷത്തോടെ എതിരേല്ക്കുമായിരുന്നു. ബീഗം സാഹിബ പറയുന്നു: പെരുന്നാൾ ദിനങ്ങളിൽ വിധവകളെക്കാണാനും അവർക്ക് സമ്മാനം നല്കാനും എന്നെ പറഞ്ഞുവിടുമായിരുന്നു. ഏതെങ്കിലും പുരുഷനോ സ്ത്രീയോ സുഖമില്ലാതായാൽ അവരെ സന്ദർശിക്കാൻ പോകുമായിരുന്നു. രോഗം കൂടുതലാണെന്ന് കണ്ടാൽ അവരെ അമൃതസർ ആശുപത്രിയിൽ കൊണ്ടുപോകാൻ ഏർപ്പാട് ചെയ്യുമായിരുന്നു. ദർവേശുമാരെ കുട്ടികളെപോലെയാണ് പരിപാലിച്ചിരുന്നത്.

ഹദ്റത്ത് മിയാൻസാഹിബിന്റെ ഒരു പ്രത്യേകത, വളരെ നല്ലനിലയിൽ ആലോചിച്ചും ചിന്തിച്ചും സംസാരിച്ചിരുന്നു എന്നതാണ്. ജമാഅത്തിന്റെ പാരമ്പര്യത്തിൽനിന്ന് അകന്ന എന്തെങ്കിലും കാര്യം ഉണ്ടാകാതിരിക്കാനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും നബി(സ) തിരുമേനിയുടേയും സ്ഥാനത്തെ ബാധിക്കുന്ന ഒന്നും വന്നുപോകാതിരിക്കാനും പൊങ്ങച്ചത്തിന്റെ നാറ്റം ഉണ്ടാകാവുന്നതും ദർവേശീപരമായ വിനയത്തിന് ക്ഷതം പറ്റുന്നതുമായ കാര്യം സംസാരത്തിനിടെ ഉണ്ടാകാതിരിക്കാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അക്കാര്യങ്ങളെല്ലാം അല്ലാഹുവിന്റെ അനുഗ്രഹം അകറ്റിക്കളയുന്നതാണ്.

ധനത്യാഗത്തിനുള്ള ആഹ്വാനം ഉണ്ടാകുമ്പോൾ അത്യുത്സാഹത്തോടെ അതിൽ പങ്കെടുത്തിരുന്നു. ഖലീഫയിൽനിന്നുണ്ടാകുന്ന ഓരോ ആഹ്വാനത്തിലും ആദ്യം സ്വയം പങ്കെടുക്കുകയും പിന്നീട് ജമാഅത്തിനെ ഉപദേശിക്കുകയുമാണ് ചെയ്തിരുന്നത്. മരിക്കുന്നതിന് കുറച്ചു ദിവസം മുമ്പേ എനിക്ക് എഴുതിയിരുന്നു: 'ഞാൻ ഖിലാഫത്ത് ജൂബിലിക്കായി ഒരു ലക്ഷം രൂപ വാഗ്ദാനം ചെയ്തിരുന്നു. അത് എന്റെ ഓർമ്മയിൽ ഉണ്ടായിരുന്നില്ല. അൽഹംദുലില്ലാഹ്. എനിക്കിപ്പോൾ തക്കസമയത്ത് അതോർമ്മവന്നു. ഞാനിന്ന് അതടച്ചുതീർക്കുകയും ചെയ്തു.' അങ്ങേയറ്റം ക്ഷമ ചോദിച്ചുകൊണ്ടുള്ള ഒരു കത്തായിരുന്നു അത്. വഫാത്താകുന്നതിന് കുറച്ച് ദിവസം മുമ്പേ ഈ കണക്കും ശരിയാക്കിക്കൊണ്ടാണ് പോയത്. വസിയ്യത്തിന്റെ കണക്കും അപ്പപ്പോൾ ശരിയാക്കിവെച്ചിരുന്നു. തന്റെ ജീവിതത്തിൽ തന്നെ ഭൂസ്വത്തുക്കളുടെ കണക്കും ശരിയാക്കി കഴിഞ്ഞിരുന്നു. 1/9-ലാണ് വസിയ്യത്ത് ചെയ്തിരുന്നത്.

ഖിലാഫത്തിൽനിന്ന് എന്തെങ്കിലും കല്പനയുണ്ടാകുകയോ, നിർദ്ദേശം ലഭിക്കുകയോ ചെയ്താൽ ഉടനെ അതുപോലെതന്നെ അത് നടപ്പിൽ വരുത്തിയിരുന്നു. എന്തെങ്കിലും കാര്യം മനസ്സിലായില്ലെങ്കിൽ അതിന്റെ വിശദീകരണവും തേടി ചിലർ നടക്കുന്നതുപോലെ അല്ലെങ്കിൽ സ്വന്തം ഇഷ്ടത്തിന് അത് വ്യാഖ്യാനിച്ച് നടപ്പിൽ വരുത്തുന്നതുപോലെയായിരുന്നില്ല. ഖലീഫയുടെ ഉദ്ദേശ്യം എന്താണെന്ന് ക്ഷണത്തിൽ മനസ്സിലാക്കിയിരുന്നു.

അല്ലാഹുതആല ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഈ മകന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

(*ഖുത്ബ, 4.5.2007*)

*ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)*

# ദുൽക്കിഫ്ൽ അഥവാ യെഹെസ്കേൽ പ്രവാചകൻ

**ഹ**ദ്റത്ത് ഇസ്മായീൽ(അ) ഹദ്റത്ത് ഇബ്റാഹിം(അ)ന്റെ മൂത്തമകനായിരുന്നു. എന്നാൽ, ക്രിസ്ത്യാനികൾ പല തന്ത്രങ്ങളാൽ അദ്ദേഹത്തെ അടിമസ്ത്രീയുടെ മകനാണെന്ന് പറഞ്ഞ് സത്യാവകാശം നിഷേധിക്കാൻ ആഗ്രഹിക്കുന്നു. ഹദ്റത്ത് ഇദ്രീസ്(അ)ന്റെ ജീവിതാവസ്ഥകൾ മർയം എന്ന അദ്ധ്യായത്തിന്റെ വ്യാഖ്യാനത്തിൽ എഴുതിക്കഴിഞ്ഞു. ഇനി ദുൽക്കിഫ്ൽ അഥവാ യെഹെസ്കേൽ പ്രവാചകനെ സംബന്ധിച്ചുള്ള എന്റെ സൂക്ഷ്മാന്വേഷണം ചുവടെ രേഖപ്പെടുത്തുകയാണ്.

ദുൽക്കിഫ്ലിന്റെ പേരെടുത്ത് വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ളത് രണ്ടിടത്താണ്. ഒന്ന് അമ്പിയാഅ് അദ്ധ്യായത്തിന്റെ 86-ാം വചനത്തിൽ. അവിടെ ഇസ്മാഈലിന്റേയും ഇദ്രീസിന്റേയും ദുൽക്കിഫ്ലിന്റേയും പേരുകൾ ഒരുമിച്ചു പറഞ്ഞിരിക്കുന്നു. രണ്ടാമത്തേത് സ്വാദ് എന്ന അധ്യായത്തിലാണ്. അവിടെ ഇസ്മാഈൽ, അൽയസഅ്, ദുൽക്കിഫ്ൽ ഒന്നിച്ചു പറഞ്ഞിരിക്കുന്നു. ഇങ്ങനെ അമ്പിയാഅ്, സ്വാദ് എന്നീ സൂറത്തുകളിൽ ദുൽക്കിഫ്ലിനെക്കുറിച്ച് വന്നിട്ടുണ്ട്. ഒരിടത്ത് ഇസ്മാഈൽ(അ)നോടും ഇദ്രീസ്(അ)നോടുമൊപ്പവും മറ്റൊരിടത്ത് ഇസ്മായീലിനോടും അൽയസഅ്(അ)നോടുമൊപ്പവും.

മുസ്ലിം വ്യാഖ്യാതാക്കൾ ദുൽക്കിഫ്ലിനെ സംബന്ധിച്ച് ഒരുപാട് നിവേദനങ്ങൾ എടുത്തു ചേർത്തിട്ടുണ്ട്. അവരതിൽ അദ്ദേഹം നബിയല്ലാത്ത ഒരു വ്യക്തിയായിരുന്നു എന്ന് വാദിച്ചിരിക്കുന്നു. അദ്ദേഹത്തെ ഒരു നബി തന്റെ പ്രതിനിധിയായി നിശ്ചയിച്ചിരുന്നുവെന്ന് ചിലർ പറയുമ്പോൾ ചിലർ പറയുന്നത് ഒരു രാജാവ് തന്റെ പ്രതിനിധിയായി അദ്ദേഹത്തെ നിയമിച്ചിരുന്നു എന്നാണ്. അദ്ദേഹം പകൽ നോമ്പ് നോല്ക്കുകയും രാത്രിയിൽ ആരാധനാകർമ്മങ്ങളിൽ മുഴുകുകയും ചെയ്തു. ഒരിക്കലും കോപിച്ചിരുന്നില്ല.

നബി(സ) തിരുമേനി പറഞ്ഞതായി അബ്ദുല്ലാഹിബ്നു ഉമർ(റ)ന്റെ ഒരു നിവേദനം ഹദീസുകളിൽ വന്നിട്ടുണ്ട്. ഇത് മറ്റു ഗ്രന്ഥങ്ങൾക്കു പുറമെ മുസ്നദ് അഹ്മദിലും സുനൻ തിർമിദിയിലും വിവരിക്കപ്പെട്ടിരിക്കുന്നു. അതായത്, ദുൽക്കിഫ്ൽ ഒരു സ്ത്രീയെ ചീത്തക്കാര്യത്തിനായി നിർബന്ധിച്ച ഒരാളായിരുന്നു. അവൾക്ക് കുറച്ച് പണം നല്കി. പട്ടിണി കാരണം സ്ത്രീ നിർബന്ധത്തിനു വഴങ്ങിയെങ്കിലും അവൾ കരയാൻ തുടങ്ങി. അപ്പോൾ അയാൾ അല്ലാഹുവിനെ ഭയന്നു. അയാൾ ആ സ്ത്രീയെ പറഞ്ഞുവിട്ടു. പശ്ചാത്തപിച്ചുമടങ്ങുകയും ചെയ്തു.

ഈ ഹദീസിൽ വിശുദ്ധഖുർആനിൽ പറയപ്പെട്ട അതേ ദുൽക്കിഫ്ലാണ് പറഞ്ഞിട്ടുള്ളതെന്ന് ദ്യോതിപ്പിക്കുന്ന ഒരു വാക്കുമില്ല. എന്നല്ല, ഈ ഹദീസുകളിൽ അയാളുടെ പേര് അൽക്കിഫ്ൽ എന്നും വന്നിട്ടുണ്ട്. ഈ ഹദീസുകൾ ശരിയാണെങ്കിൽ, ഈ നിവേദനം മറ്റാരെയെങ്കിലും സംബന്ധിച്ചാകാൻ തികച്ചും സാധ്യതയുണ്ട്. കാരണം പ്രവാചകന്മാരോടൊപ്പം എണ്ണാൻപറ്റുന്ന ഒരു സംഭവമല്ല ഇതെന്ന് ഓരോ ബുദ്ധിമാന്മാർക്കും മനസ്സിലാക്കാൻ കഴിയും. ഇസ്മായീലിനോടും ഇദ്രീസിനോടും ഇസ്മായീലിനോടും അൽയസഅ്നോടും(അ) അയാളുടെ പേര് ചേർത്തു പറയാൻ പറ്റുകയില്ല.

വാസ്തവമെന്താണെന്നുവെച്ചാൽ, ദുൽക്കിഫ്ൽ ഹിസ്ഖിയേൻ(അ)ന്റെ അറബീകരിച്ച രൂപമാണ്. യാഅ്, വാപായും 'വാവ്' 'ഫാ' ആയും മാറാറുണ്ട്. അതുകൊണ്ട് ഹിസ്ഖിയേൽ എന്നതിൽനിന്ന് ഹിസ്ഖിഫലും അതിൽനിന്ന് ദുൽക്കിഫ്ലും ഉണ്ടാകുക എന്നത് അകന്ന കാര്യമല്ല. ഹിസ്ഖിയേൽ എന്നത് അറബിയിൽ തർജമ ചെയ്ത് ദുൽക്കിഫ്ൽ എന്ന് പറയപ്പെട്ടതുമാകാം. ഹിസ്ഖിയേൽ എന്നതിന്റെ അർത്ഥം 'അല്ലാഹുവിൽനിന്ന് ശക്തി ലഭിച്ചവൻ' എന്നാണ്. കിഫ്ൽന്റെ അർത്ഥവും 'ഓഹരി' എന്നാണ്. അതുകൊണ്ട് ദുൽക്കിഫ്ല് എന്നതിന്റെ അർത്ഥം 'വലിയ ഓഹരി ലഭിച്ചവൻ' എന്നാണ്. അറബികൾ ഹിസ്ഖിയേലിന്റെ പേരുകേട്ടിട്ട്, ഇബ്റാനിയിൽ അതിന്റെ അർത്ഥം ഗ്രഹിച്ച് അതിന്റെ തർജമ ദുൽക്കിഫ്ൽ എന്നാക്കിയതാവാനും സാധ്യതയുണ്ട്.

അൽയസഅ്നോടു ചേർന്ന് അദ്ദേഹത്തിന്റെ പേര് വന്നതുതന്നെ, ഇത് ഹിസ്ഖിയേൽ നബി തന്നെയാണെന്നതിനുള്ള കൂടുതൽ തെളിവാണ്. ഹിസ്ഖിയേലും അൽയസഅ്ും തമ്മിൽ പ്രത്യേക ബന്ധമുണ്ട്. അൽയസഅ് ചെയ്ത പ്രവചനങ്ങൾ ഹിസ്ഖിയേലിന്റെ കാലത്ത് പുലർന്നിരുന്നു. യഹൂദി എഴുത്തു

കാർ ഹിസ്ഖിയേനേയും അൽയസഅ്നേയും തമ്മിൽ പരസ്പരം താരതമ്യപ്പെടുത്താറുണ്ട്.

ബൈബിൾ സാഹിത്യങ്ങളിൽ ഹിസ്ഖിയേലിനെ നാല് വലിയ നബിമാരിൽ ഒരാളായി ഗണിക്കുന്നു.

ഹിസ്ഖിയേൽ ഒരു പ്രസിദ്ധ മതകുടുംബവുമായി ബന്ധമുണ്ടായിരുന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ കുട്ടിക്കാലം യരുശലേമിലെ ആരാധനാസ്ഥലത്താണ് ചെലവഴിച്ചത്. അവിടെ അദ്ദേഹം മതപരമായ വിദ്യാഭ്യാസവും നേടി.

ബാബിളിലെ രാജാവ് തടവുകാരാക്കി യരുശലേമിൽനിന്ന് കൊണ്ടുപോയവരിൽപെട്ടയാളായിരുന്നു ഹിസ്ഖിയേൽ. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ തടവുകാലത്തെക്കുറിച്ചുള്ള സ്മരണ തുടരെത്തുടരെ കാണാം. അദ്ദേഹം ആലിംകളുടെ നേതാവല്ലായിരുന്നു എന്നതു ശരി. എന്നാൽ, അദ്ദേഹത്തിന്റെ അപാരമായ ധൈര്യം കാരണത്താൽ രാജാവ് അദ്ദേഹത്തെ തടവിലാക്കി യരുശലേമിൽ കൊണ്ടുപോകാൻ പറ്റിയ ആളാണെന്ന് മനസ്സിലാക്കി.

അദ്ദേഹത്തിന്റെ ജനനം ക്രിസ്തുവിന് മുമ്പേ 622 ആയിരുന്നു. ക്രിസ്തുവിനു മുമ്പേ 592 മുതൽ അദ്ദേഹത്തിന്റെ ഇൽഹാമീ കാലഘട്ടം ആരംഭിക്കുന്നു. അപ്പോൾ അദ്ദേഹത്തിന് 30 വയസ്സിനോടടുത്തായിരുന്നു പ്രായം. ഏകദേശം 22 വർഷംവരെ അദ്ദേഹം നുബൂവ്വത്തോടുകൂടി ജീവിച്ചു. ക്രിസ്തുവിന് മുമ്പേ 570-ൽ 52-ാം വയസ്സിൽ അദ്ദേഹം നിര്യാതനായി.

ഹിസ്ഖിയേൽ വിവാഹവും കഴിച്ചിരുന്നു. യരൂശലേം വീണ്ടും ജനനിബിഢമാകുമെന്ന് അദ്ദേഹം പ്രവചിക്കുകയും ചെയ്തിരുന്നു. അതിനെക്കുറിച്ച് വിശുദ്ധഖുർആനിൽ ബഖറ അദ്ധ്യായത്തിൽ (2:260) അദ്ദേഹത്തിന്റെ കാലത്തിനുശേഷം യഹൂദികളിൽനിന്ന് പലപ്പോഴും അകലുകയും വീണ്ടും മടങ്ങിവരികയും ചെയ്തിരുന്ന ബഹുദൈവാരാധന അവർ ഉപേക്ഷിച്ചിരുന്നതായി പറയുന്നുണ്ട്.

ചില ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായം ഹിസ്ഖിയേൽ ഇസ്റായീൽ നബിമാരിൽ അവസാനത്തെ നബിയായിരുന്നു എന്നാണ്. അതിനുശേഷം വന്നവർ വാസ്തവത്തിൽ വലിയ വലിയ ഉലമാക്കളായിരുന്നു. അല്ലെങ്കിൽ അവർ മതപരിഷ്കർത്താക്കൾ ആയിരുന്നു എന്നുപറയാം. പ്രവാചകത്വം ഉൾക്കൊള്ളുന്നവരായിരുന്നില്ല.

ഹിസ്ഖിയേൽ തന്നെക്കുറിച്ച് മനുഷ്യപുത്രൻ എന്നു പറയാറുണ്ടായിരുന്നു. യെഹെസ്കേൽ 2:1, 3:25, 4:1 (മസീഹും തന്നെക്കുറിച്ച് മനുഷ്യപുത്രനെന്ന് പറഞ്ഞിരുന്നു. ഹനൂഖിനേയും മനുഷ്യപുത്രനെന്ന് പറയപ്പെട്ടിരുന്നു) ഒരുപാട് സ്ഥലങ്ങളിൽ അദ്ദേഹത്തെ മനുഷ്യപുത്രനെന്നോ, ആദമിന്റെ മകനെന്നോ പറഞ്ഞിരിക്കുന്നു. അല്ലാഹു അദ്ദേഹത്തെ സംബോധന ചെയ്ത സ്ഥലങ്ങളിലെല്ലാം മിക്കവാറും മനുഷ്യപുത്രൻ എന്നാണ് പറഞ്ഞിട്ടുള്ളത്. ഇത് ഹിസ്ഖിയേലും ഇദ്‌രീസും മസീഹും തമ്മിലുള്ള ഒരു സാദൃശ്യമാണ്.

ഹിസ്ഖിയേൽ കുറച്ചുനാൾവരെ മൗനം പാലിച്ചിരുന്നു. താൻ ദൈവകല്പനയാൽ മൗനംപാലിക്കുമെന്ന് അദ്ദേഹം പറഞ്ഞു. (യെഹെസ്കേൽ 3:26) ഇതിൽ നിന്ന് അദ്ദേഹത്തിന് സക്‌രിയ്യാ(അ)യുമായിട്ട് സാദൃശ്യമുണ്ടെന്ന് മനസ്സിലാകുന്നു.

ഹിസ്ഖിയേലിന്റെ ഗ്രന്ഥത്തിൽനിന്ന് മനസ്സിലാകുന്നത് അദ്ദേഹം ബനൂനസ്റിനെ ഒരുപാട് സ്തുതിച്ചു പറയുന്നആളായിരുന്നു എന്നാണ്. ഇസ്റായീലിനും മിസ്റിനും ടായിറിനും എതിരിൽ അദ്ദേഹം എടുത്ത നടപടി ശരിയാണെന്ന് മനസ്സിലാക്കിയിരുന്നു. അതവരുടെ ദ്രോഹപ്രവർത്തനങ്ങളുടെ ഫലമാണെന്നായിരുന്നു അദ്ദേഹം മനസ്സിലാക്കിയിരുന്നത്.

ഹിസ്ഖിയേലിന്റെ ഗ്രന്ഥം ബൈബിളിലെ ആദ്യത്തേയോ അവസാനത്തേയോ ഗ്രന്ഥമാണ്. ഇതിന്റെ കുറച്ചുഭാഗം നബി തന്നെയാണ് രചിച്ചത്. ആ ഗ്രന്ഥത്തിലെ കുറച്ചുഭാഗം അദ്ദേഹം വിവരിച്ചുകൊടുത്തതാണെന്ന് മനസ്സിലാകുന്നുണ്ട്. (എൻസൈക്ലോപീഡിയ ബബ്ളിക്ക, പേ 1456-1458)

ഹിസ്ഖിയേൽ നബിയുടേയും യർമിയാഹ് നബിയുടേയും ഗ്രന്ഥങ്ങൾ പാരായണം ചെയ്യുമ്പോൾ മനസ്സിലാകുന്നത് അവർ, ബാബ്ലി ഭരണകൂടത്തിന്നെതിരിൽ പ്രവർത്തിക്കരുതെന്ന അഭിപ്രായക്കാരായിരുന്നു എന്നാണ്. എന്നല്ല അവരെ സഹായിക്കണം. അക്കാലത്ത് മതപുരോഹിതന്മാർ അവർ രണ്ടുപേരേയും രാജ്യദ്രോഹികൾ എന്നു പറഞ്ഞിരുന്നു. ടൈറ്റസിന്റെ കാലത്ത് റോമൻഭരണകൂടത്തെ പിന്തുണച്ച മസീഹിനേയും യഹൂദികൾ രാജ്യദ്രോഹി എന്ന് മുദ്ര കുത്തിയിരുന്നു. ഇക്കാലത്ത് സിക്കുകൾക്കെതിരിൽ ഇംഗ്ലീഷുകാരെ സ്തുതിച്ചുപറഞ്ഞ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും ഉലമാക്കൾ രാജ്യദ്രോഹി എന്നു പറഞ്ഞു.

ബാബ്ൽ ഭരണകൂടത്തിന്നെതിരിൽ പ്രവർത്തിക്കാൻ ഉപദേശിച്ചിരുന്നവരെ ഹിസ്ഖിയേൽ(അ) രാജ്യദ്രോഹികൾ എന്ന് പറഞ്ഞിരുന്നു. ബാബ്ളിൽ പിടിച്ചുകൊണ്ടുവരപ്പെട്ട യഹൂദികളിലൂടെ തങ്ങളുടെ മതത്തിൽ ഉറച്ചുനില്ക്കുന്ന ഒരു പുതിയ യഹൂദിജനത എഴുന്നേല്ക്കുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. അങ്ങനെ ആ പ്രവചനം പുലർന്നു; അതിനുശേഷം യഹൂദികൾ ഒരിക്കലും ബാഹ്യമായ സൃഷ്ടിപൂജ നടത്തിയിട്ടില്ല. കാരണം ചിലർ തങ്ങൾക്ക് കിട്ടിയ ശിക്ഷയിൽനിന്ന് പാഠം പഠിച്ചു. ചിലർക്ക് ദീർഘകാലം ബിംബാരാധകരുടെ ഇടയിൽ പാർക്കേണ്ടിവന്ന കാരണത്താൽ ബിംബങ്ങളുടെ യാഥാർത്ഥ്യവും മനസ്സിലായി. (ഇക്കാര്യത്തിലും ഹിസ്ഖിയേലിന് ഈസാമസീഹും മുഹമ്മദീ മസീഹുമായിട്ട് സാദൃശ്യമുണ്ട്)

എങ്ങനെയാണ് അല്ലാഹു ബാബളിൽ തന്നെ വെളി

പ്പെടുത്തിയതെന്നും പിന്നീട് അദ്ദേഹത്തെ നുബൂവ്വത്ത് ഏല്പിച്ചതെന്നും ഹിസ്ഖിയേൽ തന്റെ ഗ്രന്ഥത്തിന്റെ ആദ്യ അദ്ധ്യായത്തിൽ പറയുന്നുണ്ട്. സക്രിയാ(അ)യെ പോലെ അദ്ദേഹത്തിനും മൗനവ്രതമെടുക്കാൻ കല്പന കിട്ടിയിരുന്നുവെന്ന് അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്റെ മൂന്നാം അധ്യായം 26-ാം വചനത്തിൽനിന്ന് മനസ്സിലാകുന്നു.

തന്റെ ജനത വീണ്ടും രക്ഷ പ്രാപിക്കുമെന്നും അഭിവൃദ്ധിപ്പെടുമെന്നും ഹിസ്ഖിയേൽ അറിയിക്കുന്നു. അതിൽ ദീർഘകാലം സുരക്ഷിതരായിരിക്കുമെന്നും പ്രവചിക്കുന്നു. വീണ്ടും യരുശലേമിനെ ആരാധനാസ്ഥലം ആക്കുന്നതിനെ സംബന്ധിച്ചും പ്രവചനം ചെയ്തു. അതിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും കൊടുത്തു. ആരാധനാസ്ഥലം ഉണ്ടാക്കുന്നതിനെ സംബന്ധിച്ചും അതനുസരിച്ച് പുരോഹിതർ പ്രവർത്തിക്കേണ്ടതിനെ സംബന്ധിച്ചുമുള്ള എല്ലാ നിയമങ്ങളും അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്റെ 40,41,42,43,44 എന്നീ അദ്ധ്യായങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

ഹിസ്ഖിയേൽ മലക്കുകളെക്കുറിച്ച് പറയുന്നില്ല. പക്ഷേ, തന്നെ ആത്മാക്കൾ എടുത്തുകൊണ്ടുപോയതായി അദ്ദേഹം പറയുകതന്നെ ചെയ്തിട്ടുണ്ട്. അത് മലക്കുകളിലേക്കുള്ള സൂചനയാണെന്ന് മനസ്സിലാക്കാവുന്നതാണ്.

മനുഷ്യരെ സംബന്ധിച്ച് ഹിസ്ഖിയേലിന്റെ പാഠം സൽക്കർമ്മിയിൽനിന്ന് ദുഷ്കർമ്മിയാകാനും ദുഷ്ക്കർമ്മിയിൽനിന്ന് സൽക്കർമ്മിയാകാനുമുള്ള പ്രാപ്തി അവരിലുണ്ടെന്നാണ്. മനുഷ്യൻ തീരുമാനിക്കുകയും ദൃഢനിശ്ചയം ചെയ്യുകയും ചെയ്യുക എന്നതാണ് അതിനുള്ള മാർഗ്ഗമെന്ന് അദ്ദേഹം പറയുന്നു. ഹിസ്ഖിയേൽ 18-ാം അദ്ധ്യായത്തിൽ ഉപമയിലൂടെ എങ്ങനെയാണ് നല്ല പിതാവിൽനിന്ന് ചീത്തമകനും ചീത്തപിതാവിൽനിന്ന് നല്ല മകനും പിറക്കുന്നതെന്ന് വിവരിക്കപ്പെട്ടിരിക്കുന്നു. പിതാവിന്റെ പാപം പുത്രനെ ബാധിക്കുകയില്ല. പിതാവിന് കിട്ടുന്ന ശിക്ഷ പുത്രന് ലഭിക്കുകയില്ല. അദ്ദേഹം ചോദിക്കുന്നു. "എന്നാൽ മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ടതല്ലയോ എന്ന് നിങ്ങൾ ചോദിക്കുന്നു; മകൻ നീതിയും ന്യായവും പ്രവർത്തിച്ചു എന്റെ ചട്ടങ്ങളെ പ്രമാണിച്ചു നടക്കുന്നു എങ്കിൽ, അവൻ ജീവിച്ചിരിക്കും. പാപം ചെയ്യുന്ന ദേഹി മരിക്കും. മകൻ അപ്പന്റെ കൃത്യം സഹിക്കേണ്ട; അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട. നീതിമാന്റെ നീതി അവന്റെമേലും ദുഷ്ടന്റെ ദുഷ്ടത അവന്റെമേലും ഇരിക്കും. എന്നാൽ, ദുഷ്ടൻ താൻ ചെയ്ത സകല പാപങ്ങളേയും വിട്ടു തിരിഞ്ഞ് എന്റെ ചട്ടങ്ങളെയൊക്കെയും പ്രമാണിച്ചു, നീതിയും ന്യായവും പ്രവർത്തിക്കുന്നുവെങ്കിൽ, അവൻ മരിക്കാതെ ജീവിച്ചിരിക്കും. അവൻ ചെയ്ത അതിക്രമങ്ങളിൽ ഒന്നിനേയും അവന് കണക്കിടുകയില്ല; അവൻ ചെയ്ത നീതിയാൽ അവൻ ജീവിക്കും. (യെഹെസ്കേൽ 18:19-22)

വീണ്ടും അദ്ദേഹം പശ്ചാത്തപിക്കാൻ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നു. പറയുന്നു: അകൃത്യം നിങ്ങൾക്ക് നാശകരമായി ഭവിക്കാതിരിക്കേണ്ടതിനു നിങ്ങൾ മനന്തിരിഞ്ഞ് നിങ്ങളുടെ അതിക്രമങ്ങളൊക്കെയും വിട്ടുതിരിവിൻ. നിങ്ങൾ ചെയ്തിരിക്കുന്ന അതിക്രമങ്ങളൊക്കെയും നിങ്ങളിൽനിന്ന് എറിഞ്ഞുകളവിൻ; നിങ്ങൾക്ക് പുതിയൊരു ഹൃദയത്തേയും പുതിയൊരു ആത്മാവിനേയും സമ്പാദിച്ചുകൊൾവിൻ. (യെഹെസ്കേൻ 18:30,31) (എൻസൈക്ലോപീഡിയ ബബ്ളിക്ക)

ഹിസ്ഖിയേൽ, ജൂശായുടെ സന്താനപരമ്പരയിൽ പെട്ടയാളായിരുന്നുവെന്ന് യഹൂദ സാഹിത്യങ്ങളിൽ എഴുതിയിരിക്കുന്നു. ചിലർ പറയുന്നത് അദ്ദേഹം യിരെമ്യാവിന്റെ മകനായിരുന്നു എന്നാണ്. യെശയ്യാവിനെക്കാൾ കൂടുതൽ വിശദമായി ദൈവസിംഹാസനത്തിന്റെ അവസ്ഥ ഹിസ്ഖിയേൽ വിവരിച്ചിട്ടുണ്ട് എന്ന് അദ്ദേഹത്തെക്കുറിച്ച് എഴുതിയിരിക്കുന്നു. പക്ഷേ, അതിന്റെ അർത്ഥം അദ്ദേഹം യെശയ്യാവിനേക്കാൾ വലിയ ആളാണെന്നല്ല എന്നാണ് യഹൂദി ഉലമാക്കൾ പറയുന്നത്. അതിന്റെ അർത്ഥം അദ്ദേഹം ദൈവത്തിന്റെ സിംഹാസനം ഒരിക്കലെ കണ്ടിട്ടുള്ളൂ എന്നാണ്. അതുകൊണ്ട് കൂടുതൽ വിശദമായി ഓർമ്മവെച്ചു. യെശയ്യാവ് പല പ്രാവശ്യം ദൈവത്തിന്റെ സിംഹാസനം കണ്ടിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ദൃഷ്ടികൾ അതിന്റെ ഒരു പ്രാധാന്യവും അന്വേഷിച്ചിരുന്നില്ല. ഹിസ്ഖിയേൽ മരിച്ചവരെ ജീവിപ്പിക്കാറുണ്ടായിരുന്നു എന്നാണ് യഹൂദി ഉലമാക്കൾ പറയുന്നത്. ചിലർ പറയുന്നത് അദ്ദേഹം കണ്ട സ്വപ്നമായിരുന്നു അതെന്ന്. അതിന്ന് രൂപം നല്കപ്പെട്ടുവെന്നുമാണ്. (ഇക്കാര്യത്തിലും അദ്ദേഹത്തിന് ഈസായുമായി സാദൃശ്യമുണ്ടായിരുന്നു) (ജൂയിശ് എൻസൈക്ലോപീഡിയ, പേ: 315, കോളം 2)

വിശുദ്ധഖുർആനിലും ഈ സംഭവം വിവരിച്ചിട്ടുണ്ട്. ഇതിൽനിന്ന് മനസ്സിലാകുന്നത് അത് സ്വപ്നമായിരുന്നുവെന്നു തന്നെയാണ്. (2:260)

നാടുകടത്തലിൽ ഹിസ്ഖിയേൽ ബാബലിന്റെ സമീപപ്രദേശത്തുതന്നെയാണ് വഫാത്തായത്. ഒരു ദീർഘകാലംവരെ യഹൂദികളും മുസ്ലിംകളും അദ്ദേഹത്തിന്റെ ഖബ്ർ സന്ദർശിച്ചിരുന്നു. ഡേരൻ മറൂദിന്നടുത്തുള്ള കിഫ്ൽ എന്ന സ്ഥലത്താണ് ഈ ഖബ്ർ ഉള്ളതെന്ന് പറയപ്പെടുന്നു. (ഈ സ്ഥലത്തിന്റെ പേര് കിഫ്ൽ എന്നായതുതന്നെ വ്യക്തമായും വിളിച്ചോതുന്നത് അറബികളുടെ ഭാഷയിൽ ഹിസ്ഖിയേലിന്റെ നാമം തന്നെയാണ് കിഫ്ൽ എന്നാകുന്നു.) (ജൂയിശ് എൻസൈക്ലോപീഡിയ)

ബൈബിൾ ചരിത്രകാരന്മാരുടെ അഭിപ്രായപ്ര

കാരം യേശുവിന് മുമ്പേ ഏഴാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ഹിസ്ഖിയേൽ നബി ജനിച്ചത്. യേശുവിന്റെ ഏകദേശം 570-ന്റെ അവസാനംവരെ അദ്ദേഹം ജീവിച്ചു. ദൈവദർശനം തനിക്കുണ്ടായിരിക്കുന്നു എന്നതായിരുന്നു ഹിസ്ഖിയേൽ നബിയുടെ വാദം. അധികവും അദ്ദേഹം തന്റെ ജനതയുടെ നാശത്തെക്കുറിച്ചാണ് മുന്നറിയിപ്പ് നല്കിയിരുന്നത്. തന്റെ പുസ്തകത്തിന്റെ രണ്ടാം അധ്യായത്തിൽ അദ്ദേഹം ഒരു സ്വപ്നം വിവരിച്ചിട്ടുണ്ട്. അതിൽ ഒരു പുസ്തകം അദ്ദേഹത്തിന് കാണിക്കപ്പെട്ടു. അത് തിന്നുകൊള്ളുക എന്ന് അദ്ദേഹത്തോട് പറയപ്പെട്ടു. ആ പുസ്തകത്തിൽ വിലാപങ്ങളും സങ്കടവും കഷ്ടവും എഴുതിയിരുന്നു. അദ്ദേഹത്തിന്റെ ജീവിതം മുഴുവനും ഈ വാക്കുകളനുസരിച്ച് കടന്നുപോകുമെന്നാണ് അതിൽ സൂചിപ്പിക്കപ്പെട്ടിരുന്നത്.

ഹിസ്ഖിയേലിന്റെ കാലഘട്ടത്തിൽ യഹൂദികളിൽ സംസ്കാരം വളരെ വളർന്നിരുന്നു. പ്രബലമായ ഒരു ജനതയായി അവർ മാറിയിരുന്നു. രാഷ്ട്രീയമായി അവർ ബലഹീനരായിത്തീർന്നുവെങ്കിലും അവരുടെ ഐക്യം കാരണത്താൽ ആർക്കും സത്യം അവരെ കേൾപ്പിക്കാൻ സാധിക്കുമായിരുന്നില്ല. ആരെങ്കിലും സത്യമായ കാര്യം പറഞ്ഞാൽ എല്ലാവരും അവന്റെ പിന്നാലെ കൂടുമായിരുന്നു. അതുകൊണ്ടാണ് ഞാൻ നിന്നോട് പറയുന്നത് ജനങ്ങൾക്കെത്തിക്കുക ഇല്ലെങ്കിൽ അതിനുത്തരവാദി നീ തന്നെയാകുമെന്ന് അധ്യായം മൂന്നിൽ ഹിസ്ഖിയേലിനോട് പറയപ്പെട്ടത്. ഇത് വിശുദ്ധഖുർആനിൽ പറഞ്ഞ അതേ കാര്യം തന്നെയാണ്. ***യാ അയ്യുഹർറസൂലു ബല്ലിഗ് മാ ഉൻസില ഇലയ്ക്ക മിൻറബ്ബിക്ക വഇൻലം തഫ്അൽ ഫമാ ബല്ലഗ്ത്ത രിസാലത്തുഹു*** അല്ലയോ നമ്മുടെ റസൂലേ, ഞാൻ നിനക്ക് ഇറക്കിത്തന്ന എല്ലാ പാഠങ്ങളും ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക. അതുമുഴുവനും നീ എത്തിക്കുന്നില്ലെങ്കിൽ, നീ ഒന്നുംതന്നെ എത്തിച്ചിട്ടില്ലെന്ന് കരുതപ്പെടുന്നതാണ് (5:68).

മൂർച്ചയുള്ള കത്തികൊണ്ട് തലയും താടിയും ക്ഷൗരം ചെയ്യുക എന്ന് ഹിസ്ഖിയേലിനോട് പറയപ്പെട്ടതായി അധ്യായം 5-ൽ പറയുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് അക്കാലത്ത് യഹൂദികൾ താടി വെച്ചിരുന്നുവെങ്കിലും അത് നിർബന്ധമായി അവർ കരുതിയിരുന്നില്ല എന്നാണ്.

ഏകദൈവ വിശ്വാസത്തെ എതിർത്ത കാരണത്താൽ യഹൂദികൾ കുറച്ചുപേരൊഴിച്ച് ബാക്കിയെല്ലാവരും നശിപ്പിക്കപ്പെടുമെന്ന് അധ്യായം 6-ൽ ഹിസ്ഖിയേൽ പറയുന്നു.

അധ്യായം 7-ൽ വീണ്ടും ബനുഇസ്റായേലിന്റെ നാശത്തെക്കുറിച്ച് പറയുന്നു. ദൈവത്തിന്റെ സത്യമായ ജമാഅത്ത് നശിക്കുമ്പോൾ അന്യജനതകളെ ദൈവം അവരുടെമേൽ അധികാരികളാക്കുന്നു. അപ്പോൾ ആ അന്യസമുദായം ദുഷ്ടന്മാരാണോ എന്ന് നോക്കാറില്ല. അവർ എത്രമാത്രം നശിച്ചവരാണെങ്കിലും സത്യമായ ഗ്രന്ഥവുമായി ബന്ധപ്പെട്ട ജമഅത്തിനുമേൽ അവരെ അധികാരപ്പെടുത്തുന്നതാണ്; നബിയുടെ ജമാഅത്ത് പശ്ചാത്തപിച്ച് മടങ്ങുന്നതിനും സ്വയം തങ്ങളെ നന്നാക്കിത്തീർക്കുന്നതിലേക്ക് ശ്രദ്ധിക്കുന്നതിനും വേണ്ടിയാണിത്.

സത്യമായ ദീനുമായി ബന്ധംവയ്ക്കുകയും എന്നാൽ, അതനുസരിച്ച് പ്രവർത്തിക്കാതെ ആരാണോ നശിക്കുന്നത് അവർക്കായി ചെയ്യപ്പെടുന്ന ശിപാർശയും സ്വീകരിക്കപ്പെടുകയില്ലെന്ന് അധ്യായം 9-ൽ പറയുന്നു.

അവസാനം ബനൂഇസ്റായിലിന് മോചനം നല്കപ്പെടുമെന്നും അധ്യായം 11-ൽ പറയുന്നുണ്ട്. ബാബിൾ ഭരണകൂടത്തിന്റെ തടവറയിൽനിന്ന് അവർ മോചിതരാകും.

അധ്യായം 12-ൽ യഹൂദികളെ ഉപദേശിക്കുന്നു. അതായത്, അവർ ദൈവികവചനങ്ങളെ പരിഹസിക്കുന്നു. പ്രവചനങ്ങളെ വ്യർത്ഥമായി മനസ്സിലാക്കുന്നു. എന്നാൽ, അല്ലാഹു ഹിസ്ഖിയേലിന്റെ പ്രവചനങ്ങളെ സത്യമായി പുലർത്തി യഹൂദികളെ അസത്യവാന്മാരാക്കും. ഈ അധ്യായത്തിലെ ഒരു വചനം വിശുദ്ധ ഖുർആനിലെ ഒരു വചനത്തിന് തികച്ചും സാമ്യമുള്ളതാണ്. പറയുന്നു: കാണ്മാൻ കണ്ണുണ്ടെങ്കിലും അവർ കാണുന്നില്ല. കേൾപ്പാൻ ചെവിയുണ്ടെങ്കിലും അവർ കേൾക്കുന്നില്ല; അവർ മത്സരഗൃഹമല്ലോ (വചനം 2).

വിശുദ്ധഖുർആനിൽ പറയുന്നു. ***വലഹും അഅ്യുനുൻ ലായുബ്സിറൂന ബിഹാ വലഹും ആദാനുൻല്ലാ യസ്മഊനബിഹാ ഉലായിക്ക കൽഅൻആമി ബൽഹും അളല്ല്***. അവർക്ക് കണ്ണുകളുണ്ട്. പക്ഷേ, അവകൊണ്ട് അവർ കാണുന്നില്ല. അവർക്ക് കാതുകളുണ്ട്. പക്ഷേ, അവകൊണ്ട് അവർ കേൾക്കുന്നില്ല. അവർ കന്നുകാലികൾക്ക് തുല്യരാണ്; അല്ല! അവർ അവയേക്കാളും വഴിപിഴച്ചവരാകുന്നു (7:180). കാരണം കന്നുകാലികൾ അല്പമൊക്കെ കേൾക്കാറുണ്ട്. കുറച്ച് കാണാറുമുണ്ട്. പക്ഷേ, ആത്മീയാന്ധന്മാരും, ആത്മീയബധിരന്മാരും ഒന്നും കാണുന്നില്ല, ഒന്നും കേൾക്കുന്നില്ല.

കൃത്രിമമായ നിലയിൽ ദൈവത്തിന്റെ അടുത്തയാളാണെന്ന് പറഞ്ഞ് നടക്കുന്നവരെ അദ്ദേഹം അധ്യായം 13-ൽ ശകാരിക്കുന്നുണ്ട്.

അധ്യായം 29-ൽ അദ്ദേഹം ഈജിപ്തിലെ ബനൂഖദ് നസ്റിന്നെതിരിൽ ഒരു വൻപരാജയത്തെക്കുറിച്ച് മുന്നറിയിപ്പ് നല്കുന്നുണ്ട്. എന്നാൽ, 40 വർഷത്തിനുശേഷം വീണ്ടും പൂർവ്വസ്ഥിതിയിലേക്ക് മടങ്ങുമെന്നും അറിയിക്കുന്നു.

അധ്യായം 37-ൽ 1 മുതൽ 14 വരെയുള്ള വചന

ങ്ങളിൽ താൻകണ്ട ഒരു സ്വപ്നത്തെക്കുറിച്ച് അദ്ദേഹം പ്രതിപാദിക്കുന്നു. അത് ഇസ്റായീലിന്റെ പുനരധിവാസത്തെക്കുറിച്ചുള്ളതാണ്. ഇത് ഖുർആനിലെ ബഖറ അധ്യായത്തിലും പറയുന്നുണ്ട്.

അതായത്, "ആ വ്യക്തിയുടെ സംഭവത്തിൽ ചിന്തിക്കുക. അദ്ദേഹം, മേൽത്തട്ടുകളുടെമേൽ വീണ് തകർന്നുകിടക്കുകയായിരുന്ന ഒരു പട്ടണത്തിന്നടുത്തൂടെ പോവുകയായിരുന്നു. അത് കണ്ടുകൊണ്ട് അദ്ദേഹം ചോദിച്ചു. അല്ലാഹുവേ, ഇതിന് നാശത്തിനു ശേഷം എപ്പോഴാണ് നീ ഇതിനെ പുനരുജ്ജീവിപ്പിക്കുക. അപ്പോൾ അല്ലാഹു അയാളെ നൂറുവർഷം വരെ സ്വപ്നത്തിൽ മരിച്ചവനാക്കിവച്ചു. പിന്നീട് അയാളെ എഴുന്നേല്പിച്ചു. ചോദിച്ചു: നീ എത്രകാലം ഈ അവസ്ഥയിൽ കഴിച്ചുകൂട്ടി. അയാൾ പറഞ്ഞു: എന്റെ രക്ഷിതാവേ ഞാൻ ഈ അവസ്ഥയിൽ ഒരു ദിവസമോ ദിവസത്തിന്റെ കുറച്ചുഭാഗമോ കഴിച്ചുകൂട്ടി. അല്ലാഹു പറഞ്ഞു: ഇതും ശരിതന്നെയാണ്. നീ ഈ അവസ്ഥയിൽ നൂറുകൊല്ലമാണ് കഴിച്ചുകൂട്ടിയത്. നിന്റെ ആഹാരപാനീയങ്ങൾ നോക്കുക. അവ ജീർണ്ണിച്ചിട്ടില്ല. നിന്റെ കഴുതയേയും നോക്കുക. ഇത് രണ്ടും സുരക്ഷിതമായി കണ്ട് നിന്റെ ധാരണയും നമ്മുടെ ധാരണയും അതാതിന്റെ സ്ഥാനത്ത് ശരിയാണെന്ന വസ്തുത നീ മനസ്സിലാക്കുക. നിന്നെ മനുഷ്യർക്ക് ഒരു ദൃഷ്ടാന്തമാക്കുന്നതിന് വേണ്ടിയാണ്. അസ്ഥികൾ നോക്കുക. നാമെങ്ങനെയാണ് അവ പരസ്പരം ഘടിപ്പിക്കുകയും പിന്നെ അതിൽ മാംസം പിടിപ്പിക്കുകയും ചെയ്യുന്നത് എന്ന്. അങ്ങനെ അദ്ദേഹത്തിന് ഈ യാഥാർത്ഥ്യം വ്യക്തമായി മനസ്സിലായപ്പോൾ 'അല്ലാഹു സർവ്വശക്തനാണെന്ന് ഞാൻ അറിയുന്നു' എന്ന് അദ്ദേഹം പറഞ്ഞു (2:260).

ഈ സ്വപ്നത്തിന്റെ അർത്ഥം സാധാരണ യഹൂദികൾ പറയുന്നത് ഹിസ്ഖിയേൽ മരിച്ചവരെ ജീവിപ്പിച്ചു എന്നാണ്. എന്നാൽ, പ്രഗത്ഭരായ പണ്ഡിതന്മാർ വാസ്തവത്തിൽ ഇതൊരു സ്വപ്നമായിരുന്നുവെന്ന് വ്യാഖ്യാനിച്ചിരിക്കുന്നു. വിശുദ്ധഖുർആനിൽ ഈ വചനം മനസ്സിലാക്കുന്നതിൽ ജനങ്ങൾക്ക് അതേ തെറ്റുധാരണ ഉണ്ടായിട്ടുണ്ട്. പൊതുവെ കണ്ടാൽ മനസ്സിലാകുന്നത്, സൂറഃബഖറയിലെ ഈ വചനത്തിൽ മരിച്ചവരെ ജീവിപ്പിക്കുന്നതിനെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത് എന്നാണ്. വാസ്തവത്തിൽ മരിച്ചവരെ ജീവിപ്പിക്കുന്നതിനെ കുറിച്ചല്ല. മരിച്ച ഒരു ജനതയുടെ ജീവനത്തെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്.

38, 39 അധ്യായങ്ങളിൽ യഅ്ജൂജ് മഅ്ജൂജിനെക്കുറിച്ചും പറഞ്ഞിരിക്കുന്നു. എങ്ങനെ അവർ ലോകത്ത് പടർന്നു പന്തലിക്കുമെന്നും അവസാനം എങ്ങനെയാണ് അല്ലാഹു അവരെ നശിപ്പിക്കുന്നതെന്നും വ്യക്തമാക്കിയിരിക്കുന്നു.

അധ്യായം 40-നെ തുടർന്ന് യരുശലേം പുനരധിവസിക്കപ്പെടുന്നതിനെക്കുറിച്ച് വിശദീകരിച്ച് പറയുന്നുണ്ട്. അദ്ദേഹത്തിന്റെ വേദപുസ്തകത്തിൽ മൊത്തം 48 അധ്യായമുണ്ട്.

അല്ലാഹു ഈ മൂന്ന് നബിമാരേയും സ്മരിച്ചുകൊണ്ട് പറയുന്നു. ***കുല്ലുൻമ്മിനസ്സ്വാബിരീൻ.*** ഇതിലൂടെ സൂചിപ്പിക്കുന്നത് അയ്യൂബിനുശേഷം നാം ഈ മൂന്ന് നബിമാരേയും കുറിച്ച് പറഞ്ഞത് അദ്ദേഹവും ക്ഷമാശീലനായിരുന്നു എന്നതിനാലാണ്. വിപത്തുകൾ സഹിക്കുന്നതിൽ ഇവർക്ക് അയ്യൂബിനോട് സാദൃശ്യമുണ്ടായിരുന്നു. ഹദ്റത്ത് ഇസ്മായീലിന് തന്റെ പിതാവിൽനിന്നും ജന്മനാട്ടിൽനിന്നും അകലേണ്ടിവന്നു. ഇദ്‌രീസിനും ദുൽകിഫ്‌ലിനും വിവിധ വിപത്തുകളിലൂടെയും ആപത്തുകളിലൂടെയും കടക്കേണ്ടിവന്നു. അവരുടെ അവസ്ഥകളിൽനിന്ന് അത് വ്യക്തമാകുന്നുണ്ട്. (*തഫ്സീറെ കബീർ, പുതിയ പതിപ്പ്, വാള്യം 5,6. പേജ് 554-560. വിവ: മുഹമ്മദ് ഇസ്മായീൽ*)

---

**7-ാം പേജിൽനിന്ന്**

ക്കുന്നതുകൊണ്ടോ ആണ്. അതുകൊണ്ടാണ് അവൻ മരണത്തെ ഭയക്കുന്നത്. തന്റെ ജീവിതകാലം എങ്ങനെയെങ്കിലും നീട്ടിക്കിട്ടണമെന്ന് അവൻ ആഗ്രഹിക്കുന്നു. അല്ലെങ്കിൽ മരിച്ചതിനുശേഷമുള്ള ജീവിതത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിലും അതനുസരിച്ച് കർമ്മങ്ങൾ ചെയ്യാത്തവനിലാണ് ഭയമുണ്ടാകുന്നത്. കർമ്മങ്ങൾ ചെയ്യാത്തതുകൊണ്ട് അല്ലാഹുവിന് എന്ത് മറുപടി കൊടുക്കുമെന്ന് അവൻ ഭയപ്പെടുന്നു. എന്നാൽ പരലോകത്തിൽ സത്യമായും വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവന്റെ മനസ്സിൽ ഭയമുണ്ടാകുകയില്ല. രണ്ടാമത് പറഞ്ഞത് വിഷമത്തെക്കുറിച്ചാണ്. സത്യവിശ്വാസികൾക്കൊരിക്കലും വിഷമമുണ്ടാകുകയില്ലെന്ന് അല്ലാഹു പറയുന്നു. ബന്ധവും സ്നേഹവും ഉള്ളതുകൊണ്ടാണ് ഏതെങ്കിലും സാധനം നഷ്ടപ്പെട്ടാൽ വിഷമമുണ്ടാകുന്നത്. ആ വിഷമം അനുഭവിക്കുന്നതിനേയോ അത് പ്രകടിപ്പിക്കുന്നതിനേയോ അല്ലാഹു വിരോധിച്ചിട്ടില്ല. കഴിഞ്ഞുപോയ വീഴ്ചകളെ കണ്ടുകൊണ്ട് അല്ലാഹു, തന്നെ സഹായിക്കുകയില്ല എന്ന വിചാരത്തിൽനിന്നുണ്ടാകുന്നതാണ് ഒരു വിഷമം. പറഞ്ഞു: ആർക്കാണോ അല്ലാഹുവിൽ ദൃഢവിശ്വാസമുള്ളത് വിഷമം അവന്റെ അയലത്തുകൂടി പോവുകയില്ല. കാരണം അവൻ തന്റെ ദൈവത്തിന്റെ സ്നേഹത്തിലും കഴിവുകളിലും പൂർണ്ണമായും വിശ്വസിക്കുന്നു. തന്റെ ഇഷ്ടദാസനെ അല്ലാഹു നഷ്ടപ്പെടുത്തുകയില്ലെന്ന് അവന് നന്നായറിയാം. (*തഫ്സീറെ കബീർ, ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്, വാള്യം 2, പേ:125-127, വിവ: മുഹമ്മദ് ഇസ്മായീൽ*)

*ഹദ്റത്ത് മിർസാ വസീം അഹ്മദ്*

# ധാർമ്മികതയാണ് ജീവിതവിജയം

**ശാ**രീരികമായും മാനസികമായും ധാർമ്മികമായും അഭിവൃദ്ധിപ്പെടണമെന്നാശിക്കുന്നവർ തങ്ങളുടെ കുട്ടികളുടെ സ്വഭാവസംസ്കരണത്തിൽ വളരെയധികം ശ്രദ്ധാലുക്കളായിരിക്കും. നമ്മുടെ ഭാരതത്തിന്റെ ഭാവിയെ രൂപപ്പെടുത്തുന്നതിൽ അതിപ്രധാനമായ ഒരു പങ്ക് വഹിക്കേണ്ടുന്ന വിഭാഗമാണ് വിദ്യാർത്ഥികൾ. ജീവിതത്തിന്റെ തത്ത്വങ്ങളിൽ നല്ലവണ്ണം ഉറച്ചുനിൽക്കുകയും മനുഷ്യജീവിതത്തിന്റെ മൗലികമായ ഉദ്ദേശ്യങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കുകയുമാണെങ്കിൽ നിങ്ങൾക്ക് മാത്രമല്ല മറ്റുള്ളവർക്കും അതുകൊണ്ട് ഗുണം ലഭിക്കുവാനുണ്ട്. മനുഷ്യരിൽ സദാചാരപരവും ആത്മീയവുമായ വശങ്ങളെ വളർത്തിക്കൊണ്ടുവരികയാണ് മതത്തിന്റെ കർത്തവ്യം. എല്ലാ മതങ്ങളുടേയും അടിസ്ഥാനതത്ത്വങ്ങളെ പരിശോധിക്കുന്നതായാൽ ഈയൊരു യാഥാർത്ഥ്യം വെളിപ്പെടുന്നതാണ്. എല്ലാ മതങ്ങളുടേയും അടിസ്ഥാനം ഒന്നാണെന്ന് പറയുന്നതും അതുകൊണ്ടത്രെ. ജനങ്ങളുടെ സദാചാരങ്ങളെ വളർത്തിക്കൊണ്ടുവരുന്നതിനും അവരിൽ ആദ്ധ്യാത്മികത നിറയ്ക്കുന്നതിനും ദൈവത്തിൽനിന്ന് ആത്മഗുരുക്കന്മാർ എല്ലാ സമുദായങ്ങളിലും ആവിർഭവിച്ചിട്ടുണ്ടെന്ന് വിശ്വസിക്കേണ്ടത് മതദൃഷ്ട്യാ മുസ്ലിംകളുടെ കടമയാണ്. ഏതു മതത്തിൽ നോക്കിയാലും സദാചാരത്തേയും ദൈവവിശ്വാസത്തേയും കുറിച്ചുള്ള പാഠങ്ങൾ കാണാം. ഓരോ സമുദായത്തിലും ആത്മീയപരിഷ്കർത്താക്കൾ നിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് കാണ്മാൻ കഴിയും. മുഹമ്മദ്നബി(സ) തിരുമേനിയുടെ ആവിർഭാവത്തിന് എത്രയോ മുമ്പേ ഭാരതത്തിലും അത്തരം ആത്മീയപരിഷ്ക്കർത്താക്കളും പ്രവാചകന്മാരും ആവിർഭവിക്കുകയുണ്ടായിട്ടുണ്ട്. അഹ്മദികളായ ഞങ്ങൾ ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീബുദ്ധൻ എന്നീ മഹാത്മാക്കളെ സംബന്ധിച്ചിടത്തോളം അവർ ആത്മീയപരിഷ്ക്കർത്താക്കളായിരുന്നു എന്നാണ് വിശ്വസിക്കുന്നത്. മറ്റു പ്രവാചകന്മാരെപ്പോലെതന്നെ അവരേയും ഞങ്ങൾ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു. ഈ അടിസ്ഥാനത്തിൽ എന്റെ പ്രിയപ്പെട്ട വിദ്യാർത്ഥികളായ നിങ്ങളോടു ചിലത് സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നു.

ഈ ലോകത്ത് നാം ജനിച്ചിട്ടുള്ളത് വിവിധ ജാതിക്കാരും വിഭാഗക്കാരും വർഗ്ഗക്കാരുമായ എല്ലാവരും പരസ്പരം മൈത്രിയിലും സാഹോദര്യത്തിലും സ്നേഹത്തിലും വർത്തിച്ചുകൊണ്ട് നമ്മുടെ ദൈവത്തെ പ്രാപിക്കുവാൻ വേണ്ടിയാണ്. നാം എന്തുതന്നെ അഭിപ്രായാന്തരങ്ങളുള്ളവരാണെങ്കിലും ഭാരതീയരത്രെ. ഒരേ മാതാവിന്റെ ഉദരത്തിൽനിന്നും ജനിച്ച മക്കളാണ് നാം. ആകയാൽ, ഭാരതമാതാവിന്റെ സന്താനങ്ങളായ നാം ഹിന്ദുവായാലും മുസ്ലിമായാലും ക്രിസ്ത്യാനിയായാലും ബൗദ്ധനായാലും സിക്കുകാരനായാലും ഏകോദരസഹോദരങ്ങളെപ്പോലെയാണ് അന്യോന്യം പെരുമാറേണ്ടത്.

വിവിധ ലക്ഷ്യങ്ങൾ കരസ്ഥമാക്കുന്നതിന് വിവിധ മാർഗ്ഗങ്ങളാണ് നിർണ്ണയിക്കപ്പെട്ടിരിക്കുന്നത്. കൃഷിയാണ് ഒരാളുടെ ജോലിയെങ്കിൽ അയാൾ നിലമുഴുകുകയും, സമയത്തിന് വിത്തിറക്കുകയും, കൊയ്യുകയും വേണം. അതാത് സമയത്ത് അതാത് ജോലി നിർവ്വിഘ്നം നിർവ്വഹിച്ചില്ലെങ്കിൽ കൃഷിക്കാരന് അവന്റെ ലക്ഷ്യമായ ധാന്യങ്ങൾ കിട്ടിയില്ലെന്നുവരും. മനുഷ്യജീവിതത്തിലെ എല്ലാ വശങ്ങളിലും പ്രകൃതിനിയമം ഇതുതന്നെയാണ്. സമയത്തിനൊത്ത് അവരവരുടെ കടമ നിർവ്വഹിച്ചില്ലെങ്കിൽ ലക്ഷ്യം കരസ്ഥമാക്കാൻ സാധ്യമല്ല. വിദ്യാഭ്യാസമാണ് ലക്ഷ്യമെങ്കിൽ അതിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുകയും അതാത് സമയത്ത് ചെയ്യേണ്ട ജോലി അതാത് സമയത്ത് ചെയ്യുകയും വേണം. പ്രിയരെ, നിങ്ങൾ വിദ്യാർത്ഥികളാണ്. വിദ്യ അഭ്യസിക്കുകയാണ് നിങ്ങളുടെ ഇന്നത്തെ ലക്ഷ്യം. നിങ്ങൾ വിദ്യ അഭ്യസിച്ചുകഴിഞ്ഞതിനുശേഷം ബാഹ്യലോകത്തിറങ്ങി രാഷ്ട്രത്തിനുവേണ്ടി പ്രവർത്തിക്കേണ്ടവരാണ്. ആകയാൽ, രാഷ്ട്രത്തെ ഭാവിയിൽ നേർവഴിയിലൂടെ നയിച്ചുകൊണ്ടുപോവുകയെന്ന ചുമതലയേല്ക്കുവാൻ നിങ്ങൾ പ്രാപ്തരായിത്തീരുന്നതിന്, ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസത്തിൽ നിങ്ങളുടെ മുഴുവൻ ശ്രദ്ധയും ചെലുത്തേണ്ടത് ആവശ്യമാണ്. നിങ്ങളുടെ ഈ ജീവിതദശയിൽ നിങ്ങൾ ശ്രദ്ധയോടെ പഠിക്കുന്നെങ്കിൽ മാത്രമെ നിങ്ങൾക്ക് ജീവിതം തന്നെയും ഉപകാരപ്പെടുകയുള്ളൂ.

പ്രാചീനകാലങ്ങളിൽ ഗുരുശിഷ്യബന്ധത്തിന് ദിവ്യമായൊരു പരിശുദ്ധി കൽപിക്കപ്പെട്ടിരുന്നു. വിദ്യാർത്ഥികൾ ഗുരുക്കന്മാരെ ബഹുമാനിച്ചിരുന്നതുപോലെ അക്കാലങ്ങളിൽ ഗുരുക്കന്മാർ തങ്ങളുടെ ശിഷ്യന്മാരേയും ബഹുമാനിച്ചിരുന്നുവെന്നു കാണാം. എന്നാൽ, ഇന്നങ്ങനെയല്ല. പാശ്ചാത്യ സംസ്കാരത്തിന്റെ സ്വാധീനത്താൽ ഇന്ന് വിദ്യാർത്ഥികൾക്ക് ഗുരുനാഥന്മാരോടുള്ള ഭക്തിബഹുമാനങ്ങൾ ഇല്ലാതായിത്തീർന്നിരിക്കുകയാണ്. ഈ പ്രവണത ജനതയുടെ ആത്മീ

യോൽകർഷത്തിന് തടസ്സമായിരിക്കുമെന്ന് വിദ്വജ്ജനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. നിങ്ങളുടെ ഗുരുനാഥന്മാർ എല്ലാവരേക്കാളും ബഹുമാനം അർഹിക്കുന്നവരാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും, നന്ദിഭാവത്താൽ വിനയനമ്രരായി അവരുടെ മുമ്പിൽ നിൽക്കുകയും വേണ്ടതാണ്. ഗുരുനാഥന്മാരെ ബഹുമാനിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് യഥാർത്ഥത്തിലുള്ള അഭിവൃദ്ധി കരസ്ഥമാക്കാൻ സാധ്യമല്ല.

വിദ്യാഭ്യാസത്തെപ്പറ്റി പറയുമ്പോൾ സദാചാരപരമായ ശിക്ഷണത്തെക്കുറിച്ചും പറയേണ്ടിയിരിക്കുന്നു. സദാചാരപരമായ ശിക്ഷണം ഈ ഘട്ടത്തിൽതന്നെയാണ് നിങ്ങൾക്ക് ലഭിക്കേണ്ടിയിരിക്കുന്നത്. ആകയാൽ അതുസംബന്ധിച്ച് ചിലത് സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നു. എല്ലാ നന്മകളുടേയും വേര് സത്യസന്ധതയാണെന്നും എല്ലാ തിന്മകളുടേയും വേര് അസത്യമാണെന്നും നിങ്ങൾ മനസ്സിലാക്കേണ്ടതാണ്. നിങ്ങൾ സത്യസന്ധരാണെങ്കിൽ മറ്റെല്ലാ ധാർമ്മികഗുണങ്ങളും തനിയെ നിങ്ങളിൽ ഉണർന്ന് വികസിച്ചുകൊള്ളും. അസത്യമാകട്ടെ, മറ്റെല്ലാ നന്മകളേയും കാർന്നുതിന്നുകയും നിങ്ങളിൽ തിന്മ നിറയ്ക്കുകയും ചെയ്യും. ധാർമ്മികജീവിതത്തിന്റെ മുരട് സത്യമാണെന്നും സത്യത്തിൽനിന്നാണ് എല്ലാ നന്മകളും മുളച്ചുപൊങ്ങുന്നതെന്നും നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നതിന് ഞാൻ ഒരു സംഭവകഥ പറയാം.

ഇസ്‌ലാംമതസ്ഥാപകരായ മുഹമ്മദ്നബി(സ) തിരുമേനിയുടെ അടുക്കൽ ഒരിക്കൽ ഒരാൾ വന്നു. തനിയ്ക്ക് ഒരു നന്മ പറഞ്ഞുതരണമെന്ന് ആവശ്യപ്പെട്ടു. അയാൾ പലതരം ദുർനടപടികളിലും നിമഗ്നനായി അധാർമ്മികജീവിതം നയിച്ചുകൊണ്ടിരുന്ന ഒരാളായിരുന്നു. നബിതിരുമേനി(സ) അയാളോടു, സത്യം മാത്രമെ പറയുകയുള്ളൂവെന്ന് പ്രതിജ്ഞ ചെയ്യണമെന്നു പറഞ്ഞു. അങ്ങനെ ദൃഢനിശ്ചയം ചെയ്താൽ എല്ലാ പാപങ്ങളിൽനിന്നും രക്ഷപ്പെടാൻ സാധിക്കുമെന്നും നബി (സ) അയാളെ ഉപദേശിച്ചു. അതിൽപിന്നെ, എന്തു പാപം ചെയ്യാൻ ഭാവിക്കുമ്പോഴും അയാൾക്ക് തന്റെ ആ പ്രതിജ്ഞ ഓർമ്മവരുമായിരുന്നു. ഒരിക്കൽ അയാൾ കക്കാൻപോയി. കളവ് ചെയ്യാൻ ഭാവിക്കുമ്പോൾ അയാൾക്ക് തോന്നി, 'ഞാൻ ഈ കളവ് നടത്തിയ വിവരം നബി അറിഞ്ഞെങ്കിൽ ഞാൻ വഷളാകും. നബിയുടെ മുമ്പിൽചെന്ന് കളവ് പറയാനും സാധ്യമല്ല.' അങ്ങനെ അയാൾ കളവ് നടത്താതെ തന്റെ നിലപാട് നബിയോട് ചെന്നുപറഞ്ഞു. ഇവ്വിധത്തിൽ അയാൾ സത്യം മാത്രം പറയുമെന്ന പ്രതിജ്ഞയിൽ ഉറച്ചുനിൽക്കുകയാൽ അയാൾക്ക് മറ്റെല്ലാ ദുർഗുണങ്ങളിൽനിന്നും പാപങ്ങളിൽനിന്നും രക്ഷപ്പെടുവാൻ കഴിഞ്ഞു. ആകയാൽ, ഒരിക്കലും കളവ് പറയുകയില്ലെന്ന് നിങ്ങളും സ്വയം പ്രതിജ്ഞ ചെയ്യുകയാണെങ്കിൽ, നിങ്ങളിൽ നന്മ വർദ്ധിക്കുന്നതിന് അത് കാരണമാകും. സ്കൂളിലെത്തിയാൽ ഗുരുനാഥന്റെ മുമ്പിലും വീട്ടിലെത്തിയാൽ മാതാപിതാക്കളുടെ മുമ്പിലും കളവ് പറയാതിരിക്കുന്നതിന് തക്കവണ്ണം നിങ്ങളിൽ പ്രവർത്തനൗത്സുക്യവും ധാർമ്മികബോധവും വളരുന്നതിന് ആ പ്രതിജ്ഞ സഹായകമായിരിക്കുന്നതാണ്.

മറ്റൊരു സംഗതി എനിയ്ക്ക് നിങ്ങളോട് പറയാനുള്ളത് പരിശ്രമശീലത്തെക്കുറിച്ചാണ്. പരിശ്രമിക്കുന്നവർക്ക് ഫലം ആസ്വദിക്കാൻ കഴിയും എന്നതാണ് പ്രകൃതിനീതി. ജീവിതത്തിൽനിന്നും നമുക്ക് ലഭിക്കുന്ന പാഠം അതാണ്. ആർ അധികം പരിശ്രമിക്കുമോ അവർക്ക് ജയം ലഭിക്കും. ഓട്ടമത്സരം നിങ്ങൾ കണ്ടിരിക്കും. അനവധി ആളുകൾ ഒന്നിച്ചു ഓടുന്നു. അതിൽ, ഒന്നോ രണ്ടോ പേരാണ് വിജയം നേടുന്നത്. എന്നാൽ, ആ ഒന്നോ രണ്ടോ പേരുടെ വിജയം ഒരു യാദൃശ്ചിക സംഭവമല്ല. അനവധികാലത്തെ പരിശ്രമവും അധ്വാനവും അതിന്റെ പിന്നിലുണ്ടാകും. പരിശ്രമത്തിന്റെ ഫലമാണ് ആ വിജയികൾ ആസ്വദിക്കുന്നത്. ആകയാൽ നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നാൽ മാത്രമേ നിങ്ങൾക്കും വിജയം നേടാൻ കഴിയുകയുള്ളൂവെന്ന് മനസ്സിലാക്കി നിങ്ങളുടെ ലക്ഷ്യം കരസ്ഥമാക്കുന്നതിന് പ്രവർത്തിക്കേണ്ടതാണ്.

നിങ്ങളെല്ലാം രാജ്യത്തിന്റെ സേവകന്മാരാണ്. ഇന്നത്തെ വിദ്യാർത്ഥികളാണ് രാഷ്ട്രത്തിന്റെ നാളത്തെ നായകന്മാർ. ആകയാൽ സേവനൗത്സുക്യം നിങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. രാഷ്ട്രത്തിനുവേണ്ടി സേവനം ചെയ്യുന്നതിനും ത്യാഗങ്ങൾ വരിക്കുന്നതിനും നിങ്ങൾ പ്രാപ്തരായിരിക്കേണ്ടതിന് നിങ്ങളിൽ ഐക്യബോധവും ആവശ്യമാണ്. ഐക്യമാണ് നമ്മുടെ ഇന്നത്തെ ആവശ്യം. ഛിദ്രവാസനകൾ നമ്മുടെ രാഷ്ട്രത്തിന്റെ ഭദ്രതയ്ക്ക് ഹാനികരമാണ്. ഇന്ത്യക്കാരുടെ ഐക്യത്തെക്കുറിച്ചാണ് നമ്മുടെ മഹാനായ പ്രധാനമന്ത്രി ശ്രീ. ജവഹർലാൽ നെഹ്റു നിരന്തരം ഉൽബോധിപ്പിച്ചുകൊണ്ടിരുന്നത്. ആ ഐക്യബോധം വിദ്യാർത്ഥികളായ നിങ്ങളുടെ ഇടയിൽ ഉണ്ടാകുന്നില്ലെങ്കിൽ നമ്മുടെ ഭാവി ശോഭനമായിരിക്കയില്ല. മതപരമായും മറ്റുമുള്ള ഭിന്നതകൾ എന്തുതന്നെയായാലും രാഷ്ട്രത്തിനുവേണ്ടിയുള്ള സേവനത്തിൽ നാം ഐക്യഭാവത്തിൽ പ്രവർത്തിക്കേണ്ടതാവശ്യമാണ്.

ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ നിങ്ങൾ ശ്രദ്ധചെലുത്തുമെന്ന് ഞാൻ ആശിക്കുന്നു. എന്റെ പ്രസംഗം അച്ചടക്കത്തോടെ ശ്രവിച്ച നിങ്ങൾക്കും, ഈ അവസരം ഉണ്ടാക്കിത്തന്ന നിങ്ങളുടെ വന്ദ്യനായ ഹെഡ്മാസ്റ്റർക്കും നന്ദി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം ഉപസംഹരിച്ചുകൊള്ളുന്നു. (1957 മാർച്ച് 18-ന് കണ്ണൂർ മുൻസിപ്പാൽ ഹൈസ്കൂളിൽ ചേർന്ന വിദ്യാർത്ഥികളുടെ യോഗത്തിൽ ചെയ്ത പ്രസംഗം, സത്യദൂതൻ, 1957 ഏപ്രിൽ)

●

ബി. അബ്ദുല്ലാഹ്.എച്ച്.എ.

# ആദംനബിയോ ആദ്യമനുഷ്യൻ?

## ജിന്ന്, ഇബ്‌ലീസ്, ശയ്ത്വാൻ

## ആഹാരം- വിഹിതവും അവിഹിതവും

**ചോ**ദ്യം-1. ഇന്ന് ലോകത്തിന്റെ വിവിധ കോണുകളിൽ അധിവസിക്കുന്ന വ്യത്യസ്ത വർഗ്ഗക്കാരും വർണ്ണക്കാരുമായ മനുഷ്യരുടെയെല്ലാം ഉല്പത്തി ഖുർആനിൽ പറയുന്ന ഹദ്റത്ത് ആദം നബിയിൽനിന്നും അദ്ദേഹത്തിന്റെ പത്നി ഹവ്വായിൽനിന്നുമാണോ? അല്ലെന്നുവരികിൽ 'ഹേ, ജനങ്ങളേ, നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽനിന്നും നിങ്ങളെ സൃഷ്ടിച്ചു' എന്ന ഖുർആൻ വാക്യത്തിന്റെ താൽപര്യമെന്ത്?

ഉത്തരം:- അല്ലാഹു ഖലീഫയായി നിശ്ചയിച്ചു എന്നു പറയുന്ന ആദം ഏറെക്കുറെ 6000 കൊല്ലങ്ങൾക്ക് മുമ്പേ ജീവിച്ച ആളായിരുന്നു എന്നാണ് ബൈബിളും ഹദീസുകളും മനസ്സിലാക്കിത്തരുന്നത്. എന്നാൽ, ആ ആദമിനു മുമ്പും ലോകത്ത് മനുഷ്യരുണ്ടായിരുന്നു എന്നാണ് ഖുർആനിൽനിന്ന് മനസ്സലാകുന്നത്. ആദമിനെ ഖലീഫയായി നിശ്ചയിച്ചു എന്ന ഖുർആന്റെ പ്രസ്താവനതന്നെ ഇതിലേക്ക് തെളിവാണ്. പോരാഞ്ഞിട്ട് ശാസ്ത്രജ്ഞന്മാർ ഖണ്ഡിതമായ രേഖകളാൽ തെളിയിച്ചിരിക്കുന്നതും ആറായിരമല്ല എത്രയോ ആറായിരം കൊല്ലങ്ങൾക്ക് മുമ്പേതന്നെ ഈ ഭൂഗോളത്തിൽ മനുഷ്യവാസം ഉണ്ടായിരുന്നു എന്നാണ്. പരിഷ്കൃതമനുഷ്യൻ അമേരിക്ക, ആസ്ത്രേലിയ എന്നീ ഭൂഖണ്ഡങ്ങൾ കണ്ടുപിടിച്ചപ്പോഴും ആഫ്രിക്കയിലെ ഘോരവനാന്തരങ്ങളിൽ വിചയനം നടത്തിയപ്പോഴും അവിടങ്ങളിൽ മനുഷ്യരെ കണ്ടെത്തുകയുണ്ടായി. പരിഷ്കാരം തീണ്ടിയിട്ടില്ലാത്തവരും മൃഗപ്രായരായി ജീവിക്കുന്നവരുമായിരുന്നു അവർ. ഇവരെല്ലാം സംസ്കാരസമ്പന്നനും പരിഷ്കൃതനുമായ ആദമിന്റെ സന്താനങ്ങളായിരുന്നുവെന്നും മനുഷ്യർക്കന്യോന്യം സമ്പർക്കം പുലർത്താനും ബന്ധപ്പെടാനും കഴിയാതിരുന്ന ഈ വിദൂര ഭൂഖണ്ഡങ്ങളിൽ അവർ അക്കാലത്ത് ചെന്ന് പാർപ്പുറപ്പിച്ചുവെന്നും കരുതാൻ നിവൃത്തിയില്ല.

'ഖുർആനിൽ മനുഷ്യരെ ഒരു സ്ത്രീപുരുഷനിൽ നിന്നു സൃഷ്ടിച്ചു' എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ, ഒരു സ്ഥലത്തും ആദമിൽനിന്ന് സൃഷ്ടിച്ചു എന്നു പറഞ്ഞിട്ടില്ല. ആദമിന്റെ ഭാര്യ ഹവ്വയാണെന്നും ഖുർആനിലെവിടെയും പ്രസ്താവിച്ചിട്ടില്ല. അത് ബൈബിളിന്റെ പാഠമാണ്. 'ഒരു ശരീരത്തിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചു; അതിൽനിന്ന് അതിന്റെ ഇണയേയും സൃഷ്ടിച്ചു" (4:1). "നിങ്ങളെ ഒരു നഫ്സിൽനിന്ന് പടച്ചു. അതിൽനിന്ന് അതിന്റെ ഇണയെ ഉണ്ടാക്കി" (7:189). "നിങ്ങളെ ഒരു നഫ്സിൽനിന്ന് സൃഷ്ടിച്ചു പിന്നെ അതിൽനിന്ന് അതിന്റെ ഇണയെ ഉണ്ടാക്കി" (39:6). 'നാം നിങ്ങളെ ഒരാണിൽനിന്നും പെണ്ണിൽനിന്നും സൃഷ്ടിച്ചു' (49:13). എന്നിങ്ങനെയാണ് ഖുർആനിൽ പറഞ്ഞിരിക്കുന്നത്. ഈ സ്ഥലങ്ങളിലെവിടെയുംതന്നെ ഖലീഫയായി നിശ്ചയിച്ച ആ ആദമിൽനിന്നാണ് അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചത് എന്ന് പറഞ്ഞിട്ടില്ല. 6000 കൊല്ലം മുമ്പ് ജീവിച്ച ആദമിൽനിന്നാണ് മനുഷ്യോൽപത്തിയെങ്കിൽ ഖുർആൻ ഒരു സ്ഥലത്തെങ്കിലും അത് വ്യക്തമായി പ്രസ്താവിച്ചിരിക്കുമായിരുന്നു. അങ്ങനെ പ്രസ്താവിച്ചിട്ടില്ല. ഒരു നഫ്സിൽ (ശരീരത്തിൽ)നിന്ന് നിങ്ങളെ സൃഷ്ടിക്കുകയും അതിന്റെ ഇണയെ അതിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു എന്നു പറഞ്ഞതിന്റെ താൽപര്യം രണ്ട് പ്രത്യേക വ്യക്തികളിൽനിന്ന് മനുഷ്യകുലത്തെ മുഴുവൻ സൃഷ്ടിച്ചു എന്നല്ല. പ്രത്യുത, മനുഷ്യരെല്ലാം ഒരൊറ്റ ജാതിയാണെന്നും ആൺ, പെൺ എന്ന വ്യത്യാസം മാത്രമേയുള്ളൂവെന്നും ഉള്ള അർത്ഥത്തിൽ മാത്രമാണ്. ഈ സംഗതി ഖുർആൻ സ്വല്പം വിവരിച്ചു പറഞ്ഞത് 7-ാം സൂറയിലെ 189-ാം വാക്യത്തിലാണ്. അത് ഇങ്ങനെയാകുന്നു. "അവൻ തന്നെയാണ് നിങ്ങളെ ഒരു നഫ്സിൽനിന്ന് സൃഷ്ടിക്കുകയും അതിൽനിന്ന് അതിന്റെ ഇണയേയും ഉണ്ടാക്കുകയും ചെയ്തിരിക്കുന്നത്. അവൻ (ആ മനുഷ്യൻ) അവളിൽ ആശ്വാസം പ്രാപിക്കാനായി അവളെ സമീപിച്ചപ്പോൾ അവൾ ഗർഭം ധരിച്ചു. അവൾ അതും ചുമന്ന് ചരിച്ചു. ആ ഗർഭം ഒരു ഭാരമായിത്തീർന്നപ്പോൾ അവരിരുവരും തങ്ങളുടെ നാഥനെ വിളിച്ചു പ്രാർത്ഥിച്ചു. നീ ഞങ്ങൾക്ക് നല്ലൊരു സന്താനത്തെ തരികയാണെങ്കിൽ തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരായിരിക്കും. അവൻ അവരിരുവർക്കും നല്ല സന്തതിയെ കൊടുത്തപ്പോൾ അവർ ഇരുവരും അവന് (അല്ലാഹുവിന്) അവൻ അവർക്ക് കൊടുത്ത കാര്യത്തിൽ പങ്കുകാരെ കല്പിച്ചു. അവർ പങ്ക് കല്പിക്കുന്നതിൽനിന്ന് അല്ലാഹു അതീതനത്രെ" (7:189-190). ഇവിടെ പറയപ്പെട്ടത് ആദമിനെയോ ഹവ്വായേയോ കുറിച്ചല്ല എന്നത് വ്യക്തമാണ്. അവർക്ക് സന്താനം ലഭിച്ചപ്പോൾ അത് അല്ലാഹുവിന്റെ സഹായത്താല

ല്ലാതെ ദേവന്മാരുടേയും മറ്റു സഹായത്താലാണെന്ന് പറഞ്ഞുകൊണ്ട് ശിർക്ക് ചെയ്തു എന്നാണിവിടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. ഇത് ആദമിൽ ആരോപിക്കാൻ നിവൃത്തിയില്ലല്ലോ. തുടർന്ന് 'യാതൊന്നും സൃഷ്ടിക്കാത്തവരും സ്വയം സൃഷ്ടിക്കപ്പെട്ടവരുമായവരെയാണോ നിങ്ങൾ അല്ലാഹുവിൽ പങ്കുകാരാക്കുന്നത്?" എന്ന് അല്ലാഹു ചോദിക്കുന്നു. ആകയാൽ ഒരു നഫ്സിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചു എന്ന് പറഞ്ഞത് ആദമിനെ ബാധിക്കുന്നില്ലെന്നും പൊതുവെ മനുഷ്യരുടെ സ്വഭാവത്തേയും നിലയേയും കുറിച്ചാണിവിടെ വിവരിക്കപ്പെട്ടിട്ടുള്ളതെന്നും മനസ്സിലാക്കാം. ഒരു നഫ്സിൽനിന്ന് നിങ്ങളെ സൃഷ്ടിക്കുകയും അതിൽനിന്ന് അതിന്റെ ഇണയെ ഉണ്ടാക്കുകയും ചെയ്തു എന്ന് പറഞ്ഞതിന്റെ താൽപര്യം മനുഷ്യരെല്ലാം ഒന്നാണെന്നും ഒരൊറ്റ മനുഷ്യനിൽ നിന്നുണ്ടായതു പോലുള്ള നിലയാണവർക്കുള്ളതെന്നും ആൺപെൺ എന്ന വ്യത്യാസമേയുള്ളൂ എന്നും മാത്രമാണ്.

'അതിൽനിന്ന് അതിന്റെ ഇണയെ ഉണ്ടാക്കി' എന്നതിന്റെ അർത്ഥം മനുഷ്യസ്ത്രീ ഒരു പുരുഷന് അനുരൂപവും അനുയോജ്യവുമായ പ്രകൃതിയോടുകൂടിയ ഒരിണയാണെന്നല്ലാതെ പുരുഷശരീരത്തിൽനിന്നും അവന് ഇണയായിരിക്കാൻ ഒരു സ്ത്രീയെ സൃഷ്ടിച്ചു എന്നല്ല. അങ്ങനെയാണെങ്കിൽ ഓരോ പുരുഷന്റെയും ഭാര്യ അവന്റെ ശരീരത്തിൽനിന്നുണ്ടായതാണെന്ന് പറയേണ്ടിവരും. എന്തെന്നാൽ, ഖുർആൻ പറയുന്നു: "അല്ലാഹു നിങ്ങൾക്കുവേണ്ടി നിങ്ങളുടെ നഫ്സുകളിൽനിന്ന് ഭാര്യമാരെ സൃഷ്ടിച്ചു. നിങ്ങൾ ഭാര്യമാരിൽ ആശ്വാസംകൊള്ളാൻവേണ്ടി" (30:21). "അവൻ നിങ്ങൾക്കുവേണ്ടി നിങ്ങളുടെ നഫ്സുകളിൽനിന്ന് ഭാര്യമാരെ ഉണ്ടാക്കി" (42:14). ഈ വാക്യങ്ങളുടെ അർത്ഥം ഓരോ പുരുഷന്റെയും ഭാര്യ അവന്റെ ശരീരത്തിൽനിന്ന് സൃഷ്ടിക്കപ്പെട്ടവളാണെന്ന് ആരും പറയുകയില്ലല്ലോ. പുരുഷന് ഇണയായി അല്ലാഹു സൃഷ്ടിച്ചിരിക്കുന്ന സ്ത്രീ അവനെപ്പോലെതന്നെ മനുഷ്യനും എല്ലാംകൊണ്ടും അവന് ഭാര്യയായിരിക്കാൻ യോജിച്ചവളും അവനിൽനിന്ന് ഉണ്ടായതാണെന്ന് പറയാവുന്ന തരത്തിൽ സാമ്യതയുള്ളവളുമാണ് എന്നാണതിന്നർത്ഥം.

ചോദ്യം 2: ഹദ്റത്ത് ആദം നബിയേയും പത്നിയേയും തോട്ടത്തിൽനിന്നും ബഹിഷ്കരിക്കാൻ ഹേതുഭൂതൻ പാമ്പാണെന്ന് തൗറാത്തും ഇബ്ലീസാണെന്ന് ഖുർആനും അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രസ്താവിക്കുന്നുണ്ടല്ലോ. ഖുർആനിലെ ഇബ്ലീസും തൗറാത്തിലെ പാമ്പും ഒരേനിലക്കുള്ള അദൃശ്യജീവികളാണോ?

ഉത്തരം:- ഹദ്റത്ത് ആദമിനെ തോട്ടത്തിൽനിന്ന് ബഹിഷ്കരിക്കാൻ കാരണഭൂതൻ പാമ്പാണെന്ന് തൗറാത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ടെന്നത് ശരിയാണ്. എന്നാൽ, അത് ഇബ്ലീസാണെന്ന് ഖുർആൻ അസന്നിഗ്ദ്ധമോ സന്നിഗ്ദ്ധമോ ആയ ഭാഷയിൽ പ്രസ്താവിച്ചിട്ടില്ല. മറിച്ച്, ശയ്ത്വാൻ ആണെന്നാണ് പറഞ്ഞിരിക്കുന്നത്. ശത്രുതയുടെ പ്രതിരൂപമാണ് പാമ്പ്. ശയ്ത്വാനും അതുപോലെതന്നെ. വിശുദ്ധഖുർആനിൽ ശയ്ത്വാൻ പദം പല സ്ഥലങ്ങളിലും മനുഷ്യരെപ്പറ്റി പ്രയുക്തമായിട്ടുണ്ട്. ആകയാൽ, ഹദ്റത്ത് ആദമിന്റെ ശത്രുവായ ഇബ്ലീസും ശയ്ത്വാനുമെല്ലാം അദ്ദേഹത്തിന്റെ ആഗമനോദ്ദേശ്യത്തേയും ദൗത്യത്തേയും എതിർത്തിരുന്ന മനുഷ്യരാണെന്ന് കരുതുന്നത് കൂടുതൽ യുക്തമായിരിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ സംജ്ഞകളെല്ലാം ഗുണനാമങ്ങളാകുന്നു. സജീവപ്രകൃതികളല്ല. ആ ദുഷിച്ച പ്രകൃതിയുള്ളവർക്കെല്ലാം ആ പദങ്ങൾ ഉപയോഗിക്കപ്പെടുന്നു.

ചോദ്യം 3. ഇബ്ലീസ് ആദമിന്റെ സന്താനങ്ങളെ അപഭ്രംശത്തിലകപ്പെടുത്തുന്ന ബുദ്ധിജീവിയല്ലേ? ആ ഇബ്ലീസ് അന്ത്യനാൾവരെ ജീവിക്കുമെന്നും ഖുർആൻ ദ്യോതിപ്പിക്കുന്നു. ഇബ്ലീസ്, ജിന്ന് വംശജനാണെന്നും ഖുർആൻ മനസ്സിലാക്കിത്തരുന്നു. മലക്ക്, ജിന്ന്, ഇൻസ് എന്നിങ്ങനെ മൂന്നുതരം ബുദ്ധിജീവികൾ ഇല്ലേ? ഖുർആനിൽ ജിന്ന്, ശയ്ത്വാൻ എന്നീ പ്രയോഗങ്ങൾ ഒരുതരം അദൃശ്യസൃഷ്ടികളുടെ അസ്തിത്വത്തിൽ വിശ്വസിക്കാൻ പ്രേരണ നല്കുന്നില്ലേ? ജിന്ന് എന്ന പദം മനുഷ്യരെ കുറിക്കുന്നതാണെന്ന അഭിപ്രായം ശരിയാണോ?

ഉത്തരം: ഇബ്ലീസ് ഗുണനാമമാണ്. ആകയാൽ, ആ ഗുണത്തോടുകൂടിയവർ അന്ത്യനാൾവരെ ഉണ്ടായിരിക്കുമെന്നതിൽ ആശ്ചര്യപ്പെടാനില്ല. ഖുർആനിൽ ഒരിടത്ത് 'നിങ്ങൾ അവനേയും അവന്റെ സന്തതികളേയും എന്നെ ഒഴിച്ചുള്ള കൂട്ടുകാരായി സ്വീകരിക്കുകയാണോ? അവർ നിങ്ങൾക്ക് ശത്രുക്കളാണ്' (18:50) എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഇബ്ലീസിന്റെ സന്താനം ഇബ്ലീസായിരിക്കുമല്ലോ. ഇബ്ലീസ് ജിന്ന് വർഗ്ഗത്തിൽനിന്നുള്ളവനാണെന്നും അവൻ അല്ലാഹുവിന്റെ കല്പനയെ വിശ്വസിച്ചുകളഞ്ഞുവെന്നും മേൽആയത്തിൽതന്നെ പറഞ്ഞിട്ടുണ്ട്. വിശുദ്ധഖുർആനിൽ 'ജിന്ന്' പദം പല സ്ഥലങ്ങളിലും മനുഷ്യരെക്കുറിച്ച് പ്രയുക്തമായിട്ടുണ്ട്. ആകയാൽ, ഇബ്ലീസ് ജിന്നിൽനിന്നുള്ളവനാണെന്ന പ്രസ്താവന അതിശയോക്തിയാണെന്ന് ആരും കരുതേണ്ടതില്ല. ജിന്ന്, ശയ്ത്വാൻ എന്നീ പ്രയോഗങ്ങൾ അദൃശ്യസൃഷ്ടികളുടെ അസ്തിത്വത്തിൽ വിശ്വസിക്കാൻ ചിലർക്ക് പ്രേരണ നല്കുന്നുണ്ടാവാം. മലക്ക്, ജിന്ന്, ഇൻസ് എന്നീ സൃഷ്ടികൾ മാത്രമാണ് ബുദ്ധിജീവികൾ എന്ന് ഖണ്ഡിതമായി പറയാവുന്നതെങ്ങനെ? ഈ ഭൂഗോളത്തെ സംബന്ധിച്ചു മാത്രം പറയുകയാണെങ്കിൽ ശരിയായിരിക്കാം. "അല്ലാഹുവിന്റെ സൈന്യങ്ങളെ അവൻ മാത്രമെ അറിയുക

**40-ാം പേജിൽ**

മൗലാനാ ജലാലുദ്ദീൻ നയ്യർ

# നിസാമെ വസിയ്യത്തും നമ്മുടെ ഉത്തരവാദിത്തങ്ങളും

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന അല്ലാഹുവാണ് 'വസിയ്യത്ത് നിസാം' സ്ഥാപിച്ചത്. അതുമുഖേന, ജമാഅത്തിൽ ചേർന്നിട്ടുള്ള ആളുകളിൽ ഒരു വിഭാഗം ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ സ്വഉത്തരവാദിത്തങ്ങളെ സംബന്ധിച്ച് ശ്രദ്ധിക്കുകയും ത്യാഗത്തിൽ, മറ്റുള്ളവരിൽനിന്ന് തികച്ചും വ്യതിരിക്തമാകുന്നതിന് പരിശ്രമിക്കുകയും ചെയ്യുന്നു.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ), ദൈവികവെളിപാടനുസരിച്ച്, ജമാഅത്തിലെ ഇത്തരം പരിശുദ്ധന്മാരുടെ ഖബറുകൾക്കുവേണ്ടി- അവർ കർമ്മത്തിന്റേയും ത്യാഗത്തിന്റേയും അടിസ്ഥാനത്തിൽ സ്വർഗ്ഗസ്ഥരാണ്- ഖബർസ്ഥാന് അടിത്തറയിടുകയും ചെയ്തു. അതിന് 'ബിഹിശ്തി മഖ്ബറ' എന്നാണ് നാമകരണം ചെയ്തത്.

അവിടന്ന് പറഞ്ഞു, "അല്ലാഹു ഇതിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. ഇതിനെ സ്വർഗ്ഗീയശ്മശാനം ആക്കുമാറാകട്ടെ. യഥാർത്ഥത്തിൽ ദീനിനെ ദുൻയാവിനുമേൽ മുന്തിക്കുകയും, അല്ലാഹുവിനുവേണ്ടി ആവുകയും, പരിശുദ്ധമാറ്റം തങ്ങളുടെ അകതാരിൽ ഉണ്ടാക്കുകയും, റസൂലുല്ലാഹ്(സ)ന്റെ സ്വഹാബാക്കളെപ്പോലെ കൂറിന്റേയും വിശ്വസ്തതയുടേയും മാതൃകകൾ കാണിക്കുകയും ചെയ്ത ഈ ജമാഅത്തിലെ പരിശുദ്ധഹൃദയത്തിന്നുടമകളായവരുടെ അന്ത്യവിശ്രമസ്ഥലം ആക്കുമാറാകട്ടെ. ആമീൻ, റബ്ബുൽ ആലമീൻ."

നിസാമെ വസിയ്യത്ത് 1/10 എന്ന സാമ്പത്തിക ത്യാഗത്തിന്റെ മാത്രം പേരല്ല. ഈ വ്യവസ്ഥിതി ഒരു മൂസിയെ (വസിയ്യത്ത് ചെയ്ത ആളെ) ഭൂമിയുടെ ഗർത്തങ്ങളിൽനിന്ന് എടുത്ത് ആകാശത്തിന്റെ അത്യുന്നതങ്ങളിലേക്കെത്തിക്കുന്നു.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) 'അൽവസിയ്യത്ത്' എന്ന ലഘുലേഖയിൽ ജമാഅത്തിനെ സംബോധന ചെയ്തുകൊണ്ട് പറയുന്നു:

"നിങ്ങൾ പരിശുദ്ധമാനസരായി ഇതിന്റെ ഭാഗത്തേക്ക് വരികയാണെങ്കിൽ എല്ലാ മാർഗ്ഗങ്ങളിലും നിങ്ങളെ സഹായിക്കുന്നതാണ്. ഒരു ശത്രുവിനും നിങ്ങളെ നഷ്ടത്തിലാക്കാൻ കഴിയുകയില്ല. നിങ്ങൾ സ്വന്തം ഇഷ്ടങ്ങൾ ത്യജിച്ച്, സ്വന്തം ആനന്ദങ്ങൾ ഒഴിവാക്കി, സ്വന്തം അന്തസ്സിനെ മാറ്റിനിറുത്തി, സ്വന്തം ജീവനെ പരിത്യജിച്ച് മരണദൃശ്യം നിങ്ങൾ മുന്നിൽ കാഴ്ചവെക്കുന്ന ഞെരുക്കങ്ങൾ അവന്റെ മാർഗ്ഗത്തിൽ സഹിക്കാതെ കണ്ട് മറ്റൊരുവിധത്തിലും നിങ്ങൾക്ക് ദൈവികസ്നേഹം പ്രാപിക്കാനേ കഴിയുകയില്ല."

വീണ്ടും പറയുന്നു: "നിങ്ങൾ, നിങ്ങളുടെ ഭൗതിക അസ്തിത്വത്തിൽനിന്ന് യഥാർത്ഥത്തിൽ മരണം വരിച്ചാൽ, നിങ്ങൾ അല്ലാഹുവിൽ വെളിപ്പെടുന്നതാണ്. അല്ലാഹു നിങ്ങളോടൊപ്പമുണ്ടാകും. നിങ്ങൾ വസിക്കുന്ന ഗൃഹം അനുഗൃഹീതമാകും. നിങ്ങൾ വസിക്കുന്ന ഭവനത്തിന്റെ ചുമരുകളിൽ ദൈവിക കാരുണ്യം വർഷിക്കപ്പെടും."

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) നിസാമെ വസിയ്യത്തിന്റേയും, ബിഹിശ്തി മഖ്ബറയുടേയും പ്രാധാന്യം വിശദീകരിച്ചുകൊണ്ട് പറയുന്നു:

"ഈ ഖബർസ്ഥാനും ഇതിന്റെ ഏർപ്പാടുകളും ബിദ്അത്ത് (അനാചാരം)ൽ ഉൾപ്പെടുന്നതായി ഒരു അജ്ഞനും ധരിക്കേണ്ടതില്ല. കാരണം ഈ ഏർപ്പാടുകൾ ദൈവിക വെളിപാടനുസരിച്ചുള്ളതാണ്. ഇതിൽ മനുഷ്യന്റെ ഇടപെടൽ ഇല്ല. ഈ ഖബർസ്ഥാനിൽ പ്രവേശിക്കുന്നതുകൊണ്ടുമാത്രം എങ്ങനെയാണ് ഒരാൾ സ്വർഗ്ഗസ്ഥനാവുക എന്ന കാര്യവും ആരും ചിന്തിക്കേണ്ടതില്ല. കാരണം ഈ ഭൂമി ആരെയെങ്കിലും സ്വർഗ്ഗസ്ഥനാക്കും എന്നതല്ല വിവക്ഷിതം. മറിച്ച്, ദൈവിക വചനത്തിന്റെ അർത്ഥം, സ്വർഗ്ഗസ്ഥർ മാത്രം ഇതിൽ മറവടക്കപ്പെടുകയുള്ളൂ എന്നത്രെ. (അൽവസിയ്യത്ത്, പേജ്:22,23, അടിക്കുറിപ്പ്)

വീണ്ടും പറയുന്നു: "ഈ ദൈവിക സംവിധാനത്തെക്കുറിച്ച് അറിയിപ്പ് കിട്ടിയശേഷം, ഉടൻതന്നെ സ്വത്തിന്റെ സംവിധാനത്തെക്കുറിച്ച് കൊടുക്കേണമോ അതല്ല അതിനേക്കാൾ ആവേശം കാണിക്കേണമോ എന്ന് ചിന്തിച്ചുകൊണ്ടിരിക്കുന്നവർ സ്വവിശ്വാസത്തിന്മേൽ മുദ്ര പതിപ്പിക്കുന്നവരാണ്." (അൽവസിയ്യത്ത്, പേജ്- 29)

"യാതൊരുവിധ സ്വത്തും ഇല്ലാത്ത സുഹൃത്തുക്കൾ, എന്നാൽ, വരുമാന മാർഗ്ഗമുള്ളവർ തങ്ങളുടെ വരുമാനത്തിന്റെ ചുരുങ്ങിയത് 1/10 മാസംതോറും അഞ്ചുമനെ ഏല്പിക്കേണ്ടതാണ്. അയാളുടെ മരണശേഷം വിട്ടുപോകുന്ന സ്വത്തിന്റെ ചുരുങ്ങിയത് 1/10

ന്റെ ഉടമസ്ഥാവകാശം അഞ്ചുമനായിരിക്കുമെന്ന് വസിയ്യത്ത് ചെയ്യേണ്ടതാണ്." (അൽവസിയ്യത്ത്, പേജ്-35)

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെ ഗ്രന്ഥമായ 'നിസാമെ നൗ'-ൽ നവലോകക്രമം 'അൽവസിയ്യത്തി'ൽ അടങ്ങിയിരിക്കുന്നുവെന്ന് വ്യക്തമാക്കുന്നു. ഹുസൂർ(റ) പറഞ്ഞു. "ഈ ഭൗതികപദ്ധതികളിലുള്ള ന്യൂനതകൾ ഉടലെടുക്കാത്തവിധത്തിൽ ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെ സംസ്ഥാപനം ഇക്കാലഘട്ടത്തിൽ അനിവാര്യമാണ്. ഇക്കാലഘട്ടത്തിലെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ സമത്വം ഉണ്ടാക്കാൻ എല്ലാ ആളുകളുടേയും അത്യാവശ്യങ്ങൾ പൂർത്തിയാക്കാൻ മതിയായത്രയും രൂപ ഇസ്‌ലാമിക സംവിധാനത്തിന്റെ കൈയിൽ വരേണ്ടതാണ്." (അൽവസിയ്യത്ത്, പേജ്-113)

ഖലീഫമാർ തന്താങ്ങളുടെ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ വ്യാഖ്യാനം നൽകി. എന്നാൽ, ഇക്കാലഘട്ടത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ മറ്റൊരു സംവിധാനത്തിന്റെ ആവശ്യമുണ്ടായിരുന്നു. ആ സംവിധാനത്തിന്റെ സ്ഥാപനത്തിന് അല്ലാഹുവിൽ നിന്ന് ഒരാൾ വരേണ്ടതും, അദ്ദേഹം ഈ എല്ലാ ദുഃഖങ്ങളും വേദനകളും മായ്ക്കാൻ ഭൗമികമല്ലാത്തതും, എന്നാൽ, ആകാശീയവുമായ ഒരു സംവിധാനം സമർപ്പിക്കേണ്ടതും ദരിദ്രരായവർ അഭിമുഖീകരിക്കുന്ന അത്യാവശ്യങ്ങൾ പൂർത്തീകരിക്കാനും, ലോകത്തിന്റെ അസ്വസ്ഥതകൾ ദൂരീകരിക്കാനും ഉതകുന്ന ചട്ടക്കൂട് മുന്നോട്ട് വയ്ക്കേണ്ടതും ആവശ്യമായിരുന്നു." (പേജ്-114)

ഈ അതിമഹത്തായ സ്വർഗ്ഗീയപദ്ധതി തന്നെയാണ് സയ്യിദ്നാ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ 'അൽവസിയ്യത്ത്' എന്ന ലഘുലേഖയിൽ സമർപ്പിച്ചിരിക്കുന്നത്. അതിന്റെ അടിത്തറ 1905-ലാണ് വെച്ചത്. ആ മഹാത്മൻ, ദൈവികാജ്ഞകളനുസരിച്ച് വിളംബരപ്പെടുത്തി, ഇക്കാലഘട്ടത്തിൽ യഥാർത്ഥ സ്വർഗ്ഗം നേടാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി, അല്ലാഹു ഈ സംവിധാനം ഒരുക്കിയിരിക്കുന്നു. അവർ സന്തോഷപൂർവ്വം തങ്ങളുടെ സമ്പത്തിന്റെ ചുരുങ്ങിയത് പത്തിലൊന്ന് കൂടിയാൽ മൂന്നിലൊന്ന് ഭാഗം വസിയ്യത്ത് ചെയ്യേണ്ടതാണ്.

ഈ മഹത്തായ ദൈവികസംവിധാനത്തിലേക്ക്, നമ്മുടെ ഇപ്പോഴത്തെ പ്രിയഇമാം, സയ്യിദ്നാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) നമ്മെ വിളിക്കുന്നു. അദ്ദേഹം പറഞ്ഞത് സ്വജീവിതങ്ങളെ പവിത്രീകരിക്കാൻ, സ്വസന്താനങ്ങളുടെ ജീവിതങ്ങളെ വിമലീകരിക്കാൻ വസിയ്യത്തിന്റെ സ്വർഗ്ഗീയ പദ്ധതിയിൽ ഉൾപ്പെടണമെന്നാണ്.

ഹുസൂർ യു.കെ. ജൽസാ സാലാനയുടെ സമാപന പ്രഭാഷണത്തിൽ (2004 ആഗസ്റ്റ് 1) പറഞ്ഞു, അടുത്ത ഒരുവർഷത്തിൽ ഏറ്റവും ചുരുങ്ങിയത് 15,000 അഹ്മദികൾ വസിയ്യത്ത് നിസാമിൽ ഉൾപ്പെടണമെന്നാണ് എന്റെ ആഗ്രഹം. 2005-ൽ ഈ ദൈവികസംവിധാനം സ്ഥാപിച്ച് നൂറു വർഷം പൂർത്തിയാവുകയാണ്. കൂടാതെ ഹുസൂർ പ്രഭാഷണത്തിൽ തന്റെ മറ്റൊരു ആഗ്രഹംകൂടി വെളിപ്പെടുത്തി. അതായത്, 2008-ൽ അഹ്മദിയ്യാ ഖിലാഫത്ത് നൂറുവർഷം പൂർത്തിയാക്കുമ്പോൾ ലോകത്തിലെ സമ്പാദിക്കുന്ന അഹ്മദികളുടെ ഏറ്റവും ചുരുങ്ങിയത് 50% വസിയ്യത്തിന്റെ പരിശുദ്ധസംവിധാനത്തിൽ ഉൾപ്പെട്ടിരിക്കേണ്ടതാണ്.

ഹുസൂർ പ്രഭാഷണത്തിൽ പറഞ്ഞു: "ഈ സംവിധാനത്തിൽ ഉൾപ്പെടാൻ മാത്രം തങ്ങളുടെ നിലവാരം ഉയർന്നിട്ടില്ലെന്നാണ് ചിലർ പറയുന്നത്. എന്നാൽ, ഓർമ്മവയ്ക്കുവിൻ, ഈ സംവിധാനത്തിൽ ഉൾപ്പെടുന്നതിന്റെ അനുഗ്രഹത്താൽ വളരെ വർഷങ്ങളുടെ ദൂരം ദിനങ്ങൾകൊണ്ടും മണിക്കൂറുകൾകൊണ്ടും താണ്ടാവുന്നതാണ്. ചുരുക്കത്തിൽ അഹ്മദികൾ സ്വപരിഷ്കരണ (ഇസ്‌ലാമിന്)ത്തിന് വേണ്ടി ഈ സംവിധാനത്തിൽ ചേരേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ സംവിധാനത്തിൽ ഭാഗഭാക്കാകുന്നവർക്കു വേണ്ടി ചെയ്തിട്ടുള്ള ദുആകളിൽ ഭാഗഭാക്കാകേണ്ടതാണ്."

വീണ്ടും പറയുന്നു: "ഈ വസിയ്യത്ത് നിസാമിന് 2005-ൽ നൂറുവർഷം പൂർത്തിയാവുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ സംവിധാനത്തിൽ ഉൾപ്പെടുന്നവർക്കുവേണ്ടി ഉപദേശങ്ങൾ ചെയ്തിട്ടുണ്ടായിരുന്നു. എന്തൊരു വേഗതയിൽ അഹ്മദികൾക്ക് ഇതിൽ ഭാഗഭാക്കാകേണ്ടിയിരുന്നുവോ അത് ഉണ്ടായിട്ടില്ല."

"കഴിഞ്ഞ നൂറുവർഷത്തിൽ ഈ സംവിധാനത്തിൽ ഉൾപ്പെടുന്നതിന് അഹ്മദികളിലുണ്ടായ വേഗതയുടെ കണക്കുകൾ ഞാൻ വെച്ചാൽ നിങ്ങൾ പരിഭ്രാന്തരായിപ്പോകും. 99 വർഷം പൂർത്തിയായതിനുശേഷവും 1905 മുതൽ ഇന്നേവരെ 38,000 അഹ്മദികൾ മാത്രമേ വസിയ്യത്ത് ചെയ്തിട്ടുള്ളൂ. അടുത്തവർഷം ഈ നിസാമിന് നൂറുവർഷം പൂർത്തിയാവുമ്പോൾ, എന്റെ ആഗ്രഹമിതാണ് അല്ല ഞാൻ ആഹ്വാനം ചെയ്യാൻ ആഗ്രഹിക്കുകയാണ്. ഈ ദൈവികസംവിധാനത്തിൽ തങ്ങളുടെ ജീവിതങ്ങൾ പരിശുദ്ധീകരിക്കുവാൻ മുന്നോട്ടുവരുവിൻ! അടുത്ത ഒരു വർഷത്തിൽ ഏറ്റവും ചുരുങ്ങിയത് 15,000 വസിയ്യത്തുകൾ ഉണ്ടാകണം. അങ്ങനെ ഒരു നൂറുവർഷത്തിനുള്ളിൽ ഏറ്റവും ചുരുങ്ങിയത് 50,000 വസിയ്യത്തുകൾ ഉണ്ടായതായി നമുക്ക് പറയാൻ കഴിയണം. 2008-ൽ 'ഖിലാഫത്തി'ന് നൂറുവർഷം പൂർത്തിയാവുമ്പോൾ ജമാഅത്ത് 'ഖിലാഫത്ത്' ജൂബിലി ആഘോഷിക്കണമെന്നതും എന്റെ ആഗ്രഹമാണ്. 2008-ൽ 'ഖിലാഫത്തെ അഹ്മദിയ്യാ' സ്ഥാപിതമായി നൂറുവർഷം പൂർത്തിയാവുമ്പോൾ ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ജമാഅത്തുകളിലും സമ്പാദിക്കുന്നവരിൽ 50% പേരെങ്കിലും ഹദ്റത്ത് മസീഹി മൗഊദ്(അ)ന്റെ ഈ പരി

ശുദ്ധ സംവിധാനത്തിൽ ഉൾപ്പെട്ടിരിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. ഖിലാഫത്ത് നൂറുവർഷം പൂർത്തിയാക്കുമ്പോൾ ഇതും ജമാഅത്തിന്റെ ഭാഗത്തുനിന്ന് ദൈവസവിധത്തിൽ സമർപ്പിക്കുന്ന ഒരു എളിയ കാണക്കായിരിക്കും. അതുകൊണ്ട് ഖുദ്ദാമുൽ അഹ്മദിയ്യാ, അൻസാറുല്ലാഹ്, സഫ്ദോം, ലജ്ന ഇമാ ഇല്ലാഹ് എന്നിവർക്ക് ഇതിൽ വളരെ ആവേശത്തോടെ ഭാഗഭാക്കാകേണ്ടിയിരിക്കുന്നു. കാരണം 70–75 വയസ്സ് പ്രായത്തിൽ ഖബറിലേക്ക് കാൽവച്ചിരിക്കുമ്പോൾ, ആ സമയത്ത് അവശേഷിക്കുന്ന എന്തെങ്കിലും മാത്രമേ സമർപ്പിക്കാൻ സാധ്യമാകൂ. സ്ത്രീകളോട് ഞാൻ പ്രത്യേകമായും പറയുകയാണ്; തങ്ങളോടൊപ്പം ഭർത്താക്കന്മാരേയും കുട്ടികളേയും ഈ പരിശുദ്ധ സംവിധാനത്തിൽ ഉൾപ്പെടുത്തുക.”

സയ്യിദ്നാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് (അയ്യദഹുല്ലാഹ്)ന്റെ ഈ പരിശുദ്ധ ആഹ്വാനം ലോകത്തുള്ള എല്ലാ ജമാഅത്തുകളോടുമാണ്. എന്നാൽ, ഇന്ത്യയാകട്ടെ, ഇവിടെനിന്നാണ് 1905 –ൽ ഈ ദൈവികസംവിധാനത്തിന് ആരംഭം കുറിച്ചത്. ഈ അടിസ്ഥാനത്തിൽ ഇന്ത്യൻ ജമാഅത്തുകളിലെ ഇതുവരേയും വസിയ്യത്ത് നിസാമിൽ ചേർന്നിട്ടില്ലാത്ത, സമ്പാദിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാരും കൂടുതൽ കൂടുതൽ ഭാഗഭാക്കാകാൻ പരിശ്രമിക്കേണ്ടതാണ്.

ഹുസൂർ തന്റെ പ്രഭാഷണത്തിൽ പറഞ്ഞു, ഭൗതികപരമായും ഈ സംവിധാനത്തിന്റെ പ്രാധാന്യം കണക്കാക്കുകയാണെങ്കിൽ, ഇന്നേക്ക് 60 വർഷം മുമ്പേ, ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ‘നിസാമെ നൗ’ എന്ന ശീർഷകത്തിൽ ചെയ്ത പ്രഭാഷണത്തിൽ ലോകത്തിന്റെ എല്ലാ പ്രഖ്യാപനങ്ങളേയും പൊള്ളയാണെന്ന് പറഞ്ഞുകൊണ്ട്, യഥാർത്ഥ സംവിധാനം ‘വസിയ്യത്ത് നിസാം’ മാത്രമാണെന്ന് വിശദീകരിച്ചിരിക്കുന്നു.

‘വസിയ്യത്ത് നിസാം’ മുഖേന ഉണ്ടാകുന്ന പ്രവർത്തനങ്ങളുടെ വിശദീകരണം നൽകിക്കൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ‘നിസാമെ നൗ’ൽ പറയുന്നു:

“വസിയ്യത്തിന്റെ നിസാം പൂർത്തിയാവുമ്പോൾ തബ്ലീഗ് മാത്രമല്ല അതുമുഖേന നടക്കുക. മറിച്ച്, ഇസ്ലാമിന്റെ ഉദ്ദേശ്യത്തിൽ അധിഷ്ഠിതമായി എല്ലാ ഓരോരുത്തരുടേയും ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നതാണ്. ദുഃഖങ്ങളും, ദുരിതങ്ങളും ലോകത്തുനിന്ന് വിപാടനം ചെയ്യുന്നതാണ്. ഇൻശാഅല്ലാഹ്. അനാഥർ യാചിക്കേണ്ടി വരില്ല, വിധവകൾ അന്യർക്ക് മുമ്പിൽ കൈനീട്ടേണ്ടി വരില്ല, നിർധനർ പ്രയാസപ്പെട്ട് അലയേണ്ടിവരില്ല. കാരണം വസിയ്യത്ത് കുട്ടികൾക്ക് മാതാവായിരിക്കും, യുവാക്കൾക്ക് പിതാവായിരിക്കും, സ്ത്രീകൾക്ക് ഭർത്താവായിരിക്കും. ബലാൽക്കാരേണയല്ലാതെ, സ്നേഹത്തോടും, മനഃസംതൃപതിയോടും കൂടി സഹോദരൻ സഹോദരനെ ഇതുമുഖേന സഹായിക്കുന്നതാണ്. അവർ കൊടുക്കുന്നത് നഷ്ഫലമാകുകയില്ല. മറിച്ച് കൊടുക്കുന്ന ഓരോരുത്തരും അല്ലാഹുവിൽനിന്ന് ഉത്തമമായ പ്രതിഫലം നേടുന്നതാണ്. ധനാഢ്യൻ നഷ്ടത്തിലാവുകയില്ല; ദരിദ്രനും. സമൂഹം സമൂഹത്തോട് വഴക്കിടുകയില്ല. മറിച്ച്, അതിന്റെ ഔദാര്യങ്ങൾ മുഴുലോകത്തും വ്യാപരിക്കുന്നതാണ്. (പേജ്:130)

രാജ്യാതിർത്തിക്കുള്ളിലെ പദ്ധതികളേക്കാളും സമുന്നതമായ, മഹത്തായ സാർവദേശീയ ഇസ്ലാമിക നവലോകക്രമം ‘അൽവസിയ്യത്ത് നിസാം’ മാത്രമാണ്. തൽസംബന്ധമായി ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു:

“ജനങ്ങൾ തങ്ങൾക്കൊരു പുതിയ സംവിധാനത്തിന്റെ ആവശ്യമുണ്ടെന്ന് മുറവിളികൂട്ടുന്ന കാലം വളരെ സമീപസ്ഥമാണ്. അപ്പോൾ നാലുഭാഗത്തുനിന്ന് ശബ്ദങ്ങൾ ഉയരാൻ തുടങ്ങും; വരുവിൻ, ഞങ്ങൾ നിങ്ങളുടെ മുമ്പിൽ പുതിയ പദ്ധതി സമർപ്പിക്കാം. റഷ്യയും പറയും, വരുവിൻ ഞാൻ നിങ്ങൾക്ക് നവലോകക്രമം നൽകാം. ഇന്ത്യയും പറയും വരുവിൻ ഞാൻ നിങ്ങൾക്ക് നവലോകക്രമം നൽകാം. ജർമനിയും ഇറ്റലിയും പറയും വരുവിൻ ഞാൻ നിങ്ങൾക്ക് നവലോകക്രമം നൽകാം. അമേരിക്കയും പറയും വരുവിൻ ഞാൻ നിങ്ങൾക്ക് നവലോകക്രമം നൽകാം. ആ സമയത്ത് എന്റെ സ്ഥാനത്തുള്ള വ്യക്തി ഖാദിയാനിൽനിന്ന് പറയും നവലോകക്രമം ‘അൽവസിയ്യത്തി’ൽ അടങ്ങിയിരിക്കുന്നു. ലോകം വിജയത്തിന്റേയും അഭിവൃദ്ധിയുടേയും വഴികളിലൂടെ ചരിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അതിനുള്ള ഒരേയൊരു മാർഗം, അൽവസിയ്യത്ത് സമർപ്പിക്കുന്ന സംവിധാനത്തെ ലോകത്ത് നടപ്പിൽ വരുത്തുകയാണ്. (പേജ്:117)

ലോകത്തെ വിജയത്തിന്റേയും അഭിവൃദ്ധിയുടേയും മാർഗങ്ങളിലൂടെ ചരിപ്പിക്കാൻ വേണ്ടിയുള്ള ഒരു പുതുസംവിധാനത്തിന്റെ സമയം ഇന്നിതാ സമാഗതമായിരിക്കുന്നു. ഇന്നേക്ക് 60 വർഷം മുമ്പേ ഹദ്റത്ത് മുസ്ലീഹ് മൗഊദ്(റ) പറഞ്ഞത് ആ സംവിധാനം അൽവസിയ്യത്തിൽ ഉണ്ടെന്നാണ്. അതുകൊണ്ട്, ദൈവിക സംവിധാനത്തിലേക്കാണ് നമ്മുടെ ഇപ്പോഴത്തെ പ്രിയ ഇമാം സയ്യിദ്നാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) നമ്മെ ക്ഷണിച്ചുകൊണ്ടിരിക്കുന്നത്. മുൻഖലീഫമാരുടെ ഓരോ ശബ്ദത്തിനും ലബ്ബൈക്ക് പറഞ്ഞുകൊണ്ട് ഓരോ ആഹ്വാനത്തിലും നാം മുന്നേറിയതുപോലെ, ഈ ശബ്ദത്തിനും ലബ്ബൈക്ക് പറഞ്ഞുകൊണ്ട്, നമ്മുടെ പരിഷ്കരണത്തെ മുൻനിറുത്തിക്കൊണ്ട് മുന്നേറേണ്ടത് നമ്മുടെ കടമയാണ്.

അല്ലാഹു എല്ലാ അഹ്മദി സഹോദരീ സഹോദരന്മാർക്കും വസിയ്യത്ത് നിസാമിൽ ഉൾപ്പെടാനും അതിന്റെ അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കാനും സൗഭാഗ്യം നൽകുമാറാകട്ടെ. ആമീൻ. ●

എ.ക്യു. മഹ്ദി

# മലയാള പത്രമാസികത്തറവാട്ടിലെ ഒരു മുത്തശ്ശിയുടെ കഥ

**എ**ന്റെ വന്ദ്യപിതാവ് മർഹൂം ജനാബ് എച്ച്.എ. ഖഹ്ഹാർ സാഹിബ്. അദ്ദേഹത്തിന്റെ വിയോഗം ഉണ്ടായത് പതിനാറു വർഷം മുമ്പേയാണ്.

തന്റെ യൗവനാരംഭകാലത്തുതന്നെ, അന്ന് അഹ്മദിയ്യാ വിശ്വാസം സ്വീകരിക്കാൻ അപൂർവ്വഭാഗ്യമുണ്ടായ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. കാലഘട്ടമേതെന്നോർക്കണം; ഇന്നേയ്ക്ക് പത്തെഴുപതു വർഷം മുമ്പേ. അദ്ദേഹത്തിന്റെ സഹോദരീസഹോദരന്മാർക്കാർക്കും ഈ ഭാഗ്യം ഉണ്ടായതുമില്ല. ഈ സത്യവിശ്വാസം സ്വീകരിച്ചതോടെ സ്വന്തം തറവാട്ടിൽ നിന്നും അദ്ദേഹം നിഷ്കാസിതനായി. സ്വന്തം ജന്മസ്ഥലമായ കൊല്ലത്തുപോലും ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ് പിന്നീടുണ്ടായത്. വീടും കുടുംബവും പിതൃവക ലഭിക്കേണ്ടിയിരുന്ന സ്വത്തുക്കളുമൊക്കെ പാടേ ഉപേക്ഷിച്ച് അദ്ദേഹം അന്ന് തിരുവിതാംകൂറിലെ ഏക അഹ്മദിയ്യാതാവളമായ കരുനാഗപ്പള്ളിക്കു പോന്നു. കരുനാഗപ്പള്ളിയിൽ ഞങ്ങൾ സകുടുംബം താമസമുറപ്പിക്കുമ്പോൾ അന്നെനിക്ക് ഏഴു വയസ്സ്.

കരുനാഗപ്പള്ളിയിലെ നല്ലവരായ അഹ്മദി സഹോദരങ്ങൾ ഞങ്ങളെ സഹർഷം സ്വാഗതം ചെയ്തു; സ്വീകരിച്ചു. അഹ്മദി സഹോദരന്മാർ തമ്മിൽ അക്കാലത്തുണ്ടായിരുന്ന ആത്മബന്ധം വർത്തമാന കാലത്തിലേതിനേക്കാൾ തീവ്രവും ആഴമേറിയതുമായിരുന്നു. ഊഷ്മളവും നിസ്തുലവുമായ ആ പരസ്പരബന്ധത്തിനു ഒരുപക്ഷേ കാരണം താരതമ്യേന നാം അന്ന് എണ്ണത്തിൽ ഇന്നത്തേതിനേക്കാൾ കുറവായിരുന്നു എന്നതു തന്നെയാവാം. മാത്രവുമല്ല, അവരോരോരുത്തരും എല്ലാ പ്രതികൂലസാഹചര്യങ്ങളെയും അതിജീവിച്ച്, പലപ്പോഴും കുടുംബബന്ധംപോലും ഉപേക്ഷിച്ചാണ് അന്ന് ജമാഅത്തിൽ പ്രവേശിച്ചത്. ആ സാഹചര്യങ്ങളിലൂടെ കടന്നുവന്നവരെ, സമാനതകളുള്ള അന്നത്തെ അഹ്മദി സഹോദരന്മാർ ഹാർദ്ദമായി സ്വാഗതം ചെയ്തെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. ആ മുൻതലമുറയിലുള്ളവർക്ക് ജമാഅത്ത് വിഷയങ്ങളിൽ അതിരുകവിഞ്ഞ ആവേശവും ഉണ്ടായിരുന്നു. പലപ്പോഴും ചൊല്ലിക്കേൾക്കാറുള്ള രണ്ടുവരി ഉർദു കവിത, ഈ സന്ദർഭത്തിൽ ഓർത്തുപോകുന്നു.

'ജബ് മിൽഗയേ ദോ അഹ്മദീ
ലൈലാ കോ മജ്നു മിൽ ഗയാ.....'

'ഒരഹ്മദിക്ക് മറ്റൊരു അഹ്മദിയെ കണ്ടുമുട്ടാനിടവരുമ്പോൾ, ലൈലക്ക് മജ്നുവിനെ കണ്ടെത്തിയ ആനന്ദപ്രതീതിയാണ്.'

ആലങ്കാരികമെങ്കിൽപോലും മേൽസൂചിപ്പിച്ച ഈരടികളിലെ അർത്ഥവും ആശയവും വർത്തമാന കാലത്തും നമുക്കിടയിൽ പ്രാവർത്തികമായിത്തീരട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് അടുത്തവരിയിലേക്ക് ഞാൻ കടക്കുന്നു.

കരുനാഗപ്പള്ളിയിലെ മർഹൂം ചുങ്കശ്ശേരിൽ മൈതീൻകുഞ്ഞു സാഹിബായിരുന്നു അന്നെന്റെ പിതാവുമായി ഏറെ ബന്ധംപുലർത്തിയ വ്യക്തി. ആ തലമുറയിൽ ഇനി ഒരു മുതിർന്ന അഹ്മദി സഹോദരൻ മാത്രമേ കുരനാഗപ്പള്ളിയിൽ ഇന്ന് ജീവിച്ചിരിപ്പുള്ളൂ, അത് പാലാഞ്ഞിയിൽ ജനാബ് അലിയാരുകുഞ്ഞു സാഹിബാണ്. അദ്ദേഹം അന്ന് ഏറെക്കാലം എന്റെ പിതാവിന്റെ വ്യാപാരസ്ഥാപനങ്ങളുടെ മാനേജരായിരുന്നു.

ഞാനെന്റെ പിതാവിന്റെ പൂർവ്വകഥ പറയുകയല്ല, കരുനാഗപ്പള്ളി ജമാഅത്തിന്റെ ചരിത്രം കോറിയിടുകയുമല്ല; ഞാൻ തയ്യാറാക്കുന്ന ഈ ലേഖനത്തിന്റെ ആമുഖമായി ഇത്രയെങ്കിലും പറഞ്ഞാലേ എനിക്ക് വിഷയത്തിലേക്ക് കടന്നുവരാനാവൂ എന്നതുകൊണ്ട് മാത്രമാണ്.

വീണ്ടും അല്പവരികൾകൂടി എന്റെ പിതാവിന് സമർപ്പിക്കേണ്ടിവരുന്നു, ലേഖനരചനയുടെ ഭാഗമായി.

സ്വന്തമായി വായിച്ചും പഠിച്ചും കേട്ടറിഞ്ഞും സ്വീകരിച്ചതാണ് അന്ന്, അദ്ദേഹം അഹ്മദിയ്യാ വിശ്വാസം. അതിനദ്ദേഹത്തെ ഏറെ സഹായിച്ച ഒരു മഹത് വ്യക്തിയുണ്ടായിരുന്നു, വലിയ മൗലവി സാഹിബ് എന്നറിയപ്പെട്ടിരുന്ന മൗലാനാ ബി. അബ്ദുല്ലാ സാഹിബ് എച്ച്.എ. എന്റെ പിതാവ് മൗലവി സാഹിബിനെ കൊല്ലത്ത് വരുത്തി പ്രസംഗപരിപാടികൾ സംഘടിപ്പിച്ചിരുന്നു അന്ന്.

ആ ചരിത്രം നിൽക്കട്ടെ, നാമിപ്പോൾ ലേഖനവിഷയത്തിന്റെ കവാടത്തിൽ എത്തിനിൽക്കുകയാണ്. അല്പം പഴയ കാര്യങ്ങൾകൂടി വിശദീകരിക്കേണ്ടിയിരിക്കുന്നു.

അദ്ദേഹം, എന്റെ പിതാവ്, നല്ലൊരു വായനക്കാ

രനായിരുന്നു. അക്ഷരങ്ങളെ സ്നേഹിക്കാൻ എന്നെ പഠിപ്പിച്ചതും എനിക്കതിന് പ്രചോദനം നല്കിയതും അദ്ദേഹവും, പൊന്നുപോലെ അദ്ദേഹം കാത്തുസൂക്ഷിച്ച ഒരു സ്വകാര്യലൈബ്രറിയുമാണ്.

ആ ഗ്രന്ഥശേഖരത്തിൽ ഏറെയും മതസാഹിത്യ ഗ്രന്ഥങ്ങളായിരുന്നു. പുസ്തകങ്ങളുടെ കൂട്ടത്തിൽ തനിക്കിഷ്ടപ്പെട്ട അന്നത്തെ മതമാസികകളും, മറ്റു ചില ആനുകാലികങ്ങളും സുരക്ഷിതമായി ബൈൻഡ് ചെയ്ത് അക്കമിട്ട് സൂക്ഷിച്ചിരുന്നു അദ്ദേഹം.

ഏകദേശം ലേഖനവിഷയത്തിനരികിൽ നാമെത്തിക്കഴിഞ്ഞു. ആനുകാലികങ്ങളിൽ ബൈൻഡ് ചെയ്ത് സൂക്ഷിക്കാൻ അദ്ദേഹം തിരഞ്ഞെടുത്തത് നമ്മുടെ മുഖപ്രസിദ്ധീകരണമായ 'സത്യദൂതൻ' മാസികയാണ്.

എന്നാൽ, ഇതിനിടെ രണ്ട് പതിറ്റാണ്ടുമുമ്പേ ചെറിയൊരു സംഭവമുണ്ടായിരുന്നു. സ്വജീവിതകാലത്തു തന്നെ ഒരിക്കലദ്ദേഹം തന്റെ പുസ്തകശേഖരമാകെ, കണ്ണാടി ഷെൽഫുകളടക്കം കൊല്ലം ജമാഅത്തിന് സംഭാവന ചെയ്തു. കൊല്ലം ജമാഅത്തിന്റെ സ്ഥാപകാംഗം കൂടിയാണദ്ദേഹം; ആദ്യ പ്രസിഡന്റും. കൊല്ലത്തെ പള്ളിയും അദ്ദേഹം നിർമ്മിച്ച് സമർപ്പിച്ചതാണ്. സർവ്വശക്തൻ അദ്ദേഹത്തിന് പരലോകത്ത് എല്ലാവിധ മഗ്ഫിറത്തും നല്കി അനുഗ്രഹിക്കാനിടവരുത്തട്ടെ.


എനിക്കും ഉണ്ട് സ്വന്തമായി ചെറിയൊരു പുസ്തകശേഖരം. അതിൽ മതഗ്രന്ഥങ്ങൾക്ക് പുറമെ സാഹിത്യവിഷയിയായ കഥകളും, നോവലുകളും, ജീവചരിത്രപുസ്തകങ്ങളും കവിതകളും ഒക്കെയാണുള്ളത്. സമീപകാലത്ത് പിതാവിന്റെ ഒരു പഴയ പ്രമാണപ്പെട്ടി ചില പുരാതനരേഖകൾ തിരയാനായി തുറന്നുനോക്കിയപ്പോൾ അതിനുള്ളിൽ കണ്ടു, ഒറ്റപ്പെട്ട ഒരു തടിച്ച പുസ്തകം. തന്റെ ഗ്രന്ഥസമ്പാദ്യമൊന്നാകെ ജമാഅത്തിന് സമർപ്പിച്ചപ്പോൾ വഴിതെറ്റി എങ്ങനെയോ ഈ ബോക്സിൽ അകപ്പെട്ടുപോയതാവണം അതെന്നു തോന്നി. ആ പഴയ പുസ്തകം ഈ ലേഖനരചനയ്ക്ക് നിമിത്തമായിത്തീർന്നിരിക്കുന്നു.

പുസ്തകത്തിന് ഏഴു പതിറ്റാണ്ടുകാലത്തെ പഴക്കമുണ്ടായിരുന്നു; 1938-ലേത്. കാലപ്പഴക്കം കൊണ്ട് അതിന്റെ കാലിക്കോ ബൈന്റിന്റെ ഒട്ടിപ്പുപശയുടെ ശക്തിപോലും ക്ഷയിച്ചുപോയിരുന്നു. ഇതളഴിഞ്ഞു കാണപ്പെട്ട ആ പുസ്തകത്താളുകൾക്ക് പ്രായാധിക്യം കൊണ്ട് മഞ്ഞനിറം ബാധിക്കപോലും ചെയ്തിരുന്നു. എണ്ണയിൽ കാച്ചിയ പർപ്പടംപോലെ തൊട്ടാൽ പൊടിഞ്ഞുവീഴുന്ന അവസ്ഥയിലായിരുന്നു, വെറും സാധാരണ ന്യൂസ്പ്രിന്റ് പേപ്പറിൽ എഴുപതുവർഷം മുമ്പേ അച്ചടിച്ച ആ കടലാസുകൾ. ഏതാണാ പുസ്തകമെന്നറിയാനുള്ള വായനക്കാരുടെ ജിജ്ഞാസയെ ഞാൻ മാനിക്കുന്നു. ശരിക്കും അതൊരു ഗ്രന്ഥമായിരുന്നില്ല; സത്യദൂതൻ മാസികയുടെ 1938-ലെ ലക്കങ്ങൾ പരസ്പരം തുന്നിക്കെട്ടി ബൈൻഡ് ചെയ്തുവച്ച ഒരു മാസികസഞ്ചയം. മുറിഞ്ഞുപോകാനിടവരാതെ ഓരോ താളും വളരെ സൂക്ഷ്മതയോടെ മറിച്ച് ഞാനാ ഉള്ളടക്കത്തിലേക്ക് മെല്ലെ കടന്നു.

69 വർഷം പഴക്കമുണ്ട് ആ മാസികപ്പതിപ്പിന്. മർഹൂം എൻ. ഹാമിദ് സാഹിബായിരുന്നു അന്നത്തെ പത്രാധിപർ. വർഷാക്കങ്ങൾ കൂട്ടിനോക്കിയപ്പോൾ എന്റെ പിതാവ്, തന്റെ കത്തിനില്ക്കുന്ന യൗവനകാലത്താണ് ഈ ഗ്രന്ഥസമ്പാദനം നടത്തിയതെന്നു മനസ്സിലാകുന്നു. അന്ന് യുവാവായിരുന്ന വലിയ മൗലവി സാഹിന്റെ ലേഖനങ്ങൾ ആ മഞ്ഞത്താളുകൾ മറിച്ച്, ഞാൻ വായിച്ചുനീക്കി. എന്റെയീ കൊച്ചുലേഖനത്തിലെ ചെറിയ വരികളിലൂടെ കടന്നുപോകുന്ന ഇന്നത്തെ അൻസാർ സഹോദരങ്ങളേ, ഖാദിമീങ്ങളേ... ഇത്തരം അഹ്മദിയ്യാ സാഹിത്യങ്ങൾ വായിച്ചു പഠിക്കുകയും ജീവിതത്തിൽ ഉൾക്കൊള്ളുകയും അവ കഴിയുംവിധം പ്രചരിപ്പിച്ച് പിന്നീട് സുരക്ഷിതമായി ഭാവിതലമുറയ്ക്കുവേണ്ടി സൂക്ഷിച്ചുവയ്ക്കുകയും ചെയ്യാൻ ശ്രമിച്ച ആ ഭൂതകാല അഹ്മദികളെ നമുക്ക് നന്ദിപൂർവ്വം സ്മരിക്കാം. അവരുടെ പട്ടികയിൽ നിങ്ങളിൽ പലരുടേയും ഉപ്പമാരോ, പിതാമഹന്മാരോ തീർച്ചയായും ഉണ്ടാകാം. മറക്കരുത്, അവർ ത്യാഗപൂർവ്വം ഒരുക്കിത്തന്ന മഹത്തായ പാതയിലൂടെയാണ് നാമിന്ന് അഹ്മദിയ്യത്തിന്റെ വിജയരഥം ഉരുട്ടിക്കൊണ്ടുപോകുന്നത്. അല്പം സാമ്പത്തികത്യാഗമല്ലാതെ നമുക്കിന്ന് കാര്യമായ പ്രശ്നങ്ങളൊന്നും തന്നെയില്ല. കാലത്തിന്റെ മാറ്റങ്ങൾ ദൈവനിശ്ചയപ്രകാരം ജമാഅത്തിന്റെ പ്രവർത്തനങ്ങളെ അസാധാരണമാംവിധം ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുന്നു. നമ്മുടെ അംഗസംഖ്യ ഇന്ന് കോടിക്കണക്കിന് വർദ്ധിച്ചു. രാജ്യങ്ങൾ തോറും നമ്മുടെ പ്രചാരണപ്രവർത്തനങ്ങൾ വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഖാദിയാൻ ജൽസയിൽ പങ്കെടുക്കുന്നവരുടെ എണ്ണം ലക്ഷത്തിന്നരികെ എത്തിനിൽക്കുകയാണ്. ലോകമൊട്ടാകെ നമ്മുടെ സന്ദേശം എത്തിക്കാൻ സർവ്വശക്തൻ എം.ടി.എ എന്ന ആഗോള ടെലിവിഷൻ ശൃംഖലയും നമുക്ക് ഒരുക്കിത്തന്നിട്ടുണ്ട്.

പക്ഷേ സഹോദരന്മാരേ, നമ്മുടെയീ മഹത്തായ നേട്ടം കണ്മുമ്പിൽ കാണാൻ അവസരമുണ്ടായില്ല, രണ്ട് പതിറ്റാണ്ടിനപ്പുറം മൺമറഞ്ഞ നമ്മുടെ ആ മുൻതലമുറയ്ക്ക്. അവർ പരലോകത്തിരുന്ന് ഇത് കാണുന്നുണ്ടാവും ആത്മസംതൃപ്തിയോടെ സന്തോഷിക്കുന്നുമുണ്ടാവാം. പിതാവിന്റെ സംഭാവനയായ ആ പഴയ സത്യദൂതൻ പതിപ്പിലേക്ക് ഞാൻ മടങ്ങിവരുന്നു.

ആ പഴയ ലക്കങ്ങളിൽ പ്രൗഢഗംഭീരങ്ങളായ ലേഖനങ്ങളുണ്ടായിരുന്നു; വിജ്ഞാനപ്രദങ്ങളായ കുറിപ്പുകളും. തല്ക്കാലം ഞാനവയെയൊന്നും സ്പർശിക്കാതെ നീങ്ങുകയാണ്. അത്തരം മഹത്തായ ആശയങ്ങൾ പുതിയ പ്രസിദ്ധീകരണങ്ങളിലൂടെ നമു



മൈസൂർ വെർജിനിയാ ടുബേക്കോ
കമ്പനിക്കാരുടെ
സ്വദേശിസിഗരററുകൾ

കമാൽപാഷ. അൻവർപാഷ. ആകാശവാണി

എന്നീ സിഗരററുകൾ എപ്പോഴും ഉപയോഗിക്കുവിൻ!

ഇന്ത്യയിലെ മേത്തരം വെർജിനിയ പുകയിലകൊണ്ടു, ഇന്ത്യൻ മൂലധനത്തോടുകൂടി ഇന്ത്യൻ തൊഴിലാളികളാൽ ശാസ്ത്രീയമായരീതിയിൽ ഉണ്ടാക്കിയ സിഗരററു ഉപയോഗിച്ചുതന്നെ അതിൻെറ ഗുണവും വാസനയും പ്രയോജനവും അറിയേണ്ടിയിരിക്കുന്നു.

സ്വദേശിയെ സ്നേഹിപ്പിൻ! സ്വദേശിയെ സഹായിപ്പിൻ!

Stockist:—
M. Muhammad Koya,
Near Ry 2nd Gate.
Calicut.



സത്യദൂതൻ.

ഇസ്ലാംമതത്തിൻെറ യഥാൎത്ഥമായ തത്വജ്ഞാനത്തെയും അന്യാദൃശമായ മാഹാത്മ്യത്തെയും പ്രകാശിപ്പിക്കുന്നതും, അഹമദിയ്യാപ്രസ്ഥാനത്തിൻെറ യഥാൎത്ഥനിലയെ പ്രതിപാദിക്കുന്നതുമായ ഒരു പ്രതിമാസ പത്രഗ്രന്ഥം.

വരിസംഖ്യ.

| | | | |
|---|---|---|---|
| ഒരു കൊല്ലത്തേക്കു | 2-0-0 | ഇന്ത്യക്കു പുറമെ | |
| ആറു മാസത്തേക്കു | 1-0-0 | ഒരു വൎഷത്തേക്കു | 2-8-0 |
| ഒററ പ്രതിക്കു | 0-3-0 | ആറു മാസത്തേക്കു | 1-6-0 |

ക്കിന്ന് സുപരിചിതവുമാണല്ലോ.

എന്നെയും ഈ ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടാൽ നിങ്ങളേയും, ആകർഷിക്കുമെന്ന് ഞാൻ കരുതുന്ന ചില കൗതുകകരമായ പരസ്യങ്ങൾ, സത്യദൂതന്റെ ആ പഴയലക്ക കവർപേജുകളിൽ പ്രത്യക്ഷപ്പെട്ടത്, ഞാനിവിടെ അതിന്റെ ഒറിജനലുകളായിതന്നെ കാട്ടിത്തരുന്നു. പരസ്യഭാഷയുടെ ആ പഴമയ്ക്കുമുണ്ട് ഒരു പുതുമ, ഒരു കൗതുകം, ഒരു പുരാതനഭംഗി.

പരസ്യങ്ങൾ ഇവയാണ്. മേൽപരസ്യങ്ങൾ സിഗററ്റും പുകയും ചുരുട്ടും പ്രോത്സാഹിപ്പിക്കാൻ വേണ്ടിയാവില്ല. എഴുപത് വർഷം മുമ്പേ എം. മുഹമ്മദ്കോയ, കോഴിക്കോടിന്റെ 'സ്വദേശി സിഗററ്റുകൾ' എന്ന ഈ പരസ്യം സത്യദൂതൻ സ്വീകരിച്ചതെന്ന് മനസ്സിലാക്കാൻ, സ്വദേശിയെ സ്നേഹിപ്പിൻ, സ്വദേശിയെ സഹായിപ്പാൻ....' എന്നീ ദേശസ്നേഹപരമായ വാക്കുകൾ മാത്രം ശ്രദ്ധിച്ചാൽമതി. വിദേശവസ്തുക്കൾ ബഹിഷ്കരിക്കാൻ ആഹ്വാനം നൽകപ്പെട്ട ദേശീയപ്രസ്ഥാന കാലത്താണ് ഈ പരസ്യങ്ങളൊക്കെ പ്രത്യക്ഷപ്പെട്ടതെന്നോർക്കണം; സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ.

സത്യദൂതന്റെ ഇന്നത്തെ വരിസംഖ്യ എത്രയാണ്...? 120 ഉറുപ്പിക, ഒരു വർഷത്തേക്ക്. അന്നോ...? പരസ്യപ്രകാരം അന്ന് വാർഷിക വരിസംഖ്യ കേവലം രണ്ട് രൂപ മാത്രമായിരുന്നു. നാണയമൂല്യം, വരിസംഖ്യയിലൂടെ മാത്രം ഗണിച്ചാൽ, 69 വർഷംകൊണ്ട് 60 ഇരട്ടിയായി വർദ്ധിച്ചിരിക്കുന്നുവെന്നു കാണാം. ആറു രൂപ കൊടുത്ത് നാമിന്ന് വാങ്ങേണ്ടിവരുന്ന ഒരു നാളികേരത്തിന് പത്തുപൈസ മാത്രമേ അന്ന് വിലവരുമായിരുന്നുള്ളൂവെന്നർത്ഥം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അന്നത്തെ പത്ത് പൈസയ്ക്ക് ഇന്ന് ആറു രൂപ മൂല്യമുണ്ടെന്നർത്ഥം. മാസികയുടെ പരസ്യക്കൂലിയും അത്ഭുതകരമാംവിധം അന്ന് കുറവായി കാണപ്പെടുന്നു.

119 വർഷംമുമ്പേ ആരംഭിച്ച, മലയാള പത്രത്തറവാട്ടിലെ കാരണവരായ മലയാളമനോരമയ്ക്ക്, ഒരു പഴയ സാഹിത്യമാസികയുണ്ട്, 'ഭാഷാപോഷിണി'. അതിന് പ്രായം 114 വയസ്സ്. ആ മാസികയുടെ പരസ്യവും നമ്മുടെ 1938-ലെ സത്യദൂതൻ ലക്കങ്ങളിലുണ്ട്. ഈ വിവരം മനോരമയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നുണ്ട്. നമ്മുടെ മാസികയുടെ ഏട്ടത്തിയാവാൻ പ്രായമുള്ള 'ഭാഷാപോഷിണി'യും സത്യദൂതനെ പോലെ ആരോഗ്യത്തോടെ ഇന്നും ജീവിതം തുടരുന്നു.

'ദി റിവ്യൂ ഓഫ് റിലിജിയ'ന്റെ പരസ്യവും സത്യദൂതന്റെ ഈ താളുകളിൽ കാണാം. 'റോയൽ ബർമ്മാ സിഗർ കമ്പനി' റങ്കൂൺ എന്ന സ്ഥാപനത്തിന്റേതാണ് സിഗാർ അഥവാ പുകയിലച്ചുരുട്ടിന്റെ പരസ്യം. ഈ പരസ്യം- ഒരു വിദേശരാജ്യമായ ബർമ്മയുടെ പരസ്യം- എങ്ങനെയീ മലയാളമാസികയിൽ വന്നുവെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാവും. എനിക്കും അതറിയില്ല. എന്നാൽ, ഞാനൂഹിക്കുന്നു, അക്കാലത്ത് ബർമ്മയിൽ നിരവധി അഹ്മദികൾ ഉണ്ടായിരുന്നിരിക്കാം. ഈ സിഗാർ കമ്പനിയും ഒരുപക്ഷേ ഒരു അഹ്മദി സഹോദരന്റേതായിക്കൂടെന്നില്ല. നമ്മുടെ വലിയ മൗലവി സാഹിബിന്റെ പ്രവർത്തനമണ്ഡലങ്ങളിൽ റങ്കൂണും ഉൾപ്പെട്ടിരുന്നു എന്ന് കേട്ടിട്ടുണ്ട്. കൂടാതെ, ഇന്ത്യക്കാർക്ക്, പ്രത്യേകിച്ച് വടക്കേമലബാർകാർക്ക് അന്നത്തെ ബർമ്മ, ഇന്നത്തെ ഗൾഫ് മേഖലയോ പാശ്ചാത്യദേശങ്ങളോ പോലെയായിരുന്നു. നാട്ടിലെ തൊഴിലന്വേഷകരിൽ പലരും അന്ന് ജോലി തേടി പോയിരുന്നതും ബർമ്മയുടെ തലസ്ഥാനമായ റങ്കൂണിലേക്കായിരുന്നു.

കൊല്ലം ജമാഅത്തിന് പിതാവ് സംഭാവന ചെയ്ത പുസ്തകശേഖരം, 17.2.07 വെള്ളിയാഴ്ച ജുമാ കഴിഞ്ഞ് ഒന്നു പരതിനോക്കാനെനിക്ക് തോന്നി. എന്നെ വിസ്മയിപ്പിച്ചുകൊണ്ട് അതാ 1928-ലെ സത്യദൂതൻ മാസികയുടെ നാലാം പുസ്തകം എന്ന് അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ നമ്മുടെ മാസിക മുത്തശ്ശിക്ക് ഇപ്പോൾ പ്രായം 82 വയസ്സ്. വാർദ്ധക്യകാലാരിഷ്ടതകൾ കൂടാതെ ഇന്നും വർദ്ധിച്ച ആരോഗ്യത്തോടെ അത് നിലനിൽക്കുന്നു എന്നത് റബ്ബിന്റെ അനുഗ്രഹംമാത്രം.

1928-ൽ അച്ചടിച്ച 79 വർഷം മുമ്പേയുള്ള നമ്മുടെ ആ മുഖപ്പത്രത്താളുകൾ മറിച്ചുനോക്കാൻകൂടി കഴിയാത്തവിധം കാലഹരണപ്പെട്ടതായി കണ്ടു. കടലാസ്സു

**42–ാം പേജിൽ**

അഡ്വ. ടി.നിസാർ അഹമദ്, കണ്ണൂർ

# 'ഫസ്ഖ്' - നിയമവും ചരിത്രവും

ശരീഅത്ത് നിയമസംഹിതയിലെ വളരെ പ്രധാനപ്പെട്ട ഭാഗമാണ് വിവാഹമോചന വ്യവസ്ഥകൾ. നൂറ്റാണ്ടുകളായി വിമർശനങ്ങൾക്കും വിവാദങ്ങൾക്കും വിധേയമാക്കപ്പെട്ടുവരുന്ന ഇസ്‌ലാമിലെ പ്രസ്തുത വിവാഹമോചന സമ്പ്രദായങ്ങൾ അജ്ഞതകൊണ്ടും ദുർവ്യാഖ്യാനങ്ങൾകൊണ്ടും വ്യാപകമായ നിലയിൽ ദുരുപയോഗപ്പെട്ട് വരികയുമാണ്.

മറ്റേത് നിയമവ്യവസ്ഥയേയും പോലെതന്നെ നിരവധി വ്യാഖ്യാനങ്ങൾക്ക് വിധേയമാണ് ശരീഅത്ത് സംവിധാനത്തിലെ വിവാഹമോചന വ്യവസ്ഥകളുടെ വിശദാംശങ്ങളും. ഒരു വലിയ പരിധിവരെ അത്തരം വ്യാഖ്യാനങ്ങളുടെ മൂലകാരണം സ്ഥലകാലദേശഭേദങ്ങൾ പരിഗണിക്കാതെ ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് അർത്ഥവ്യാഖ്യാനങ്ങൾ നല്കി നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. ശരീഅത്തിലെ ക്രിമിനൽ നിയമവ്യവസ്ഥകളിൽപെട്ട ശിക്ഷാരീതികൾ സംബന്ധിച്ച് അഹ്മദികളല്ലാത്ത മുസ്‌ലിംകൾക്കിടയിൽ ഇന്നും നിലനിൽക്കുന്ന വിചിത്രമായ ധാരണകൾക്ക് സമാനമാണ് ശരീഅത്തിലെ വിവാഹമോചന വ്യവസ്ഥകളിൽ യാഥാസ്ഥിതിക മുസ്‌ലിം സമൂഹങ്ങൾക്കുള്ള ധാരണകൾ.

പ്രകടമായ ഒരു ഉദാഹരണം 'ഫസ്ഖ്' സംബന്ധിച്ചുള്ളതാണ്. മുസ്‌ലിംഭാര്യക്ക് വിവാഹമോചനം ഏകപക്ഷീയമായി നിർവ്വഹിക്കാനോ പ്രഖ്യാപിക്കാനോ നടപ്പിൽവരുത്താനോ അവകാശമില്ലെങ്കിലും വിവാഹമോചനം ചോദിച്ചുവാങ്ങാൻ ചില പ്രത്യേക സാഹചര്യങ്ങളിൽ അവകാശമുണ്ട്. ആ അവകാശമാണ് ഫസ്ഖ്. ഇതൊരു വ്യാഖ്യാനമോ വിശദീകരണമോ അല്ല. വിശുദ്ധഖുർആൻ മുസ്‌ലിംസ്ത്രീകൾക്ക് നല്കിയ അവകാശവും തുല്യനീതിയുടെ നിദർശനവും സാമൂഹ്യനീതിയുടെ അസ്ഥിവാരങ്ങളിലൊന്നുമാണ്. ലോകത്തിലെ എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ശരീഅത്ത് നിയമങ്ങൾ ക്രോഡീകരിച്ച് നടപ്പാക്കുന്ന അവരുടേതായ നിയമസംഹിതകളിൽ ഫസ്ഖിന് ഇതേ അർത്ഥവും പ്രാധാന്യവുംതന്നെ നല്കിയിട്ടുണ്ട്. എന്നാൽ, സാക്ഷരതയിലും നിയമസാക്ഷരതയിലും വളരെ മുന്നിൽ നില്ക്കുന്ന കേരളത്തിലെ മിക്ക യാഥാസ്ഥിതിക മുസ്‌ലിം വിഭാഗങ്ങളും 'ഫസ്ഖ്' എന്ന അവകാശത്തേയും വ്യവസ്ഥാപിത നിയമത്തേയും നൂറ് ശതമാനം വളച്ചൊടിച്ചാണ് നടപ്പാക്കിവരുന്നത്.

വിശുദ്ധഖുർആനിലെ വ്യവസ്ഥയനുസരിച്ച് ഫസ്ഖ് സമ്പ്രദായം തിരുനബി(സ.അ)യുടെ കാലത്ത് തന്നെ നടപ്പിലാക്കിയിരുന്നു. ഏകപക്ഷീയമായി തലാഖ് ചെയ്ത് വിവാഹമോചനം നടത്താനുള്ള അവകാശം മുസ്‌ലിം ഭർത്താവിന് നല്കിയപ്പോൾതന്നെ സംരക്ഷിതവും സുരക്ഷിതവുമായ ദാമ്പത്യം തകരുമ്പോൾ വിവാഹമോചനം ചോദിച്ചുവാങ്ങാനുള്ള ഏതാണ്ട് തത്തുല്യമായ അവകാശമാണ് ഫസ്ഖിലൂടെ മുസ്‌ലിംസ്ത്രീക്ക് നല്കിയിട്ടുള്ളത്. ഫസ്ഖ് ആരോട് ചോദിക്കണം എന്നതാണ് പ്രശ്നം. ശത്രുതയിലുള്ള ഭർത്താവിനോട് ചോദിക്കുന്നതും ചോദിച്ചാലുടനെ വിവാഹമോചനം ലഭിക്കുന്നതും അചിന്ത്യവും അപ്രായോഗികവുമാണ്. എന്നാൽ, ഖുർആനിലൂടെ അല്ലാഹു നല്കിയ അവകാശം അപ്രസക്തമാവുകയുമില്ല. ഇതിനുള്ള സംവിധാനമായിരുന്നു റസൂൽ കരീം (സ.അ) നീതിന്യായനിർവ്വഹണവേദിയായി നിഷ്പക്ഷമായ സ്വതന്ത്രാധികാരത്തോടെ ഇന്നത്തെ ജുഡീഷ്യറിയുടെ ആദ്യരൂപമായി ഖാസി സമ്പ്രദായം ആവിഷ്കരിച്ചുകൊണ്ട് നടപ്പാക്കിയത്. ഫസ്ഖിനുള്ള കാര്യകാരണങ്ങൾ ഖാസിയെ ബോധ്യപ്പെടുത്തുക എന്നതായിരുന്നു അന്ന് മുതൽ മുസ്‌ലിംസ്ത്രീകൾക്ക് വിവാഹമോചനം ലഭിക്കാൻ ഒരുക്കിയ വ്യവസ്ഥിതി. ഫസ്ഖ് ആവശ്യപ്പെടുന്ന സ്ത്രീയുടെ ഭർത്താവിനെ വിളിച്ചുവരുത്തി ഇരുകൂട്ടരുടേയും വാദമുഖങ്ങൾ കേട്ട് പരിശോധിച്ച് ഖാസി വിവാഹമോചനം അനുവദിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കും. വിവാഹമോചനത്തിനാണ് വിധിയെങ്കിൽ ഭർത്താവിന് സ്വയം തലാഖ് നിർവ്വഹിക്കുകയോ അല്ലാത്തപക്ഷം ഖാസിയുടെ ഉത്തരവ് തലാഖായി സ്വീകരിക്കപ്പെടുകയോ ചെയ്യുക എന്നതായിരുന്നു സുന്നത്ത്. ഈ രീതിക്ക് ഖുലഫായെ റാശിദീങ്ങളുടെ കാലത്ത് നിയമപ്രാബല്യം ലഭിച്ചു. ഇതനുസരിച്ച നിയമ വ്യാഖ്യാനങ്ങൾ ശാഫി, ഹനഫി തുടങ്ങിയ എല്ലാ മദ്ഹബുകളിലും ശിയാവിഭാഗത്തിലും നൂറ്റാണ്ടുകളായി വിവിധ രീതികളിൽ വന്നുകൊണ്ടിരുന്നു.

അവിഭക്തഇന്ത്യയിൽ ഫസ്ഖ് സംബന്ധിച്ച അപേക്ഷകൾ മുഗൾഭരണത്തിന് മുമ്പ് മഹല്ലുകളും പ്രാദേശിക ഖാസിമാരുമാണ് കൈകാര്യം ചെയ്തുവന്നത്. മുഗൾഭരണത്തിൽ ഉത്തരേന്ത്യയിലും മുസ്‌ലിം രാജവാഴ്ചകൾ നിലനിന്ന മറ്റു പ്രദേശങ്ങളിലും സിവിൽ കോടതികളായിരുന്നു ശരീഅത്ത് നിയമങ്ങൾ കൈകാര്യം ചെയ്തുവന്നത്. ഫസ്ക് സംബന്ധിച്ച അപേക്ഷകളും അവയോടൊപ്പം കൈകാര്യം ചെയ്തുവന്നു. കേരളത്തിലെ ഏകമുസ്‌ലിം രാജവംശമായിരുന്ന അറക്കൽ സ്വരൂപത്തിന് സിവിൽകോടതികൾക്ക് പകരം ഖാസിമാരാണുണ്ടായിരുന്നത്. അറക്കൽ സ്വരൂപമാവട്ടെ രാജാധികാരത്തോടൊപ്പം എല്ലാ മഹല്ലുകളുടേയും ഖാസിസ്ഥാനവും മഹല്ലുകളിലെ പള്ളികളേയും

പള്ളികളുമായി ബന്ധപ്പെട്ട സ്വത്തുക്കളേയും വഖ്ഫിന്റെ പരിധിയിൽപെടുത്തി അവയുടെ കേന്ദ്രീകൃത മുതവല്ലി സ്ഥാനവും നൂറ്റാണ്ടുകളായി വഹിച്ചുവന്നിരുന്നു. ഫസ്ഖ് ഉൾപ്പെടെയുള്ള ശരീഅത്ത് വ്യവസ്ഥകളുമായി ബന്ധപ്പെട്ട കേസുകൾ അറക്കൽ സ്വരൂപത്തിൽ അവർ ചുമതലപ്പെടുത്തിയ അവരുടെ മുഖ്യ ഖാസി സ്ഥാനത്തിന് കീഴിലുള്ള ഖാസിമാരാണ് കൈകാര്യം ചെയ്തിരുന്നത്.

അന്ന് കേരളത്തിലുണ്ടായിരുന്ന എല്ലാ അമുസ്‌ലിം രാജാധികാരത്തിൻ കീഴിലും മുസ്‌ലിം മഹല്ലുകളിലെ ഖാസിമാരായിരുന്നു ഫസ്ഖ് ഉൾപ്പെടെയുള്ള ശരീഅത്ത് കേസുകൾ കൈകാര്യം ചെയ്തുവന്നത്.

ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ മിക്ക പ്രദേശങ്ങളിലും വേരുറച്ചപ്പോൾ, രാജഭരണങ്ങൾ നാമമാത്രമായും പുത്രികാരാജ്യ പദവികളിലും നിലനിർത്തിയ പ്രദേശങ്ങളുൾപ്പെടെ, ഏകദേശം അവിഭക്തഇന്ത്യ മുഴുവൻ ആംഗ്ലോ-സാക്സിക്കൺ നിയമവ്യവസ്ഥ അവർ നടപ്പിലാക്കി. ക്രിമിനൽ നിയമവ്യവസ്ഥയും സിവിൽ കോടതികളും പൂർണ്ണമായും ആ രീതിയിൽ സ്ഥാപിക്കപ്പെട്ടപ്പോൾ ഇന്ത്യൻ പൗരന്മാരുടെ വ്യക്തി നിയമങ്ങൾ സിവിൽ നിയമരംഗത്ത് പരിമിതമായ നിലയിൽ നടപ്പാക്കാൻ തുടക്കത്തിൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയും തുടർന്ന് ബ്രിട്ടീഷ് ഗവർമെന്റ് നേരിട്ടും തയ്യാറായി. അതനുസരിച്ച് പിന്തുടർച്ചാവകാശം, വിവാഹം, വിവാഹമോചനം തുടങ്ങിയ കാര്യങ്ങളിൽ മുസ്‌ലിംകൾക്ക് ശരീഅത്ത് നിയമം നടപ്പാക്കാൻ അനുവാദം നല്കി. 18-ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽതന്നെ ഇതനുസരിച്ചുള്ള എക്സിക്യൂട്ടീവ് കല്പനകൾ ഉണ്ടായിത്തുടങ്ങി. 1890-ഓടെ ചെയ്യാനാവുന്നവിധത്തിൽ ശരീഅത്തിലെ മേൽപറഞ്ഞ കാര്യങ്ങളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമനിർമ്മാണങ്ങൾക്ക് രൂപം നല്കി. 1820 മുതൽ ഇത് സംബന്ധിച്ച് ബ്രിട്ടീഷ് കോടതികളിലെ വിധികൾ വന്നുതുടങ്ങിയതായി രേഖയുണ്ട്. 1919 -ലെ ഒരു സുപ്രധാന വിധിയിലാണ് ശരീഅത്ത് വ്യവസ്ഥിതിയിലെ ഖാസിയുടെ സ്ഥാനമാണ് ഇന്ത്യയിലെ സിവിൽ കോടതിക്ക് എന്ന് ആദ്യമായി ഒരു നീതിന്യായ പ്രഖ്യാപനമുണ്ടായത്.

ആ വിധിയെത്തുടർന്ന് ഇന്ത്യയിലെല്ലായിടത്തും ഫസ്കിനുള്ള അപേക്ഷകൾ സിവിൽ കോടതികൾ കൈകാര്യം ചെയ്തുവന്നു. തുടക്കത്തിൽ ഭർത്താവിന്റെ ലൈംഗികശേഷിയില്ലായ്മ, ഭാര്യയുടെമേൽ അടിസ്ഥാനരഹിതമായ വ്യഭിചാരക്കുറ്റം ആരോപിക്കൽ തുടങ്ങി വളരെ ചുരുങ്ങിയ കാരണങ്ങളിന്മേലായിരുന്നു വിവാഹമോചനത്തിനായി ഫസ്ഖ് പ്രകാരം അപേക്ഷിക്കുന്നവരുടെ അപേക്ഷകൾ സ്വീകരിച്ചിരുന്നത്. ഇവയുടെ വ്യാഖ്യാനങ്ങൾക്ക് ബ്രിട്ടീഷ് കോടതികൾ ആശ്രയിച്ചിരുന്നത് ഉലമാക്കളുടെ അഭിപ്രായങ്ങളായിരുന്നു.

പ്രത്യക്ഷത്തിൽതന്നെ വിശുദ്ധഖുർആൻ വിശദീകരിച്ച രീതിയിലോ ഖുലഫായെറാശിദീങ്ങൾ നടപ്പിലാക്കിയ വിധത്തിലോ യഥാർത്ഥത്തിലുള്ള ഫസ്ഖ് അവകാശം ആയിരുന്നില്ല ഇവയെന്ന് വ്യാപകമായി വിമർശനമുയർന്നു. ഇതനുസരിച്ചാണ് 1939-ലെ മുസ്‌ലിം വിവാഹമോചന നിയമം (Dissolution of Muslim Marriage Act 1939) ഇന്ത്യ മുഴുവൻ നടപ്പിലായത്. ബ്രിട്ടീഷ് ഇന്ത്യയിലെ മറ്റെല്ലാ നിയമങ്ങളും തുടർന്നുവന്നതുപോലെ സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണസഭയുടെ തീരുമാനപ്രകാരവും പിന്നീട് ഇന്ത്യൻ ഭരണഘടനയിലെ വ്യവസ്ഥ പ്രകാരവും പ്രസ്തുത നിയമം ഇന്ത്യക്ക് മുഴുവൻ (ജമ്മു-കാശ്മീരിലൊഴിച്ച്) ബാധകമാക്കി. കാശ്മീരിൽ 1942-ലെ ജമ്മു കാശ്മീർ സ്റ്റേറ്റ് ഡിസ്സൊലൂഷൻ ഓഫ് മുസ്‌ലിം മാര്യേജ് ആക്ട് പിന്നീട് നിലവിൽ വന്നു. രണ്ട് നിയമങ്ങളും ഒരേ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതാണ്.

പ്രസ്തുത നിയമത്തോടെ ഇന്ത്യയിൽ ഫസ്ഖിനുള്ള മുസ്‌ലിം ഭാര്യമാരുടെ അവകാശം നിയമപരമായ അവകാശമായി (Statutory Right) മാറുകയും ഇപ്പോഴും സംരക്ഷിക്കപ്പെട്ടുവരികയും ചെയ്യുന്നു. ശരീഅത്ത് വ്യവസ്ഥകൾ പ്രകാരം മുസ്‌ലിം ഭർത്താവിന് ഏകപക്ഷീയമായി തന്റെ ഭാര്യയെ തലാഖ് ചെയ്യാനുള്ള അവകാശം ഈ നിയമത്തിലുൾപ്പെടുത്തിയിട്ടില്ല. അത് ക്രോഡീകരിക്കപ്പെടാത്ത ശരീഅത്ത് നിയമമായി നിലനിർത്തിയിരിക്കുന്നു. ഭരണഘടന പ്രകാരം ഇന്ത്യയിലെ മുസ്‌ലിംകൾക്ക് ബാധകമായ പിന്തുടർച്ചാവകാശം, വിവാഹം, വിവാഹമോചനം തുടങ്ങിയ കാര്യങ്ങളിലെ വ്യക്തിനിയമം എന്ന നിലയിൽ മുസ്‌ലിം ഭർത്താവിന്റെ തലാഖിനുള്ള അവകാശം ഒരു പ്രത്യേക നിയമം കൂടാതെതന്നെ നിലനില്ക്കുന്നുവെന്നർത്ഥം.

എന്നാൽ, ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വിവിധ രീതികളിലും വ്യത്യസ്തമായ വ്യാഖ്യാനങ്ങളോടെയും വിശുദ്ധഖുർആൻ സൂക്തങ്ങളും ഹദീസ്, സുന്നത്തുകൾ പ്രകാരവും നടപ്പിലാക്കിയതിൽനിന്നും വ്യത്യസ്തമായും കൈകാര്യം ചെയ്തുവന്ന ഫസ്ഖ് സമ്പ്രദായത്തെ ക്രോഡീകരിക്കുകയും ശരീഅത്ത് പ്രദാനം ചെയ്ത മുസ്‌ലിം ഭാര്യക്കുള്ള അവകാശം, ആയതിനുള്ള കാരണങ്ങൾ, ആയത് കൈകാര്യം ചെയ്യാനുള്ള വേദി എന്നിവ വ്യവസ്ഥപ്പെടുത്തിക്കൊണ്ടുള്ള വളരെ പ്രത്യേകതകളുള്ള ഒരു നിയമവ്യവസ്ഥയായി ഈ പുതിയ നിയമം പ്രാബല്യത്തിൽ വന്നു. കാര്യമായ ഭേദഗതികളൊന്നും വരുത്താതെ കഴിഞ്ഞ 68 വർഷത്തോളമായി പ്രസ്തുത നിയമം ഇന്ത്യയിൽ നടപ്പിലാക്കിവരുന്നു.

ഈ നിയമപ്രകാരം ഹദീസിലും സുന്നത്തിലും നിർവചിച്ചിട്ടുള്ള ഖാസിയുടെ സ്ഥാനം സിവിൽ കോടതികൾക്ക് നല്കിയിരിക്കുന്നു. പണ്ഡിതരായ ഉലമാക്കളും മതപുരോഹിതരും ഈ നിയമനിർമ്മാണത്തിൽ ഖാസിയുടെ അധികാരം സിവിൽ കോടതികൾക്ക്

നല്കിയതിനെ ശരിവെച്ചിരുന്നു. ഇക്കാര്യത്തിൽ പിന്നീടൊരിക്കലും തർക്കമുണ്ടായിട്ടില്ല.

മുസ്‌ലിം ശരീഅത്തിൽ സ്ത്രീകൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള നീതി പ്രസ്തുത നിയമനിർമ്മാണത്തിന് മുമ്പ് യഥാർത്ഥത്തിൽ നടപ്പാക്കപ്പെട്ടിരുന്നില്ല, ചുരുങ്ങിയത് ഫസ്ഖിന്റെ കാര്യത്തിലെങ്കിലും.

പ്രസ്തുത നിയമനിർമ്മാണത്തിന് തൊട്ടുമുമ്പായിരുന്നു ഒരു ഭാഗത്ത് ക്രിസ്തീയപുരോഹിതരും മറുഭാഗത്ത് ആര്യസമാജക്കാരും ബ്രഹ്മസമാജക്കാരും അതിശക്തമായി ഇസ്‌ലാമിന്നെതിരെ ആഞ്ഞടിച്ചുകൊണ്ടിരുന്നത്. അവരുടെ വിമർശനങ്ങളുടെ കുന്തമുന പ്രധാനമായും ഇസ്‌ലാമിക ശരീഅത്തിന്നെതിരെയായിരുന്നു. ശരീഅത്ത് നിയമം അപരിഷ്കൃതമെന്നും സ്ത്രീകളെ ചൂഷണം ചെയ്യുന്നുവെന്നും അവർ പ്രചരിപ്പിച്ചു. ഈ വിമർശനശരങ്ങളെ ഫലപ്രദമായി തടയാനോ യഥാർത്ഥ ശരീഅത്തിന്റെ മനോഹാരിത തെളിയിക്കാനോ ആ കാലഘട്ടത്തിലെ സാധാരണ മുസ്‌ലിം പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞില്ല. ആ കഴിവില്ലായ്മക്ക് പകരം പ്രത്യക്ഷപ്പെട്ടത് രോഗത്തേക്കാൾ മാരകമായ ചികിത്സയായിരുന്നു. ശരീഅത്തിനെക്കുറിച്ചുള്ള വിമർശകരുടെ വീക്ഷണങ്ങൾ ശരിവെക്കുന്ന തരത്തിൽ ശരീഅത്തിൽനിന്നും വ്യത്യസ്തമായ വളരെ പുരോഗമനപരമെന്ന് തോന്നുന്ന പുതിയ വ്യവസ്ഥിതികളെക്കുറിച്ച് സർ സയ്യിദ് അഹ്മദ് ഖാനും മറ്റും അഭിപ്രായപ്പെട്ടു തുടങ്ങി. ഇസ്‌ലാമും ശരീഅത്തും വളരെ യാഥാസ്ഥിതികമാണെന്നും പുരോഗമനപരമായ പുതിയ ആശയങ്ങൾ മുസ്‌ലിംജനത സ്വീകരിക്കണമെന്നുമായിരുന്നു അവരുടെ വാദഗതി. യഥാർത്ഥത്തിൽ ഇസ്‌ലാമിന്റെ ശത്രുപക്ഷ ആരോപണങ്ങളെ സാധൂകരിക്കുന്നതായി ഈ അഭിനവപുരോഗമനവാദികളുടെ ഇസ്‌ലാം പ്രതിരോധം.

ഈ കാലഘട്ടത്തിലായിരുന്നു ഹദ്റത്ത് അഹ്മദ്(അ) അതിശക്തമായി ഇസ്‌ലാമിന്റെ പ്രതിരോധത്തിന്റെ പടച്ചട്ടയണിഞ്ഞിറങ്ങിയത്. ഇസ്‌ലാമിന്റേയും ശരീഅത്തിന്റേയും മനോഹാരിതയും ശാസ്ത്രീയതയും അദ്ദേഹം തെളിയിച്ചു. കുഴപ്പം ഇസ്‌ലാമിന്റേതല്ലെന്നും ഇസ്‌ലാമിനെ വ്യാഖ്യാനിച്ച മുല്ലമാരുടേയും അനിസ്‌ലാമികമായി ചിന്തിക്കുകയും ജീവിക്കുകയും ചെയ്ത മുസ്‌ലിം നാമധാരികളുടേതാണെന്നും അദ്ദേഹം സമർത്ഥമായി ലോകത്തെ ധരിപ്പിച്ചു. 'ബറക്കാത്തുദ്ദുആ' എന്ന മസീഹ് മൗഊദ്(അ)ന്റെ വിഖ്യാതമായ പുസ്തകം സർസയ്യിദ് അഹ്മദ്ഖാനുൾപ്പെടെയുള്ള സ്വയംപ്രഖ്യാപിത ബുദ്ധിജീവികളുടെ അർത്ഥശൂന്യമായ ഇസ്‌ലാം നവീകരണവാദങ്ങളുടെ മുനയൊടിച്ചു.

മസീഹ് മൗഊദ്(അ)ന്റെ നുബുവ്വത്ത് വാദമൊഴിച്ച് മറ്റെല്ലാ ഇസ്‌ലാമിക പ്രതിരോധവാദങ്ങളും ആവേശപൂർവ്വം മുസ്‌ലിം പണ്ഡിതന്മാർപോലും സ്വീകരിച്ചുവരുന്ന കാലഘട്ടമായിരുന്നു അത്. അദ്ദേഹത്തിന്റെ ഇസ്‌ലാമിക പാണ്ഡിത്യം വിവിധ ജാതിമതങ്ങളിൽപെട്ടവരെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. ഇസ്‌ലാമിനെതിരെയുള്ള ഏത് വിമർശനത്തേയും, അത് ഏത് ശത്രുപക്ഷത്ത് നിന്നായാലും മുസ്‌ലിം നാമധാരികളിൽ നിന്നായാലും വിശുദ്ധഖുർആന്റേയും തിരുനബിചര്യകളുടേയും ആധികാരികതയിൽ അദ്ദേഹം നിർദ്ദാക്ഷിണ്യം എതിർത്തു പരാജയപ്പെടുത്തിയ നിരവധി സംഭവങ്ങൾ അക്കാലത്തുണ്ടായി.

സ്ത്രീക്ക് ഇസ്‌ലാം അനുവദിച്ച തുല്യനീതിയും മഹനീയസ്ഥാനവും സ്ത്രീശാക്തീകരണ ചരിത്രത്തിലെ ഏറ്റവും വലിയ വിപ്ലവമായി അദ്ദേഹം തന്റെ രചനകളിലൂടെ തെളിയിച്ചു. അദ്ദേഹം മനോഹരമായി ചിത്രീകരിച്ച ഇസ്‌ലാമിക ശരീഅത്തിൽ മുസ്‌ലിം ഭാര്യക്ക് ഫസ്ഖിലൂടെ വിവാഹമോചനത്തിനുള്ള അവകാശം മറ്റൊരു നിയമസംഹിതയിലുമില്ലെന്നും യാഥാസ്ഥിതികമെന്ന് മുസ്‌ലിംനാമധാരികളും ശത്രുപക്ഷവും ഒരുപോലെ വിശ്വസിച്ച ഇസ്‌ലാമിക ശരീഅത്ത് യഥാർത്ഥത്തിൽ സാമൂഹ്യനീതിയുടെ അവസാനവാക്കാണെന്നും ബ്രിട്ടീഷ് ഇന്ത്യയിലെ നിയമപണ്ഡിതന്മാർ വിലയിരുത്തി.

തുടർന്ന് അഹ്മദിയ്യാ പ്രസ്ഥാനത്തിലൂടെയുള്ള ഇസ്‌ലാമിക നവോത്ഥാനത്തിന്റെ പടയോട്ടം ദശകങ്ങളോളം നയിച്ചത് ഖലീഫത്തുൽ മസീഹ് സാനി(റ) ആയിരുന്നു. ഈയടുത്തകാലത്ത് പ്രസിദ്ധമായ ശാബാനുകേസ് വിധിക്കാൻ സുപ്രീംകോടതി അവലംബിച്ച ആധികാരികഗ്രന്ഥങ്ങളിലൊന്ന് ഖലീഫത്തുൽ മസീഹ് സാനി(റ) എഴുതിയ ചരിത്രപ്രസിദ്ധമായ ഖുർആൻ തഫ്സീർ ആയിരുന്നു. അദ്ദേഹത്തിന്റെ തൂലികായുദ്ധം തീക്ഷ്ണമായിരുന്ന കാലത്താണ് ഫസ്കിന് നിയമപ്രാബല്യം നല്കിക്കൊണ്ടുള്ള 1939-ലെ മേൽപറഞ്ഞ നിയമം അന്നത്തെ ഗവർമ്മെന്റ് നടപ്പാക്കുന്നത്.

ഇങ്ങനെയൊരു സാമൂഹിക-സാമുദായിക-മത സംവാദ പശ്ചാത്തലം പ്രസ്തുത നിയമത്തിന്റെ ചരിത്രത്തിനും പിറവിക്കും പിന്നിലുണ്ട്. ശരീഅത്ത് നിയമങ്ങളിലെ എല്ലാ നിയമസംഹിതകളും ഭൗതികമാധ്യമങ്ങളിലൂടെ ക്രോഡീകരിക്കപ്പെട്ടിട്ടില്ലെങ്കിലും ക്രോഡീകരിക്കപ്പെടുകയും രാജ്യത്തെ നിയമപുസ്തകത്തിൽ എഴുതിച്ചേർക്കപ്പെടുകയും ചെയ്ത ശരീഅത്ത് തത്വങ്ങളിൽ ഫസ്കിന് പ്രമുഖമായ സ്ഥാനമുണ്ട്.

പ്രസ്തുത നിയമത്തിൽ 'ഫസ്ഖ്' എന്ന പദം എവിടെയും ഉപയോഗിക്കുകയോ നിർവചിക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, ശരീഅത്തിൽ 'ഫസ്ഖ്' എന്ന പദം കൊണ്ടുദ്ദേശിക്കുന്ന അവകാശം പ്രസ്തുത നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതനുസരിച്ച് 11 കാരണങ്ങളിന്മേൽ ഒരു മുസ്‌ലിം ഭാര്യക്ക് വിവാഹമോചനത്തിനായി നിയമ നടപടികൾ സ്വീകരിക്കാൻ അവകാശം നല്കിയിരിക്കുന്നു.

(തുടരും)

എ. അംറീൻ

# ഇസ്റായീൽ; പ്രവചനങ്ങളുടെ പുലർച്ച

രണ്ടാം ലോകയുദ്ധകാലത്തെ നാസികളുടെ കുരുതിക്കഥകൾ മുതലാക്കിയാണ് ജൂതന്മാർ അനധികൃതമായി ഒരു രാജ്യംതന്നെ തട്ടിയെടുത്തത്. എന്നാൽ, അതേ നാസികളുടെ വഴിയിൽ അതിവിചിത്രമായ ഒരു 'അപ്പാർഥീഡ്' രാഷ്ട്രമായാണ് ഇസ്റായീൽ രൂപാന്തരപ്പെട്ടിരിക്കുന്നത്. അധിനിവിഷ്ട വെസ്റ്റ്ബേങ്ക് പ്രദേശത്ത് ഫലസ്തീനികളെ തളച്ചിടാൻ ഉന്നംവെച്ച് കെട്ടിയുയർത്തിക്കൊണ്ടിരിക്കുന്ന അപ്പാർഥീഡ് മതിൽ ആ മാർഗ്ഗത്തിലേക്കുള്ള ഇസ്റായീലിന്റെ അവസാനത്തെ കൂപ്പുകുത്തലാണ്. പഴയ വർണ്ണവെറിയൻ ദക്ഷിണാഫ്രിക്ക വെള്ളക്കാരേയും കറുത്തവരേയും വേർതിരിച്ചുകൊണ്ട് നടത്തിയ ഭരണവ്യവസ്ഥയായിരുന്നു അപ്പാർഥീഡെങ്കിൽ, ഇസ്റായീൽ ഇതോടൊപ്പം ക്രൂരതകളുടേയും കാട്ടാളത്തരത്തിന്റേയും കാര്യത്തിൽ നാസികളുടെ കൂടി അവതാരമാണ്.

രണ്ടാം ലോകയുദ്ധം കഴിഞ്ഞ ബഹളങ്ങൾക്കിടയിൽ, ഭീകരമായ കയ്യൂക്കിന്റെ ബലത്തിൽ മാത്രം നാട്ടുകാരെ ഇറക്കിയോടിച്ച് വിദേശ ജൂതന്മാർക്കുവേണ്ടി നിസ്സഹായരായ അറബികളുടെമേൽ കെട്ടിയുയർത്തിയ ഈ രാഷ്ട്രം അരനൂറ്റാണ്ടിങ്ങെത്തിയപ്പോഴാണ് അറബികൾക്കെന്നല്ല, ലോകത്തിന് മുഴുവനുമായുള്ള ഒരു ശാപമായി, ക്രൂരതകളുടെ പര്യായമായി നവനാസികളുടെ അവതാരമായി രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്. ഫലസ്തീനികളെ ലോകമറിയാതിരിക്കാൻ മനുഷ്യമനസ്സാക്ഷിയെ നടുക്കുന്ന ക്രൂരതകളും, പടിഞ്ഞാറൻകോയ്മകളുടെ ആശിർവാദത്തോടെ രാഷ്ട്രാന്തരീയ തറവേലകൾ പലതും പുറത്തെടുത്തിട്ടും ആ ഊരാകുടുക്കിൽനിന്ന് ഒരൊഴിഞ്ഞനേരം ഇസ്റായീലിനുണ്ടായിട്ടില്ല. ദശകങ്ങളായുള്ള എല്ലാതരം വംശവിച്ഛേദനങ്ങൾക്കും മർദ്ദനങ്ങൾക്കുശേഷവും ഫലസ്തീനികളുടെ ജനസംഖ്യാവർദ്ധനവാണ് ഇപ്പോൾ ഇസ്റായീലിന്റെ ഉറക്കം കെടുത്തുന്ന പ്രശ്നം. ജൂതരാഷ്ട്രമെന്ന ഇസ്റായീലിന്റെ മേൽവിലാസത്തിനും, പശ്ചിമേഷ്യയിലെ ഏക ജനാധിപത്യരാഷ്ട്രമെന്ന മേനിപറച്ചിലിനുമിടയിൽ ഇതാണ് ഇസ്റായീലി നേതാക്കളുടെ ഉറക്കം കെടുത്തുന്നത്. ഈ ജനസംഖ്യാബോംബ് ഇസ്റായീലിന്റെ ദേശീയ അജണ്ടയിൽ ഏറ്റവും സുപ്രധാന വിഷയമായിക്കഴിഞ്ഞിട്ടുണ്ട്. ഫലസ്തീനികളുടെ ഉയർന്ന ജനനനിരക്കും, വാഗ്ദത്തഭൂമിയിലേക്ക് ചേക്കേറുന്ന വിദേശജൂതന്മാരുടെ എണ്ണത്തിൽ കഴിഞ്ഞ മൂന്നു, നാല് വർഷത്തിലുണ്ടായ കുറവും കാരണം ജൂതരാഷ്ട്രത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ച പ്രശ്നമെന്ന നിലയിലാണ് ഇസ്റായീലിലെ 'ഇടത്തും' 'വലത്തും' ഉള്ളവർ ഇതിനെ കാണുന്നത്.

ക്രൂരതയുടെ പുതിയ ഉദാഹരണങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് ഇസ്റായീലി അധികൃതർ അധിനിവിഷ്ട പ്രദേശങ്ങളിൽ വിലസുന്നത്. കഴിഞ്ഞ മൂന്നുവർഷങ്ങൾക്കിടയിൽ ഇസ്റായീലി സായുധസേന ഫലസ്തീനികളുടെ ഏതാണ്ട് മൂവായിരത്തിലേറെ ഭവനങ്ങൾ ഇടിച്ചു നിരപ്പാക്കിയിട്ടുണ്ട്. ഇതുമൂലം പതിനായിരക്കണക്കിന് ഫലസ്തീനി കുടുംബങ്ങൾ ഭവനരഹിതരാവുകയും ജീവിതം ഗതിമുട്ടുകയും ചെയ്തിട്ടുണ്ടെന്നാണ് ആംനസ്റ്റി ഇന്റർനാഷണൽ പുറത്തിറക്കിയ റിപ്പോർട്ടിൽ വെളിപ്പെടുത്തുന്നത്. ഈ കൂട്ടദണ്ഡന മുറകൾവഴി ഗതിമുട്ടിയ കുടുംബങ്ങളുടെ കരളലിയിപ്പിക്കുന്ന ചിത്രം 'Under the Rubble, House Demolition and Destruction of Land and Property' എന്ന റിപ്പോർട്ടിൽ വിശദമായി വിവരിച്ചിട്ടുണ്ട്. പലപ്പോഴും അർദ്ധരാത്രികളിലാണ് ഇസ്റായീലികൾ ഒരു മുന്നറിയിപ്പുമില്ലാതെ ബുൾഡോസറുകളുമായി പ്രത്യക്ഷപ്പെടുക. വീടുകളിൽ കിടന്നുറങ്ങുന്നവർക്ക് എന്താണ് സംഭവിച്ചിരിക്കുന്നതെന്ന് അറിയുന്നതിനു മുമ്പേ ഭിത്തികളൊന്നൊന്നായി ഇസ്റായീലികളുടെ അമേരിക്കൻ നിർമ്മിത 'കേറ്റർ പില്ലർ' ബുൾഡോസറുകൾ നിരപ്പാക്കാൻ തുടങ്ങുന്നു. ഉറക്കച്ചടവിൽ ഓടിരക്ഷപ്പെടാനാവാത്ത വൃദ്ധന്മാരും ഗർഭിണികളും കുട്ടികളും അതോടൊപ്പം ചതഞ്ഞരഞ്ഞു മരിക്കുന്നു. ഇതാണ് ഇസ്റായീൽ ഫലസ്തീനികളോട് കാണിക്കുന്ന പതിവ് അന്യാചാരങ്ങളുടെ ചിത്രം.

ഇസ്റായീലിന് എന്ത് തോന്ന്യവാസവും കളിക്കാനുള്ള ഏറ്റവും അനുകൂല കാലാവസ്ഥയാണ് മദ്ധ്യപൗരസ്ത്യദേശത്ത് ഇപ്പോഴുള്ളത്. ചുറ്റും തങ്ങൾക്ക് വിടുപണി ചെയ്യാനായി മാത്രം തമ്പടിച്ചിരിക്കുന്ന ബ്രിട്ടീഷ്-അമേരിക്കൻ സേനകൾ. ഈജിപ്ത് ഉൾപ്പെടെയുള്ള മദ്ധ്യപൗരസ്ത്യദേശത്തെ ശക്തമായ രാഷ്ട്രങ്ങളൊക്കെ നിർഗുണസാന്നിധ്യമായി കഴിയുന്നു. പഴയ ഇറാക്ക് ഇന്നൊരു ഓർമ്മ മാത്രമായി. അധിനിവേശസേനകളുടെ പരാക്രമണങ്ങളാൽ ഇറാഖി ജനത അതിജീവനത്തിനായി കേഴുകയാണ്. സിറിയയും ഇറാനും രണ്ടിലൊന്ന് തീരുമാനിക്കാനാവാതെ അമേരിക്കൻ കായബലത്തിന്റെ നിഴലിൽ നല്ല നടപ്പ് ജാമ്യത്തിന് വിട്ടയച്ച പ്രതികളെപ്പോലെ നാളുകൾ തള്ളി

നീക്കുന്നു. സ്വന്തമായൊരു തീരുമാനവുമില്ലാത്ത സമ്പന്നരായ ഗൾഫുരാജ്യങ്ങളാകട്ടെ, ദയനീയതയുടെ മാളങ്ങളിൽ അന്തിയുറങ്ങുന്നു. അമേരിക്കയുടെ ഹിതത്തിനു മുമ്പിൽ ഇസ്റായീലി താൽപര്യങ്ങൾക്ക് തങ്ങളുടെ പിൻവാതിൽ തുറന്നുകൊടുക്കേണ്ട ഗതികേടിലാണിപ്പോൾ ഈ പെട്രോൾ സ്റ്റേറ്റുകൾ. കൊട്ടും കുരവയുമായി ഈയിടെ റിയാദിൽ ചേർന്ന അറബ്‌ലീഗ് ഉച്ചകോടി, പതിവുപോലെ പ്രമേയങ്ങൾ പാസാക്കി പിരിഞ്ഞു.

വിടുവായത്തത്തിൽ കവിഞ്ഞ്, തങ്ങൾക്കുനേരെയുള്ള ഒരാക്രമണമോ അധിനിവേശമോ തടുത്തുനിറുത്താനുള്ള ത്രാണിയോ ശേഷിയോ ഒരറബ് രാജ്യത്തിനുമില്ലെന്നിരിക്കെ, ഇസ്റായീലിന്റെ കാപാലികമായ നടപടികൾ വരാനിരിക്കുന്ന നാളുകളിൽ ശക്തിപ്പെടാനേ ഇടയുള്ളൂ. ആംഗ്ലോ-സാക്സൻ സാമ്രാജ്യത്വങ്ങളുടെ ചട്ടുകമായി അറബിരാജ്യങ്ങളെ വേട്ടയാടിയാണ് ഇസ്റായീൽ പിച്ചവെച്ചതെങ്കിലും മനുഷ്യചരിത്രത്തിലെ ഏറ്റവും ഭയാനകമായ ഒരു ശാപശിക്ഷയുടെ കേന്ദ്രകീലമായി മാറിക്കൊണ്ട് ആ രാഷ്ട്രം അതിനെ പെറ്റുപോറ്റിയവരുടെതന്നെ നാശകാലനായി തീരുമെന്ന മഹാവിധിവൈപരീത്യത്തിലേക്കാണ് ഇസ്‌ലാമിക പ്രവചനങ്ങൾ വിരൽചൂണ്ടുന്നത്. ലോകത്തിന്റെമേൽ തങ്ങളുടെ മേൽക്കോയ്മക്കുള്ള കരുക്കൾ നീക്കിക്കൊണ്ടിരിക്കുന്ന ഇസ്റായീൽ പ്രകൃതി വിഭവങ്ങൾകൊണ്ട് സമ്പന്നമായ അറബ് ഗൾഫ് രാഷ്ട്രങ്ങളുടെമേൽ കൈവയ്ക്കാതെ പടിഞ്ഞാറിന്റെ മുമ്പിൽ നല്ലപിള്ളയായി എപ്പോഴും കഴിഞ്ഞുകൂടുമെന്നാണ് പാശ്ചാത്യരാജ്യങ്ങൾ കരുതുന്നത്. ഇതുതന്നെയാണ് ഇക്കാര്യത്തിൽ പടിഞ്ഞാറൻ ബുദ്ധികേന്ദ്രങ്ങളുടെ ഏറ്റവും വലിയ വങ്കത്തം. നിലവിൽ വന്നതു മുതൽ ഒടുങ്ങാത്ത അതിർത്തി വികസനമോഹം പുലർത്തുകയും ലോകമാധേവിത്വത്തിനുവേണ്ടി ശ്രമിക്കുകയും ചെയ്യുന്ന ചരിത്രപശ്ചാത്തലമുള്ള ഒരു ജനതയുടെ അഭികേന്ദ്രമാണ് ഇസ്റായീൽ എന്ന യാഥാർത്ഥ്യം ലോകത്തിന് ഇനിയും മനസ്സിലാക്കാൻ കഴിഞ്ഞില്ല. പശ്ചിമേഷ്യയെ പുരോഗതിയുടേയും അഭിവൃദ്ധിയുടേയും പുതിയൊരു യുഗത്തിലേക്ക് നയിക്കാൻ അറബ്‌രാഷ്ട്രങ്ങളുടെ സാമ്പത്തികശക്തി ഇസ്റായീലി ബുദ്ധിശക്തികൊണ്ട് പരിപോഷിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ചില ഇസ്റായീലി നേതാക്കൾ എടുത്തുപറയുന്നതുതന്നെ ഇസ്റായീലിന്റെ കണ്ണ് എങ്ങോട്ടാണെന്ന് മനസ്സിലാക്കാൻ പര്യാപ്തമാണ്.

വാഗ്ദത്തമസീഹിന്റെ കാലത്ത് ശാപഗ്രസ്തരായ യഹൂദജനം വിവിധ ദേശങ്ങളിൽനിന്നായി ഒരുമിച്ചു കൂടപ്പെടുമെന്നത് വിശുദ്ധഖുർആന്റെ യുഗനിർണ്ണായകമായ ഒരു പ്രവചനമാണ്. അങ്ങനെ വിദേശജൂതന്മാർക്കുവേണ്ടി അറബികളടെമേൽ കെട്ടിയേൽപ്പിക്കപ്പെട്ട ഇസ്റായീൽ എന്ന രാഷ്ട്രം ഈ കാലഘട്ടത്തിൽ വിശുദ്ധഖുർആന്റെ ദൈവികസത്യത്തിലേക്കുള്ള കത്തിജ്വലിക്കുന്ന ദൃഷ്ടാന്തമാകുന്നു. അതോടൊപ്പം തിരുനബിവചനങ്ങളിലും ബൈബിളിലെ ഹെസക്കിയേൽ പ്രവചനങ്ങളിലും പറയപ്പെട്ട ദീർഘദർശനങ്ങളുടെ അക്ഷരാർത്ഥത്തിലുള്ള സാക്ഷാത്ക്കാരം കൂടിയാണ് ഇസ്റായീലെന്നും മനസ്സിലാക്കേണ്ടതുണ്ട്.

എന്നാൽ, ഒടുവിൽ ജൂതന്മാരും മുസ്‌ലിംകളും തമ്മിൽ ഒരന്തിമ സംഘട്ടനം നടക്കുമെന്നും ആ പോരിൽ ജൂതന്മാർക്ക് അവർ നേടിയെടുത്ത രാഷ്ട്രം നഷ്ടപ്പെട്ടുപോവുകയും ആദ്യനിലയിലേക്കുതന്നെ അവർ അധഃപതിക്കുകയും ചെയ്യുമെന്നും ഇസ്‌ലാമിക പ്രവചനങ്ങൾ സൂചിപ്പിക്കുന്നു. ആ സംഘട്ടനത്തിൽ മുസ്‌ലിംകളെ ദൈവം അത്ഭുതകരമായി വിജയിപ്പിക്കുമെന്നാണ് ഹദീസിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. ശക്തിയിൽ ആയിരത്തിലൊന്ന് എന്ന തോതിൽ മാത്രം ഉണ്ടായിരിക്കുമാറ് മുസ്‌ലിംകൾ അന്ന് അതീവനിസ്സഹായരും ദുർബ്ബലരുമായിരിക്കുമെന്നുംകൂടി ഹദീസിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

ബൈബിളിലെ ഹെസക്കിയേൽ പ്രവചനങ്ങളനുസരിച്ച് നോക്കുമ്പോൾ മനസ്സിലാകുന്നത്, (ഇപ്പോൾ അമേരിക്കയുടെ വൈതാളികനായി വാഴുന്ന) ഇസ്റായീൽ ഒടുവിൽ മേശക്കിന്റേയും തൂബാലിന്റേയും പ്രഭുവായ റോശ് എന്ന റഷ്യയുടെ കൂടെ പോകാനുള്ളതാണെന്നാണ്. പാശ്ചാത്യശക്തികളെ സംബന്ധിച്ചിടത്തോളം അതവർക്കൊരു മഹാവിപത്തായി ഒടുവിൽ അനുഭവപ്പെടുമെന്നുള്ളതാണ് സൂചന. വർദ്ധിതവീര്യത്തോടെ റഷ്യൻ സാമ്രാജ്യത്വം ഇറാനിലേക്ക് തള്ളിക്കയറുകയും തുർക്കി, അർമീനിയ, സിറിയ, ഫലസ്തീൻ തുടങ്ങിയ നാടുകളിലേക്ക് നീങ്ങിത്തുടങ്ങുമെന്നുള്ളതും പ്രവചനങ്ങളിലെ സൂചനയാണ്. പ്രവചനങ്ങളനുസരിച്ച് ഇറാൻ മറ്റേതൊരു രാജ്യത്തേക്കാളും റഷ്യയുടെ ആക്രമണത്തിന് ഇരയാവാനാണിട. വിശുദ്ധഖുർആനിലേയും ഹദീസുകളിലേയും ബൈബിളിലേയും യുഗപ്രധാനമായ ഈ ദീർഘദർശനങ്ങൾ മുന്നിൽ വച്ചുകൊണ്ടാണ് ഇസ്‌ലാമിക പുനരുത്ഥാനത്തിന്റെ പ്രതാപശാലിയായ വിജയശില്പിയും, ഈ കാലഘട്ടത്തിൽ ഇസ്‌ലാമിക വിജയത്തിന്റെ ക്രാന്തദർശിയായ സൂത്രധാരനും, അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഇമാമുമായ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഏതാണ്ട് 50 വർഷങ്ങൾക്ക് മുമ്പുതന്നെ പാശ്ചാത്യരാഷ്ട്രങ്ങളെ അഭിമുഖീകരിച്ച് സുപ്രധാനമായ ഒരു മുന്നറിയിപ്പ് നൽകുകയുണ്ടായത്. പാശ്ചാത്യരാജ്യങ്ങൾ ഇസ്‌ലാമിന്റേയും മുസ്‌ലിംകളുടേയും നേരെയുള്ള തങ്ങളുടെ നയം അടിസ്ഥാനപരമായും അതിവേഗത്തിലും മാറ്റാത്തപക്ഷം അവർ ഖേദിക്കേണ്ടിവരുമെന്നും അതിൽ അദ്ദേഹം ഓർമ്മിപ്പിക്കുകയുണ്ടായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇപ്രകാരം കൂട്ടിച്ചേർത്തു:

എസ്.വി. മുഹമ്മദ് ഫസൽ

# മിയാൻ സാഹിബ്

**(ഹദ്റത്ത് മിയാൻ സാഹിബുമായി 2006–ലെ ഖാദിയാൻ ജൽസ വേളയിൽ നടത്തിയ കൂടിക്കാഴ്ചയുടെ സ്മരണയിൽ എഴുതിയത്)**

വിയോഗമറിഞ്ഞ നേരം
തൊട്ടീ ഹൃത്തടത്തിൽ സദാ
നിറവാർന്നയോർമ്മ തന്ന
നേക ചിത്രങ്ങൾ തെളിഞ്ഞു.
അങ്ങുതൻ തിളങ്ങുമ്മിഴി
കളിലൂടൊഴുകിവന്ന
ആർദ്ര സ്നേഹമീ ഹൃദന്തം
പുണർന്നതോർത്തിരുന്നു ഞാൻ

മസീഹിൻ പൗത്രനാമങ്ങ-
യേ, കണ്ടു ദുആയ്ക്കർത്ഥിക്കാൻ
മസീഹിൻ ഗൃഹത്തിൻ മുന്നിൽ
കാത്തിരുന്നൊരുപാടന്ന്
അങ്ങുതന്നധരങ്ങളിൽ
നിന്നുതിർന്ന വാക്മുത്തുക
ളാർത്തിയോടെ പെറുക്കി ഞാ-
നോർമ്മതൻ ചെപ്പ് നിറച്ചു.
അങ്ങയുടോർമ്മതന്നാഴ
മറിഞ്ഞന്ധാളിച്ചു ഞാൻ
സ്നേഹ സാന്ദ്രമാം പുഞ്ചിരി
വിരിഞ്ഞ വദനാംബുജം
നോക്കിയിരുന്നതും പിന്നൊ-
രുപാട് സംവദിച്ചതും
കാതുകൾക്കമൃതധാരയാം
സംഗീതമായിമ്മനസ്സിൽ
കുളിർ ചൊരിഞ്ഞതുമെല്ലാ
മോർക്കുമ്പോൾ മധുരിക്കുന്നു.

പുണ്യമണ്ണിൻ കാവൽഭടൻ,
കുരുക്ഷേത്രഭൂവിലൊരു
ധീരപോരാളി, സമർപ്പി
ച്ചായുസ്സീ പുണ്യവീഥിയിൽ
ആത്മവഞ്ചി തുഴഞ്ഞങ്ങീ
മണ്ണിലലക്ഷ്യമലഞ്ഞ
സാധുജനങ്ങളെയക്കരെ
യെത്തിക്കുവാനെത്നിച്ചു

മാലിക്കിയൗമിദ്ദീ നാമ-
ല്ലാഹു സ്വർഗകവാടമെൻ
മിയാൻ സാഹിബിനായെന്നും
തുറക്കണേ, യർത്ഥിപ്പു ഞാൻ.

---

''പാശ്ചാത്യരാഷ്ട്രങ്ങൾ പുതിയ ശത്രുക്കളെ സൃഷ്ടിക്കുന്നതിനു പകരം പുതിയ മിത്രങ്ങളെ സൃഷ്ടിക്കട്ടെ. ഇന്നും പൗരസ്ത്യദേശത്തെ മുസ്‌ലിംജനതകൾ പാശ്ചാത്യരുടെ ചവിട്ടടിക്കുള്ളിൽ ഞെരുങ്ങിക്കൊണ്ടിരിക്കുകയാണ്. അവർ അത് നിശ്ശബ്ദരായി സഹിച്ചുകൊണ്ടിരിക്കുകയില്ല. കാലത്തിന്റെ കരുനീക്കങ്ങളെ പാശ്ചാത്യരാഷ്ട്രങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്നില്ലെങ്കിൽ യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടയ്ക്കുകയാണ് ചെയ്യുന്നതെങ്കിൽ പരിപൂർണ്ണ സമത്വത്തിന്റെ അടിസ്ഥാനത്തിൽ പൗരസ്ത്യജനതകളുമായി കൈകോർത്തുപിടിക്കാൻ അവർ ഒരുക്കമില്ലെങ്കിൽ, ഇന്ന് ലോകത്തെ നിരന്തരം ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആ നാശത്തിന് അവർ ഇരയാവുകതന്നെ ചെയ്യും.

ഏതാണ്ട് രണ്ടായിരം കൊല്ലം മുമ്പ് യേശുവിന്റെ ശത്രുക്കൾ അദ്ദേഹത്തെ കുരിശിലേറ്റി. ഇന്ന് ആ ആക്രമണത്തിന്റെ ഉത്തരവാദികളായിരുന്നവരുടെ പിൻമുറക്കാർ (യഹൂദികൾ) ഫലസ്തീനിൽ തങ്ങളുടെ ആധിപത്യം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി അതേ യേശുവിന്റെ കാൽക്കൽവീണു കെഞ്ചേണ്ടിവന്നു. ഇതിൽനിന്ന് ഒരു പാഠം പാശ്ചാത്യലോകത്തിന് സ്വീകരിക്കാൻ കഴിയും. യഹൂദരുടെ കാര്യത്തിൽ യേശുവിന് അനുകൂലമായി വെളിപ്പെട്ട ഈ ദൃഷ്ടാന്തംപോലെ, ക്രിസ്ത്യാനികളുടെ കാര്യത്തിൽ മുസ്‌ലിംകൾക്കനുകൂലമായി മറ്റൊരു ദൃഷ്ടാന്തം വെളിപ്പെടുന്നതുവരെ പാശ്ചാത്യരാഷ്ട്രങ്ങൾ കാത്തിരിക്കുകയാണോ? പാശ്ചാത്യരാഷ്ട്രങ്ങൾ തങ്ങളുടെ തെറ്റുകൾ തിരുത്താൻ കാലമായിരിക്കുന്നു. അവർ അതിന് തയ്യാറില്ലെങ്കിൽ ചരിത്രത്തിന്റെ ചക്രങ്ങൾ തിരിയുമ്പോൾ പാശ്ചാത്യർക്ക് തങ്ങൾ അന്യരെ അനുഭവിപ്പിച്ചിട്ടുള്ള കഷ്ടപ്പാടുകളും ദുരിതങ്ങളും അനുഭവിക്കേണ്ടിവന്നേക്കും. ''മനുഷ്യർ ഏതുപ്രകാരം ചെയ്യേണമെന്ന് നിങ്ങൾ ഇച്ഛിക്കുന്നുവോ അപ്രകാരം അവർക്കും ചെയ്‌വിൻ'' എന്നുള്ള യേശുവിന്റെ തിരുവചനം (ലൂക്കോസ്, 6:31) പാശ്ചാത്യർ മറന്നുകളഞ്ഞോ?''

*(കമ്മ്യൂണിസമോ ഡെമോക്രസിയോ- ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ), പുറം 5, വിവ: എൻ. അബ്ദുർറഹീം, അഹ്മദിയ്യാ മുസ്‌ലിം മിഷൻ, കോഴിക്കോട്, 1959)*

കെ. അബ്ദുൽ ഹക്കീം, ആലപ്പുഴ

# മുസ്‌ലിംലോകത്തിന്റെ രക്ഷ ഒരു പരേതാത്മാവിലോ?

**ലോ**കമുസ്‌ലിംകൾ തങ്ങളുടെ രക്ഷകനായി ഈ കാലഘട്ടത്തിൽ ഒരു പരേതാത്മാവിനെയാണ് പ്രതീക്ഷിക്കുന്നതെന്ന് അവരുടെതന്നെ ആധികാരികമായ ഗ്രന്ഥങ്ങളിലും, പ്രഖ്യാപനങ്ങളിലും കാണാം. ക്രിസ്തീയ മതലോകവും അവരുടെ രക്ഷയ്ക്കായിട്ട് ഇതേ പരേതാത്മാവിനെ തന്നെയാണ് പ്രതീക്ഷിക്കുന്നത്. പരേതാത്മാക്കൾ രക്ഷകരായിട്ട് വന്നിട്ടുള്ള ഒരു സംഭവങ്ങളും മുൻവേദഗ്രന്ഥങ്ങളിലോ, വിശ്വാസങ്ങളിലോ തന്നെയില്ല. എന്നിരുന്നാലും മരിച്ചുപോയവരെ വീണ്ടും തിരയുന്ന അന്ധവിശ്വാസപരമായ ആചാരങ്ങളും വിശ്വാസങ്ങളും മുൻസമൂഹങ്ങളിൽ നിലനിന്നിരുന്നതായിട്ട് കാണാൻ കഴിയും. പിൽക്കാലത്ത് ഇവയെല്ലാംതന്നെ അന്ധവിശ്വാസങ്ങളായിരുന്നുവെന്ന വിലയിരുത്തലുകളിലൂടെ മാറ്റപ്പെടുകയും ചെയ്തിട്ടുണ്ട്. അപ്പോഴും ഒരു വൻഭൂരിപക്ഷം ഇത്തരം വികലവിശ്വാസങ്ങളിൽ കടിച്ചുതൂങ്ങുന്നത് കാണാം. ഏതൊരു കാര്യത്തിലാണോ ഒരാൾ തന്റെ ആശയും, പ്രതീക്ഷയും വെച്ചുപുലർത്തുന്നത് അതാണ് ആ വ്യക്തിയുടെ 'ദൈവം'. ആരാധന ഇവിടെനിന്നുമാണ് ഉരുത്തിരിയുന്നതും. ഒരു വസ്തുവിനോടുള്ള അദമ്യമായ പ്രേമത്തിൽനിന്നുമാണ് ആരാധന ഉത്ഭവിക്കുന്നത്.

ആരാധന ദൈവത്തിന് മാത്രമുള്ളതാണെന്നാണ് എല്ലാ മതഗ്രന്ഥങ്ങളും പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ, അനുയായികൾ അറിഞ്ഞോ, അറിയാതേയോ ദൈവത്തെ വിട്ട് മറ്റ് ആരാധ്യന്മാരെ സ്വീകരിക്കാറുണ്ട്. മനുഷ്യനുണ്ടായ നാൾ മുതൽ ദൈവേതിരന്മാരെ ആരാധിക്കുന്നതിൽനിന്നും ജനങ്ങളെ വിലക്കിക്കൊണ്ട് ദൈവത്തിന്റെ ഭാഗത്തുനിന്നുള്ള പ്രവാചകന്മാരെ കാലാകാലങ്ങളിലായി ദൈവം തന്നെ നിയോഗിച്ചിട്ടുമുണ്ട്. അപ്പോഴെല്ലാം ഭൂരിപക്ഷം ജനതയും അവരെ നിരാകരിക്കുകയും തള്ളിക്കളയുകയും കൊലപ്പെടുത്തുവാൻവരെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം ചരിത്രവും, വേദഗ്രന്ഥങ്ങളും സവിസ്തരം പ്രതിപാദിക്കുന്നുണ്ടെങ്കിലും സത്യനിഷേധികൾ എല്ലായ്പ്പോഴും എതിർത്തുപോരുകതന്നെ ചെയ്തു. ഈ കാലഘട്ടത്തിലും ദൈവം ലോകരക്ഷയ്ക്കായി ഒരു മഹാത്മാവിനെ നിയോഗിച്ചു. എന്നാൽ, തമസ്സിന്റെ സന്തതികൾ ആ മഹാത്മാവിന്റെ സത്യതയെ കുറച്ചുകൂടി ശക്തിമത്തായ നിലയിൽ നിഷേധിച്ചിരിക്കുകയാണ്. ദൈവഭയമുള്ള ഒരു വിഭാഗം വിശ്വസിച്ചു. ഭൂരിപക്ഷം ഇപ്പോഴും ആവശ്യപ്പെടുന്നത് രണ്ടായിരം വർഷം പഴക്കമുള്ള ഒരു പരേതാത്മാവിനെയാണ്. അതിൽ കുറഞ്ഞ യാതൊന്നുകൊണ്ടും അവർ തൃപ്തിപ്പെടുന്നില്ല. ജീവനുള്ള മതവും, ജീവൽപ്രവാചകനും അവർക്ക് ആവശ്യമില്ല. അതുകൊണ്ടുതന്നെയാണ് മുസ്‌ലിം ഭൂരിപക്ഷത്തിന് ഇനിയുള്ള രക്ഷ ഒരു പരേതാത്മാവിലാണ് എന്നു പറയുവാൻ കാരണം.

ഭൂരിപക്ഷം വരുന്ന സുന്നി, മുജാഹിദ്, ജമാഅത്തെ ഇസ്‌ലാമി കക്ഷികളെല്ലാംതന്നെ മേൽപറഞ്ഞ വിശ്വാസത്താൽ പ്രചോദിതരാണ്. ആർക്കുംതന്നെ മറിച്ചൊരഭിപ്രായം ആധികാരികമായിട്ടില്ല. സുന്നികൾ യാഥാസ്ഥിതികരാണ്. എന്നാൽ, മറ്റ് രണ്ട് കൂട്ടരോ ബുദ്ധിജീവികളും, പുരോഗമന ഉല്പതിഷ്ണുക്കളുമാണ് എന്നാണ് പറയുന്നത്. ഇവരുടെ ചിന്താഗതികളാകട്ടെ മതലോകത്ത് വളരെ ഗുണം ചെയ്യുന്നതുമാണ്. ഒരുകൂട്ടർ ഏകദൈവത്വത്തിന്റെ (തൗഹീദ്) പേരിൽ ഹാലിളക്കി സുന്നികളെ ആക്ഷേപിച്ചുകൊണ്ട് മാലയും, മൗലൂദും, സിയാറത്തും, ജിന്നും, ശയ്ത്വാനുമെല്ലാം ശിർക്കാണെന്ന് പറയുകയും സുന്നികളുടെ 'ഒജീനം' മുട്ടിക്കുകയും ചെയ്തുകൊണ്ട് തൗഹീദിനുവേണ്ടി ജിഹാദ് നടത്തിക്കൊണ്ടിരിക്കുന്നു. സുന്നികളുടെ ഇത്തരം കാര്യങ്ങൾ അനിസ്‌ലാമികമാണെന്നു പറയുന്ന മുജാഹിദുകാരിൽ പലരും ഇപ്പോൾ ഇക്കാര്യം ശരിയാണെന്ന് പറയാൻ തുടങ്ങിയതിന്റെ പരിണിത ഫലമാണ് കേരളത്തിൽ മുജാഹിദ് പ്രസ്ഥാനം രണ്ടായി പിളർന്നതും രണ്ടിലുംപെടാത്ത മൂന്നാമതൊരു കൂട്ടർ മാറിനിൽക്കുന്നതും. മുജാഹിദുകാർ സുന്നികളുടെമേൽ വെച്ചുകെട്ടുന്ന ആക്ഷേപകരമായ ശിർക്കുകൾ ഒന്നുംതന്നെ പരിശുദ്ധഖുർആൻ പേരെടുത്തു വിരോധിച്ച കാര്യങ്ങളല്ലായെന്ന് വായനക്കാർ ഓർക്കുക. പരിശുദ്ധഖുർആൻ ഈവക കാര്യങ്ങൾ ശിർക്കാണെന്ന് എവിടെയാണ് പ്രഖ്യാപിച്ചിട്ടുള്ളത്? സലാത്തു ചൊല്ലിയാൽ ശിർക്കാകുമോ, ദിക്ർ ചൊല്ലിയാലും ശിർക്കാകുമോ?

ഒറ്റയ്ക്ക് ചൊല്ലാമെന്നും, കൂട്ടായി ചൊല്ലാൻ പാടില്ലായെന്നും ഖുർആൻ പറയുന്നുണ്ടോ? ***ഇന്നല്ലാഹ വമലായികതഹു....*** എന്നു തുടങ്ങുന്ന ഖുർആൻ വചന പ്രകാരം വിശ്വാസികൾക്ക് ദിക്റും, സ്വലാത്തും ചൊല്ലൽ അനുവദനീയമല്ലേ? പിന്നെ ആഹാരം കഴിക്കുന്നതും കഴിക്കാൻ കൊടുക്കുന്നതും ഒരു ചീത്തകാര്യമായിട്ട് ആരും കാണുന്നില്ല. മുജാഹിദുകാരും നല്ലപോലെ ഒജീനം കഴിക്കുന്നവർ തന്നെയാണ്. ഇതൊന്നും ഗുരുതരമായ ശിർക്കാണെന്ന് ഒരു മുജാഹിദിനും തെളിയിക്കാൻ സാധ്യമല്ല.

പരിശുദ്ധ ഖുർആൻ ആവർത്തിച്ച് പറയുന്ന ഗുരുതരമായ 'ശിർക്ക്' പ്രവാചകനിഷേധമാണ്. ഖുർആൻ മനസ്സിലാക്കിത്തരുന്ന ഇബ്ലീസിനെ കുറിച്ചുള്ള പാഠം ഇതിലേക്ക് വ്യക്തമായ തെളിവാണ്. ആദംനബി(അ)നെ അനുസരിക്കാൻ കൂട്ടാക്കാത്ത ഇബ്ലീസ് അല്ലാഹുവിനാൽ ശപിക്കപ്പെടുകയാണുണ്ടായത്. ഈ ബാലപാഠംപോലും ജിഹാദ് തലയ്ക്കുപിടിച്ച ബുദ്ധിജീവികൾക്ക് മനസ്സിലായിട്ടില്ലെങ്കിൽപിന്നെ എന്തു തൗഹീദാണ് ലോകത്ത് നടപ്പിൽവരുത്തുവാൻ പോകുന്നത്. അല്ലാഹുവിന്റെ ഒരു പ്രവാചകനെ നിഷേധിക്കുന്നവർ അല്ലാഹുവിനെത്തന്നെ നിഷേധിക്കുന്നവരാണ്, അക്കൂട്ടർക്ക് അല്ലാഹുവുമായിട്ട് എന്തു ബന്ധമാണെന്ന് നിഷ്പക്ഷമായിട്ട് ചിന്തിക്കുക.

തൗഹീദിന്റെ സംസ്ഥാപനം അല്ലാഹു ഒരു മനുഷ്യനിർമ്മിത പ്രസ്ഥാനത്തെ ഏല്പിച്ചിട്ടുള്ളതായ ഒരു തെളിവും പൂർവ്വകാലങ്ങളിലോ പിൽക്കാലത്തോ ഉണ്ടായിട്ടില്ല. എന്നാൽ, തൗഹീദിനു ഭംഗം വന്നിട്ടുണ്ടെന്ന് മുജാഹിദും സമ്മതിക്കുന്നു. അത് സ്ഥാപിക്കാനാണല്ലോ മുജാഹിദുകാർ പാടുപെടുന്നതും. പക്ഷേ, അല്ലാഹു പരിശുദ്ധഖുർആനിൽ കൂടുതലായി വിവരിക്കുന്നത് തൗഹീദിന്റെ സംരക്ഷണാർത്ഥം പ്രവാചകന്മാരെയാണ് നിയോഗിക്കുന്നതെന്നാണ്. മറിച്ച്, അല്ലാഹു ഒരുകൂട്ടരെ ഇക്കാര്യം ഏല്പിച്ചിട്ടുണ്ടെങ്കിൽ അത് അല്ലാഹുവിനെ സാക്ഷിനിർത്തി തുറന്നുപറയണം. കേരളത്തിൽ ഇന്നുവരെ അങ്ങനെയൊരു വാദഗതി, എ.പി. വിഭാഗമോ, മടവൂർ വിഭാഗമോ പ്രഖ്യാപിച്ചിട്ടില്ല. എന്നിരിക്കെ അല്ലാഹു ഏല്പിക്കാത്ത പണി ഏറ്റെടുക്കൽ ഖുർആന്റെ പാഠത്തിന് വിരുദ്ധമല്ലേ? തൗഹീദെന്ന് പറയുമ്പോൾ അല്ലാഹുവിന്റെ ഏകത്വമാണ് എന്നത് ഏവർക്കും അറിയാവുന്നതാണ്. എന്നാൽ, ഇന്ന് മുജാഹിദുകാർ ഈ ഏകത്വത്തെ രണ്ടായി കാണുന്നവരല്ലേ? യഥാർത്ഥ തൗഹീദ് ആരുടെ പക്കലാണെന്നുള്ളതെന്നറിയാതെ ആശയക്കുഴപ്പം കാരണം ഒന്നിലുംപെടാതെ മാറിനിൽക്കുന്നവരുടെ അവസ്ഥയെക്കുറിച്ച് ഒന്നു ചിന്തിച്ചുനോക്കുക. ഈയവസരത്തിൽ മരണപ്പെട്ടാൽ ദുൻയാവും, ആഖിറത്തും നഷ്ടപ്പെട്ടനിലയിലല്ലേ? കൂടാതെ തൗഹീദിന്റെ പേരിൽ പണ്ട് സുന്നികളെ ആക്ഷേപിച്ചുനടന്നവർ ഇന്ന് അതേ ആക്ഷേപങ്ങൾ പരസ്പരം ചെളിവാരിയെറിയുന്നതിന്നായി ഉപയോഗിക്കുകയാണ്. ഇപ്പോൾ ഇരുകൂട്ടരും സ്വയം നിലനില്പിനുവേണ്ടി പാടുപെടുകയാണ്. എന്നിട്ടുകൂടി തങ്ങൾ തൗഹീദിന്റെ വക്താക്കളാണെന്ന് പറയുവാനുള്ള ആർജ്ജവം ലജ്ജാകരംതന്നെ!

പരിശുദ്ധഖുർആൻ, ഇസ്റായേല്യർക്ക് മാത്രമായിട്ട് പ്രവാചകനായി പ്രഖ്യാപിച്ച ഈസാനബി(അ) രണ്ടായിരം വർഷം കഴിഞ്ഞിട്ടും മരിക്കാതെ ആകാശത്ത് ജീവിച്ചിരിക്കുന്നതും അദ്ദേഹത്തിനുള്ള അമാനുഷിക കഴിവുകളും വീണ്ടും രക്ഷകനായിട്ടുള്ള ഇറങ്ങിവരവും എല്ലാംതന്നെ തൗഹീദിന്റെ ഭാഗമാണ് മുജാഹിദുകൾക്ക്. അവസാനകാല രക്ഷകനായിട്ട് ഈസാനബി(അ)യെ പ്രതീക്ഷിക്കുന്ന മുജാഹിദുകളുടെ തൗഹീദ് 'കുരുടൻ ആനയെ കണ്ടതുപോലെയല്ലേ?'

അല്ലാഹു അല്ലാത്തവർക്ക് അല്ലാഹുവിന്റെ കഴിവുകൾ ഉണ്ടെന്ന് വിശ്വസിക്കുന്ന മുജാഹിദുകളും, മറ്റുകക്ഷികളും പരിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളെ അവഗണിക്കുകയല്ലേ ചെയ്യുന്നത്? 'പരിശുദ്ധ ഖുർആൻ പറയുന്നത് "അല്ലാഹു അല്ലാത്തവർ സൃഷ്ടിച്ച ഒരു വസ്തുവും പ്രപഞ്ചത്തിലില്ല. എന്നിട്ടും ഈസാനബിക്ക് അമാനുഷികത കല്പിക്കുന്ന മുസ്ലിം ലോകം ഗുരുതരമായ ശിർക്കിൽ തന്നെയല്ലേ. ഈസാനബി(അ) മരിച്ചുപോയെന്ന് പറയുന്നവർ 'കാഫിർ' ആകുമെന്നാണ് 'ഫത്വ' എങ്കിൽ ഇതേ അഭിപ്രായം പറയുകയും, വെച്ചുപുലർത്തുകയും ചെയ്യുന്ന മുജാഹിദ് ഗ്രൂപ്പുകൾ നിലവിലില്ലേ. മുജാഹിദിന്റെ പ്രസിദ്ധീകരണമായ 'യുവത'യുടെ 'ഇസ്ലാമും, വിശ്വദർശനവും' എന്ന കൃതിയിൽ 1339-ാം പേജിൽ ഈസാനബി(അ) മരിച്ചുപോയെന്ന് എഴുതിയിട്ടുണ്ട്. ഇത് ഏത് തൗഹീദിന്റെ ഭാഗമാണ്, അതല്ല 'കുഫ്ർ' ആകുമോ? മൗദൂദി സാഹിബിന്റെ ജമാഅത്തെ ഇസ്ലാമി ഈസാനബിയുടെ കാര്യത്തിൽ അല്ലാഹു ഇസാനബിയെ 'തിരിച്ചുവിളിച്ചു' എന്നാണ് പറയുന്നത്.

ഇത്തരത്തിൽ മുസ്ലിംലോകം ഭിന്നാഭിപ്രായത്തിൽ കഴിയുകയും, ഇസ്ലാം ഭീകരതയുടെ പര്യായമായി മാറുകയും മറ്റുള്ളവർ അത് കൊട്ടിഘോഷിക്കുകയും ചെയ്തുകൊണ്ട് ഇസ്ലാമിനേയും പരിശുദ്ധഖുർആനേയും മുഹമ്മദ് മുസ്തഫാ(സ)യേയും അധിക്ഷേപിക്കുന്ന ഈ കാലഘട്ടത്തിൽ യഥാർത്ഥ തൗഹീദ് പുനഃസ്ഥാപിക്കുവാനും, മുസ്ലിംലോകത്തിന്റെ ഭിന്നതയകറ്റുവാനും, രക്ഷയ്ക്കും എല്ലാമായിട്ട് ഒരു മഹാത്മാവിനെ നബി(സ.അ)യുടെ ഉമ്മത്തികളിൽനിന്നും എഴുന്നേൽപിക്കുമെന്ന അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയായിട്ടും അതിനെ നിഷേധിച്ചുകൊണ്ട് ആകാശത്തിന്റെ അനന്തതയിലേക്ക് കണ്ണുംനട്ട് കാത്തിരിക്കുന്ന ബുദ്ധിജീവികളെന്ന് അഭിമാനിക്കുന്ന സമൂഹത്തോട് മുസ്ലിം ലോകത്തിന്റെ രക്ഷ ഒരു പരേതാത്മാവിലാണ് എന്നു പറയുന്നതിൽ ഒരുവിധ തെറ്റും കാണുന്നില്ല. ഇസ്ലാമിന്റെ ആഗോളവിജയത്തിനായി ഈ കാലഘട്ടത്തിന്റെ വിളിയായ, അഹ്മദിയ്യാ ജമാഅത്തിൽ അണിചേരുക. സത്യം തിരിച്ചറിയുവാൻ സർവ്വശക്തൻ സഹായിക്കട്ടെ. ●

# മമ്മദ്ക്കയും, മുന്തിരിയും പിന്നെ നോമ്പും

"മുന്തിരിങ്ങ! നല്ല ഒന്നാന്തരം മുന്തിരിങ്ങ! കിലോയ്ക്ക് ഇരുപത് രൂപ മാത്രം."

അങ്ങാടിയിലെ തന്റെ പഴക്കടയുടെ മുന്നിലിരുന്ന് മമ്മദ്ക്ക വിളിച്ചുപറഞ്ഞു. അതുവഴി പോവുകയായിരുന്ന സ്ത്രീ ഒന്നുനിന്നു. മുന്തിരിങ്ങ നോക്കി ഒന്നു ശങ്കിച്ചു.

"കാശ് പിന്നീട് തന്നാൽ മതി. കിലോയ്ക്ക് ഇരുപത് രൂപ മാത്രം." മമ്മദ്ക്ക വീണ്ടും പ്രലോഭിപ്പിച്ചു.

സ്ത്രീയുടെ അരമനസ്സ് മുക്കാൽ മനസ്സായി എന്ന് മനസ്സിലാക്കിയ മമ്മദ്ക്ക അടുത്ത ഓഫറും കൂടി നീട്ടി. "ഇതാ രണ്ടെണ്ണം കഴിച്ചു നോക്കൂ. ഇഷ്ടമെങ്കിൽ വാങ്ങിയാ മതി. കാശ് പിന്നീട് തന്നാൽ മതി."

"കഴിച്ചുനോക്കാൻ പറ്റില്ല. എനിക്ക് നോമ്പാണ്." സ്ത്രീ പറഞ്ഞു.

"നോമ്പോ? റമദാൻ കഴിഞ്ഞിട്ട് മാസം ആറായല്ലോ" മമ്മദ്ക്ക തിരക്കി.

"റമദാനിലെ നോമ്പ് ഞാൻ ഇന്ന് വീട്ടുകയാണ്. ശരി മമ്മദ്ക്ക രണ്ട് കിലോ മുന്തിരിങ്ങ തരൂ. കാശ് പിന്നീട് തരാം ഇൻശാഅല്ലാഹ്." സ്ത്രീ ഓർഡർ കൊടുത്തു.

"സോറി പെങ്ങളെ. നിങ്ങക്ക് ഞാൻ മുന്തിരിങ്ങ കടമായി നൽകാൻ തയ്യാറല്ല." മമ്മദ്ക്ക കാലുമാറി.

"അതെന്താ മമ്മദ്ക്ക? നിങ്ങളല്ലേ ഇപ്പം പറഞ്ഞത് കാശ് പിന്നെ മതിയെന്ന്." സ്ത്രീ ആശ്ചര്യപ്പെട്ടു.

"അതേയ്..... പെങ്ങളേ........ പടച്ചോന്റെ കടം വീട്ടാൻ ആറുമാസം എടുത്ത നിങ്ങള് എന്റെ മുന്തിരിങ്ങയുടെ കടം ഏത് കാലത്താ വീട്ടുക? ഇക്ക് വയ്യ നിങ്ങടെ പിറകെ കായിക്ക് നടക്കാൻ." ഓഫർ ക്ലോസ്ഡ് പ്രഖ്യാപിച്ചു മമ്മദ്ക്ക.

പഴക്കച്ചവടക്കാരൻ മമ്മദ്ക്കയുടെ അപാരമായ ഹിക്മത്തിന് മുമ്പിൽ നോമ്പുകാരി അന്തംവിട്ടു ലജ്ജിച്ചുനിന്നു.

*(പുനരാവിഷ്കാരം: ഡോ. ഫുആദ് ജലീൽ)*

25–ാം പേജിൽനിന്ന്

യുള്ളൂ" (74:31) എന്നാണ് ഖുർആൻ പറയുന്നത്. ആകയാൽ ബുദ്ധിജീവികളായ അവന്റെ സൃഷ്ടികൾ ഏതൊക്കെയെന്നും ഏതെല്ലാം ഗോളങ്ങളിലാണ് വസിക്കുന്നതെന്നും ആരറിഞ്ഞു? അങ്ങനെയുള്ള അദൃശ്യജീവികൾ പലതും ഉണ്ടായിരിക്കാം. വിശുദ്ധ ഖുർആനിൽ 'ജിന്ന്' എന്ന പദം പ്രയുക്തമായിരിക്കുന്നത് മനുഷ്യരെക്കുറിച്ചു തന്നെയാണെന്ന് ഖുർആനിൽ അവധാനപൂർവ്വം ചിന്തിക്കുന്ന ആർക്കും മനസ്സിലാക്കാൻ കഴിയും. ജിന്നുകൾ തീയിൽനിന്ന് സൃഷ്ടിക്കപ്പെട്ടവരാണെന്ന പ്രസ്താവന ഇതിന്നെതിരില്ല, അതിന്റെ താൽപര്യം അഗ്നിയുടെ സ്വഭാവം (അനുസരണക്കേട്, അഹംഭാവം തുടങ്ങിയവ) ഉള്ളവർ എന്നാണ്. ഈ അർത്ഥം നല്കാമെന്ന് ഖുർആൻ മനസ്സിലാക്കിത്തരുന്നുമുണ്ട്. 'ഇബ്‌ലീസ് ജിന്നിൽപെട്ടവനാണ്. ആകയാൽ, അവൻ തന്റെ നാഥന്റെ കല്പനയെ ലംഘിച്ചുകൊണ്ട് പുറത്തുചാടി (18:50) എന്ന് ഖുർആൻ പ്രസ്താവിച്ചിരിക്കുന്നത് ഇതിലേക്ക് തെളിവാണ്.

***ചോദ്യം 4:*** നാല്ക്കാലികൾ, പക്ഷികൾ, മത്സ്യങ്ങൾ എന്നീ മൂന്ന് ജീവി വർഗ്ഗങ്ങളിൽ ഇസ്‌ലാം ശരീഅത്ത് ഭക്ഷിക്കാൻ അനുവദിക്കുന്നതും അനുവദിക്കാത്തതും ഏതെല്ലാമാണ്?

ഉത്തരം: ഇതുസംബന്ധിച്ച് ഒരു പൂർണ്ണലിസ്റ്റ് നല്കുക പ്രയാസം. '***അൻആം***' 'നിങ്ങൾക്ക് ഭക്ഷിക്കാവുന്നതാണ്' (5:1) എന്ന് ഖുർആനിൽ പറഞ്ഞിരിക്കുന്നു. 'അൻആം' എന്നു പറയുന്നത് ആട്, മാട്, ഒട്ടകം മുതലായ ജീവികളും ആ വർഗ്ഗത്തിൽപെട്ടവയുമാണ്. ആകയാൽ, അവയെല്ലാം ഭക്ഷിക്കാവുന്നതാണെന്ന് വ്യക്തമായി. വിശുദ്ധഖുർആൻ ഭക്ഷിക്കാൻ പാടില്ലെന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞ മൃഗം പന്നിയാണ്. ഇതര ജന്തുക്കളെ വേട്ടയാടി തിന്നുന്ന മൃഗങ്ങളേയും പക്ഷികളേയും ഭക്ഷിക്കുന്നത് നബിതിരുമേനി(സ) വിരോധിച്ചിരിക്കുന്നു. 'വിഹിതവും നല്ലതുമായത് ഭക്ഷിക്കുക' എന്നാണ് ഖുർആൻ പറയുന്നത്. ആകയാൽ, ഖുർആനിൽനിന്നും ഹദീസിൽനിന്നും ഭക്ഷിക്കാൻ പാടില്ലെന്ന് മനസ്സിലാകുന്ന മൃഗങ്ങളും പക്ഷികളും ഒഴിച്ച് നല്ലതാണെന്ന് മനസ്സിലാകുന്ന മറ്റെല്ലാ പക്ഷി മൃഗങ്ങളുടെയും മാംസം ഭക്ഷിക്കാമെന്ന് വ്യക്തമാകുന്നു. മത്സ്യങ്ങളെ സംബന്ധിച്ചാണെങ്കിൽ, അതെല്ലാം ഭക്ഷിക്കുന്നത് വിഹിതമാണെന്ന് ഹദീസിൽ പ്രസ്താവിക്കപ്പെട്ടുകാണാം.

യാസർ അറഫാത്ത്. ആർ.എം.

# തബ്‌ലീഗ് അനുഭവങ്ങൾ

ഒരു അഹ്മദീസഹോദരൻ കുവൈത്തിൽ തന്റെ കമ്പനിസൈറ്റിൽ ജോലി ചെയ്തുകൊണ്ടിരിക്കെ, തന്റെ സമീപം ജോലിചെയ്യുന്ന, നീണ്ട താടിയും വലിയ നിസ്കാരത്തഴമ്പുമുള്ള ഒരു വ്യക്തിയെ പരിചയപ്പെടാനിടയായി. നിങ്ങൾ മുസ്‌ലിമാണോ, സ്ഥലമെവിടെയാണ്, പേരെന്ത്, ഈ കമ്പനിയിൽ എത്ര വർഷമായി തുടങ്ങി കുറേ ചോദ്യങ്ങൾ ആ താടിക്കാരൻ ഒറ്റശ്വാസത്തിൽ ചോദിച്ചശേഷം മറുപടിക്കു കാക്കാതെ താൻ ബീഹാറുകാരനാണ്, കുവൈത്തിൽ ആറുവർഷമായി, തബ്‌ലീഗ് ജമാഅത്തിലാണ് എന്നിങ്ങനെ സ്വയം പരിചയപ്പെടുത്തകയും ചെയ്തു. മൈക്ക് കിട്ടിയാൽ തിന്നുകളയുന്ന സംസാരപ്രിയനാണ് ഈ ബീഹാരി എന്നു മനസ്സിലാക്കിയ അഹ്മദി, തന്റെ നാവിനേക്കാൾ ചെവിക്ക് അധ്വാനം കൂടുമെന്നറിഞ്ഞുകൊണ്ടുതന്നെ താൻ കേരളത്തിൽ നിന്നാണെന്നും കുവൈത്തിൽ രണ്ടാമത്തെ വർഷമാണെന്നും പരിമിതമായ വാക്കുകളിൽ സ്വയം പരിചയപ്പെടുത്തി. തബ്‌ലീഗുകാരൻ പിണങ്ങുമെന്നറിയുന്നതുകൊണ്ട് താൻ അഹ്മദിയാണെന്ന കാര്യം തൽക്കാലം പറയേണ്ടെന്നു തീരുമാനിച്ചു. മാത്രമല്ല തനിക്കു ചെയ്യാൻ ജോലി ബാക്കി കിടപ്പുള്ളതിനാൽ മറ്റു പരിപാടികൾ പിന്നീടാകട്ടെയെന്നും ബീഹാരീഭായി എന്തെങ്കിലും ചോദിച്ചാൽമാത്രം മറുപടി പറയാമെന്നും മനസ്സിൽ കരുതി.

"നിങ്ങളുടെ കമ്പനിയുടെ ഒരു ടെക്നീഷ്യൻ മുമ്പിവിടെ ജോലി ചെയ്തിരുന്നല്ലോ. അദ്ദേഹം എവിടെപ്പോയി?" ബീഹാരി തുടർന്നു ചോദിച്ചു.

അഹ്മദി: "അദ്ദേഹം പഞ്ചാബിലെ ഖാദിയാൻകാരനാണ്. ലീവിന് നാട്ടിൽപോയി."

ബീഹാരി: "ഓ, അയാൾ ഖാദിയാനിയായിരുന്നോ?"

അഹ്മദി: "അതെ, നിങ്ങൾ ബീഹാറുകാരനായതിനാൽ ബീഹാരിയാണ്. അതുപോലെ അദ്ദേഹം ഖാദിയാൻകാരനായതുകൊണ്ട് ഖാദിയാനിയാണ്."

ബീഹാരി: "അങ്ങനെയല്ല. അഹ്മദികളെയാണ് ഖാദിയാനികൾ എന്നു വിളിക്കുന്നത്. അവർ കാഫിറുകളാണ്."

(താനൊരു അഹ്മദിയോടാണ് സംസാരിക്കുന്നതെന്ന് ബീഹാരിഭായി അറിഞ്ഞിട്ടില്ല.)

അഹ്മദി: "കാഫിറാക്കൽ വലിയ കാര്യമാണോ? മുസ്‌ലിംകളിൽ ഇന്നുള്ള സർവ്വകക്ഷികളും തമ്മിൽ തമ്മിൽ കാഫിറാക്കിയതല്ലേ?"

ബീഹാരി: "അതല്ല പ്രശ്നം. എല്ലാവരുംകൂടി ഖാദിയാനികളെ കാഫിറാക്കിയിട്ടുണ്ട്."

അഹ്മദി: "അതുകൊണ്ടെന്താ? വസ്ത്രം ധരിക്കാത്ത കുറേപേർ പരസ്പരം കൂവിയാർത്തു പരിഹസിക്കുന്നു. അവരൊക്കെ കൂടിച്ചേർന്ന് ഭംഗിയായി വസ്ത്രം ധരിച്ച ഒരാളെ പരിഹസിച്ചെന്നു കരുതി അയാൾ നഗ്നനാവണമെന്നില്ലല്ലോ. തമ്മിൽ കാഫിറാക്കുന്ന കുറേ കക്ഷികൾ ഒരുമിച്ചുകൂടി മറ്റൊരു കക്ഷിയെ കാഫിറാക്കിയെന്നു കരുതി, അല്ലാഹു ഭൂരിപക്ഷം കക്ഷികളുടെ കുഫ്റ് ഫത്‌വ നോക്കി വിധി കല്പിക്കുകയില്ലല്ലോ."

ബീഹാരി ഇതൊന്നും ശ്രദ്ധിക്കാതെ, തന്റെ ഈമാൻ കാര്യത്തിൽ ഒന്നാമത്തേതായ 'കാഫിറാക്കൽ' പരിപാടി തുടർന്നുകൊണ്ടിരുന്നു.

"കുഫ്റ് ചെയ്യുന്ന പലരേയും കാഫിറാക്കാത്തതാണ് നിങ്ങൾക്കൊക്കെ പറ്റിയ അബദ്ധം. യഥാർത്ഥ മുഅ്മിനീങ്ങളെ പലരും കാഫിറാക്കുകയും ചെയ്യുന്നു. ഗുരുനാനാക്ക് ഖുർആനിലും നബി(സ)യിലും വിശ്വസിച്ചിരുന്ന വ്യക്തിയായിരുന്നു. പക്ഷേ, പല മുസ്‌ലിംകളും അദ്ദേഹത്തെ കാഫിറായാണ് കാണുന്നത്."

അഹ്മദി സഹോദരന്റെ കണ്ണുകൾ വിടർന്നു. ലോകത്ത് അധികമാരും മനസ്സിലാക്കിയിട്ടില്ലാത്ത ഒരു വസ്തുത, ഗുരുനാനാക്ക് ഒരു മുസ്‌ലിം വലിയ്യാണെന്ന സംഗതി, ശക്തമായ തെളിവുകളോടെ ഒരു സിദ്ധാന്തമാക്കി അവതരിപ്പിച്ചത് ഹദ്റത്ത് അഹ്മദ്(അ) ആയിരുന്നു. ആ സിദ്ധാന്തം, ഹദ്റത്ത് അഹ്മദ്(അ)നെയും അഹ്മദികളേയും കാഫിറാക്കുന്ന ഒരു വ്യക്തി തന്റെ വാക്കുകളിലൂടെ അവതരിപ്പിച്ചതു കേട്ടപ്പോൾ, താൻ അഹ്മദിയാണെന്നു വെളിപ്പെടുത്താൻ സമയമായെന്നു മനസ്സിലായി.

നിങ്ങൾ പറഞ്ഞതത്വം അഹ്മദുൽ ഖാദിയാനി പറഞ്ഞതാണെന്നും ഞാനുമൊരു അഹ്മദിയാണെന്നും ബീഹാരിയോടു പറഞ്ഞപ്പോൾ, അത്തഹിയ്യാത്തിൽ വുളു മുറിഞ്ഞപോലെ 'സ്വല്പം ജോലിയുണ്ടെന്ന്' പറഞ്ഞ് ബീഹാരിഭായി ധൃതിയിൽ സ്ഥലം വിട്ടു. ●

*അനുസ്മരണം*

# ജനാബ് സി. അബൂബക്കർ സാഹിബ്



ചേലക്കര ജമാഅത്തിലെ ജനാബ് സി. അബൂബക്കർ സാഹിബ്(79) 30.3.07 വെള്ളിയാഴ്ച പ്രഭാതത്തിൽ പരലോക പ്രാപ്തനായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

മഞ്ചേരിക്കടുത്തുള്ള പത്തപ്പിരിയത്തെ ഒരു പ്രമുഖ കുടുംബമായ ചെറുകാട് തറവാട്ടിലെ അംഗമായിരുന്നു പരേതൻ. 1950 മുതൽ പത്തപ്പിരിയത്ത് അഹ്മദിയ്യാ പ്രസ്ഥാനം സജീവ ചർച്ചാവിഷയമാകുകയും അതേതുടർന്ന് ഈ കുടുംബവുമായി ബന്ധമുള്ള ജനാബ് സി.കെ. അലവി സാഹിബും മറ്റുചില വ്യക്തികളും അഹ്മദിയ്യത്ത് സ്വീകരിക്കുകയും ചെയ്ത 1955 കാലത്താണ് സി. അബൂബക്കർ സാഹിബ് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത്. അഹ്മദിയ്യത്ത് സ്വീകരിച്ചതിനെ തുടർന്നുണ്ടായ എതിർപ്പുകളും പരീക്ഷണങ്ങളും അദ്ദേഹം ക്ഷമാപൂർവ്വം തരണം ചെയ്തു. പത്തപ്പിരിയം പള്ളി നില്ക്കുന്ന സ്ഥലവും ഖബർസ്ഥാനും അദ്ദേഹത്തിന്റെ സ്ഥലമായിരുന്നു. അത് ജമാഅത്തിന് സൗജന്യമായി നല്കാൻ അദ്ദേഹം തയ്യാറായിരുന്നുവെങ്കിലും ചില സഹോദരന്മാരുടെ ആഗ്രഹപ്രകാരം ചെറിയ ഒരു തുക കൈപറ്റുക മാത്രമാണ് അദ്ദേഹം ചെയ്തത്.

കാഴ്ചശക്തി തീരെയില്ലായിരുന്നുവെങ്കിലും ആത്മീയമായ ഉൾക്കാഴ്ച ഏറെയുള്ള ആളായിരുന്നു പരേതൻ. ജമാഅത്തിൽ പ്രവേശിച്ചതിനുശേഷം രോഗശയ്യയിലാകുന്നതുവരെ എല്ലാ സംസ്ഥാന സമ്മേളനങ്ങളിലും മകന്റെ കൈപിടിച്ച് പങ്കെടുത്തിരുന്നു. ഖിലാഫത്തിനോടും നിസാമിനോടും വളരെയധികം ആദരവും ബഹുമാനവുമായിരുന്നു പരേതന്. 1991-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പരിശുദ്ധഖാദിയാനിൽ എത്തിയപ്പോൾ യാത്രാക്ലേശങ്ങളെ തൃണവൽഗണിച്ച് പരേതനും ഖാദിയാനിൽ എത്തി. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. ആതിഥ്യമര്യാദയും സൽപെരുമാറ്റവും ഉത്സാഹഭരിതമായ സ്നേഹസല്ലാപവും അദ്ദേഹത്തിന്റെ മുഖമുദ്രകളായിരുന്നു. ദീർഘകാലം പത്തപ്പിരിയം ജമാഅത്തിൽ അദ്ദേഹം പ്രവർത്തകസമിതി അംഗമായിരുന്നു. 1982 മുതൽ ചേലക്കരയിലേക്ക് താമസം മാറ്റി. ചേലക്കര ജമാഅത്തിന്റെ സ്ഥാപകനായ മർഹൂം ഹസ്സൻകുട്ടി മൗലവിയുടെ മകൾ സൈനബാ സാഹിബയാണ് സഹധർമ്മിണി. മക്കൾ: സി. ഖദീജ, സി. നാസർ അഹ്മദ് (ഖാഇദ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, ചേലക്കര) മരുമക്കൾ: കെ. പി. ബശീർ അഹ്മദ് സാഹിബ്, എം. സൈഫുന്നിസ. ജനാസ ചേലക്കര ഖബർസ്ഥാനിൽ മറയടക്കപ്പെട്ടു. അല്ലാഹു പരേതാത്മാവിന് ജന്നത്തും മഗ്ഫിറത്തും നൽകുമാറാകട്ടെ.

*- മൗലവി ടി.എം. മുഹമ്മദ്, മുബല്ലിഗ്*

---

**31-ാം പേജിൽ നിന്ന്**

കൾക്ക് ആയുസ്സ് കുറവുതന്നെ. അവയ്ക്ക് ജീവിതകാല പരിധിയുമുണ്ട്. പുരാതന ഈജിപ്തുകാർ കണ്ടുപിടിച്ച് ഈജിപ്തിൽ വളരുന്ന ഒരുതരം ചെടിയാണ് പാപ്പിറസ്. ആ ചെടിയുടെ തണ്ട് ചതച്ചാണ് ഈജിപ്തുകാർ ആദ്യമായി പേപ്പർ നിർമ്മിച്ചത്. കടലാസ്സ് രേഖകൾ, കാലത്തെ അതിജീവിക്കാനാവാതെ നാശത്തെ നേരിടുമ്പോൾ അവയിൽ രേഖപ്പെടുത്തപ്പെട്ടതോ അച്ചടിച്ചതോ ആയ സന്ദേശങ്ങളിലെ ആശയവും വിജ്ഞാനവും ആണ് മനുഷ്യഹൃദയങ്ങളിൽ അനശ്വരത നേടുന്നത്. ഉദാഹരണം പരിശുദ്ധഖുർആൻ തന്നെ. പുരാതനകാലത്ത് പകർത്തിയെഴുത്തിന് സാക്ഷ്യം വഹിച്ച ഖുർആൻ പില്ക്കാലത്ത് കടലാസ് താളുകളിൽ അച്ചടിക്കപ്പെട്ടു. ഈ ആധുനികകാലത്തും ആ അവസ്ഥതന്നെ തുടരുന്നു. കാലപ്പഴക്കത്താൽ ഖുർആന്റെ സന്ദേശം രേഖപ്പെടുത്തപ്പെട്ട കടലാസ് നാശത്തെ അഭിമുഖീകരിച്ച് ജീർണ്ണത തേടുമ്പോൾ അതിലെ ആശയമോ.....? ഉള്ളടക്കമോ.....? മഹത്തായ അതിലെ ഉള്ളടക്കമാണ് ഖുർആന്റെ ആത്മാവ്. പരിശുദ്ധഖുർആന്റെ ആ ആത്മാവ് അന്ത്യകാലംവരെ അനശ്വരഭാവത്തോടെ നിലനില്ക്കുമെന്നതിൽ സംശയമുണ്ടോ.....?

1928-ലേയും 1938-ലേയും ജീർണ്ണിച്ച് അവശനിലയിലായ ഈ സത്യദൂതൻ താളുകൾക്ക് സാരമായ പരിക്കേല്ക്കാതെ വായനക്കാർക്കായി അവയിൽ ചില പേജുകൾ കോപ്പിയെടുക്കാൻ എനിക്ക് ഏറെ ശ്രദ്ധയും ശ്രമവും വേണ്ടിവന്നു. ഇനി എത്ര നാൾ കൂടി ഈ പുസ്തകങ്ങൾ ഇതേ രൂപത്തിൽ ജീവിച്ചിരിക്കുമെന്ന് പറയാനാവില്ല, അത്രകണ്ട് അവശനിലയിലാണ് ഇന്നവ. ഈ പുരാതന പുസ്തകരേഖകളെ എങ്ങനെ സംരക്ഷിക്കാം എവിടെ സൂക്ഷിക്കാം എന്ന പദ്ധതിയെക്കുറിച്ച് ഗൗരവമായി ആലോചിച്ചുകൊണ്ട് ഞാൻ ഈ ലേഖനം ഇവിടെ അവസാനിപ്പിക്കുന്നു.

●